## അല്ലാഹുവിന്റെ വചനം

وَاَمَّا الَّذِيْنَ اٰمَنُوْا
وَعَمِلُوا الصّٰلِحٰتِ
فَيُوَفِّيْهِمْ اُجُوْرَهُمْ ؕ
وَاللّٰهُ لَا يُحِبُّ الظّٰلِمِيْنَ۝

‘വിശ്വസിക്കുകയും സൽക്കർമങ്ങളനുഷ്ഠിക്കുകയും ചെയ്തവരാകട്ടെ, അവർക്ക് അവൻ അവരുടെ പ്രതിഫലങ്ങൾ പൂർണമായും നല്കുന്നതാണ്. അല്ലാഹു അധർമികളെ ഇഷ്ടപ്പെടുന്നില്ല.’ (3:58)


بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ نَحْمَدُهٗ وَنُصَلِّيْ عَلٰى رَسُوْلِهِ الْكَرِيْمِ وَعَلٰى عَبْدِهِ الْمَسِيْحِ الْمَوْعُوْد

وَلَقَدْ نَصَرَكُمُ اللّٰهُ بِبَدْرٍ وَّاَنْتُمْ اَذِلَّةٌ

വാല്യം 4

വാർഷിക വരിസംഖ്യ 500 രൂപ

# ബദർ

വീക്കിലി ഖാദിയാൻ

Weekly BADAR Qadian Malayalam

ലക്കം 14

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2018 ഏപ്രിൽ 04/ഹി:ശം:1398 തബ്ലീഗ് 04/ഹി:ഖ:1440 റജബ് 27


## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

# വിജയം നിലകൊള്ളുന്നത് സ്ഥിരനിശ്ചയത്തിലാണ്. അല്ലാഹുവിനെ തിരിച്ചറിയുകയും ഏതെങ്കിലും പരീക്ഷണമോ ഭൂകമ്പമോ പരീക്ഷയോ വന്നാൽ ഭയപ്പെടാതിരിക്കുകയും ചെയ്യുക എന്നതാണത്. തീർച്ചയായും ഇതിന്റെ ഫലം പ്രവാചകന്മാരെപോലെ ഭാഷണാമൃതംകൊണ്ട് അനുഗൃഹീതനാകുക എന്നാകുന്നു.

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

**“വല്ലദീന ജാഹദൂ ഫീനാ ലനഹ്ദിയന്നഹും സുബുലനാ**(29:70) നമ്മുടെ വഴിയിൽ കഠിനാധ്വാനം ചെയ്യുന്നവൻ(മുജാഹിദ്) മാർഗം പ്രാപിക്കുന്നതായിരിക്കും. ഇതിന്റെ അർഥം, ഈ വഴിയിൽ പ്രവാചകനുമായി ചേർന്ന് കഠിനാധ്വാനം ചെയ്യേണ്ടിവരുമെന്നാണ്. ഒന്നുരണ്ടു മണിക്കൂറിനുശേഷം ഓടിപ്പോകുക എന്നത് മുജാഹിദിന്റെ പണിയല്ല. പ്രത്യുത ജീവൻ നല്കാൻ തയ്യാറായിരിക്കുക എന്നതാണ് അവന്റെ ജോലി. അതിനാൽ മുത്തഖിയുടെ അടയാളം ഇസ്തിഖാമത്ത് അഥവാ സ്ഥിരനിശ്ചയമാണ്. **ഇന്നല്ലദീന ഖാലൂ റബ്ബുനല്ലാഹു ഥുമ്മസ്തഖാമൂ** എന്നു പറഞ്ഞിരിക്കുന്നതുപോലെ!(41:31) അതായത് അല്ലാഹുവാണ് നമ്മുടെ റബ്ബെന്ന് പറയുകയും സ്ഥിരനിശ്ചയം കാണിക്കുകയും എല്ലാ ഭാഗത്തുനിന്നും മുഖംതിരിച്ച് അല്ലാഹുവിനെ തിരയുകയും ചെയ്തവൻ. ഇതിന്റെ ഉദ്ദേശ്യം വിജയം നിലകൊള്ളുന്നത് സ്ഥിരനിശ്ചയത്തിലാണെന്നാണ്. അല്ലാഹുവിനെ തിരിച്ചറിയുകയും ഏതെങ്കിലും പരീക്ഷണമോ ഭൂകമ്പമോ പരീക്ഷയോ ഉണ്ടായാൽ ഭയപ്പെടാതിരിക്കുകയും ചെയ്യുക എന്നതാണത്. തീർച്ചയായും ഇതിന്റെ ഫലം പ്രവാചകന്മാരെപോലെ ഭാഷണാമൃതംകൊണ്ട് അനുഗൃഹീതനാകുക എന്നാകുന്നു.

**വലിയ്യ് ആയിത്തീരുന്നതിന് പരീക്ഷണം നിർബന്ധമാണ്.**

ധാരാളമാളുകൾ ഇവിടെ വരാറുണ്ട്. ഊത്തുകൊണ്ട് അർശിൽ എത്തണമെന്നും ദൈവപ്രാപ്തരിൽ ചേരണമെന്നുമാണ് അവർ ആഗ്രഹിക്കുന്നത്. അത്തരമാളുകൾ പരിഹസിക്കുകയാണ് ചെയ്യുന്നത്. അവർ പ്രവാചകന്മാരുടെ അവസ്ഥകൾ നോക്കേണ്ടതാണ്. ഏതോ ഒരു വലിയുടെ അടുത്തു ചെല്ലുകയും ക്ഷണത്തിൽ നൂറുക്കണക്കിന് വലിയ്യുമാരുണ്ടായി എന്നു പറയുകയും ചെയ്യുന്നത് വഞ്ചനയാണ്. അല്ലാഹു ഇങ്ങനെയാണ് പറയുന്നത്. **അഹസിബന്നാസു അൻയ്യുത്റക്കൂ അൻയ്യഖൂലൂ ആമന്നാ വഹും ലാ യുഫ്തനൂൻ** (29:3) മനുഷ്യൻ പരീക്ഷിക്കപ്പെടാത്തിടത്തോളം പരീക്ഷയിൽ ഇടപ്പെടാത്തിടത്തോളം എങ്ങനെ വലിയ്യ് ആകാനാണ്?

ഒരു മജ്ലിസിൽ ബാ യസീദ്(റഹ്) ഉപദേശപ്രസംഗം നടത്തുകയായിരുന്നു. അവിടെ ഒരു തങ്ങളുടെ മകനുമുണ്ടായിരുന്നു. അയാളുടെ പൂർവപരമ്പര തങ്ങന്മാരുടേതായിരുന്നു. ബാ യസീദിനോട് ഉള്ളിൽ അയാൾക്ക് പകയുണ്ടായിരുന്നു. പഴയ കുടുംബങ്ങളെ ഉപേക്ഷിച്ച് മറ്റാരെയെങ്കിലും എടുക്കുക എന്നത് അല്ലാഹുവിന്റെ പ്രത്യേകതയാണ്; ബനീ ഇസ്റായീലിനെ ഉപേക്ഷിച്ച് ബനീ ഇസ്മായീലിനെ എടുത്തതുപോലെ! കാരണം അവർ ഭൗതിക കാര്യങ്ങളിൽപെട്ട് അല്ലാഹുവിനെ മറന്നവരായിത്തീർന്നു. **വ തിൽക്കൽ അയ്യാമു നു ദാവിലുഹാ ബയ്നന്നാസി**(3:141) ഇങ്ങനെയുള്ള നാളുകൾ നാം ജനങ്ങൾക്കിടയിൽ മാറ്റിമാറ്റിക്കൊണ്ടിരിക്കും. ആ തങ്ങളുടെ മകൻ വിചാരിച്ചു ഇയാൾ ഒരു നിസാരകുടുംബത്തിൽപ്പെട്ടവനാണ്. ഈ ‘വിരുതൻ’ എവിടെ നിന്നാണ് വന്നത്. ആളുകൾ അയാളിലേക്ക് കുനിയുന്നു, നമ്മളിലേക്ക് വരുന്നതുമില്ല. ഇക്കാര്യങ്ങൾ അല്ലാഹു ഹദ്റത്ത് ബായസീദിന് വെളിപ്പെടുത്തിക്കൊടുത്തു. അദ്ദേഹം കഥാരൂപത്തിൽ ഇങ്ങനെ വിവരിക്കാൻ തുടങ്ങി. ഒരിടത്ത് മജ്ലിസിൽ രാത്രിനേരത്ത് ഒരു വിളക്കിൽ വെള്ളവുമായി ചേർന്ന എണ്ണ കത്തിക്കൊണ്ടിരിക്കുകയായിരുന്നു. എണ്ണയും വെള്ളവും തമ്മിൽ സംവാദമുണ്ടായി. വെള്ളം എണ്ണയോടു പറഞ്ഞു: നീ അഴുക്കുള്ളതും അശുദ്ധവുമാണ്. അഴുക്കായിട്ടും നീ എന്റെമീതെ കിടക്കുന്നു; ഞാനൊരു ശുദ്ധമായ വസ്തുവാണ്. ശുദ്ധി വരുത്താൻ വേണ്ടി ഞാൻ ഉപയോഗിക്കപ്പെടുന്നു; പക്ഷേ, താഴെയാണ് എന്റെ സ്ഥാനം! ഇതിന്റെ കാരണമെന്താണ്? എണ്ണ പറഞ്ഞു: ‘എത്രത്തോളം കെടുതികൾ ഞാൻ അനുഭവിച്ചുവോ അത് നീ എവിടെയാണ് അനുഭവിച്ചിട്ടുള്ളത്? അക്കാരണത്താലാണ് എനിക്ക് ഈ ഭാഗ്യമുണ്ടായത്. ഒരു കാലമുണ്ടായിരുന്നു; ഞാൻ വിതയ്ക്കപ്പെട്ടു. മണ്ണിനടിയിൽ മറഞ്ഞിരുന്നു. അങ്ങനെ ഈ സാധുവായി. പിന്നീട് ദൈവേച്ഛയാൽ വളർന്നു. പൂർണവളർച്ച എത്തിയില്ല, അതിനുമുമ്പേ മുറിക്കപ്പെട്ടു. പിന്നീട് പലരീതിയിലുള്ള ബുദ്ധിമുട്ടുകൾക്കു ശേഷം ശുദ്ധീകരിക്കപ്പെട്ടു. ചക്കിൽ ആട്ടപ്പെട്ടു. പിന്നീട് എണ്ണയായി. തീ കൊളുത്തപ്പെട്ടു. ഈ ബുദ്ധിമുട്ടുകൾക്കുശേഷവും ഉയർച്ച കരസ്ഥമാക്കണ്ടെന്നാണോ?

ഇതൊരു ഉദാഹരണമാണ്. അല്ലാഹുവിന്റെ ആളുകൾ കഷ്ടതകൾക്കും പ്രയാസങ്ങൾക്കും ശേഷമാണ് പദവികൾ പ്രാപിക്കുന്നത്. ഇന്നയാൾ ഇന്നയാളുടെ അടുത്തുപോയി മുജാഹദയും(ആത്മാവിനോടുള്ള പോരാട്ടവും) തദ്ക്കിയ്യത്തും(ആത്മശുദ്ധീകരണവും) കൂടാതെ ഒറ്റനിമിഷംകൊണ്ട് സിദ്ദീഖുമാരിൽ പ്രവേശിച്ചുവെന്നുള്ളത് ജനങ്ങളുടെ പാഴ്വിചാരമാണ്. വിശുദ്ധഖുർആൻ നോക്കുക. നബിമാരെപ്പോലെ നിങ്ങളിൽ കഷ്ടതകളും ഭൂകമ്പങ്ങളും വരാത്തിടത്തോളം എങ്ങനെ നിങ്ങളിൽ അല്ലാഹു സംതൃപ്തനാവാനാണ്. അവരാണെങ്കിൽ അങ്ങേയറ്റം പൊറുതിമുട്ടി ഇങ്ങനെ പോലും പറഞ്ഞു പോയി: **ഹത്താ യഖൂലർറസൂലൂ വല്ലദീന ആമനൂ മഅഹൂ മത്താ നസ്റുല്ലാഹി അലാ ഇന്ന നസ്റല്ലാഹി ഖരീബ്** (2:215). അല്ലാഹുവിന്റെ ദാസർ എപ്പോഴും ബലാകളിൽ ഇടപെട്ടു. പിന്നീട് അല്ലാഹു അവരെ സ്വീകരിച്ചു.

സ്വൂഫികൾ അഭിവൃദ്ധികൾക്ക് രണ്ടുവഴി എഴുതിയിരിക്കുന്നു. ഒന്ന് സുലൂക്. രണ്ട് ജദബ്. ആരാണോ സ്വയം ബുദ്ധിപൂർവം ചിന്തിച്ച് അല്ലാഹുവിന്റേയും റസൂലിന്റേയും വഴി സ്വീകരിക്കുന്നത്- **ഖുൽ ഇൻകുൻതും തുഹിബ്ബൂനല്ലാഹ ഫത്തബിഊനി യുഹ്ബിബ്ക്കുമുല്ലാഹ്**(3:32) എന്ന് പറഞ്ഞതുപോലെ; നിങ്ങൾ അല്ലാഹുവിന്റെ പ്രിയപ്പെട്ടവരാകാനാഗ്രഹിക്കുന്നെങ്കിൽ നബി(സ)തിരുമേനിയെ പിൻപറ്റുക. അദ്ദേഹം സമ്പൂർണമാർഗദർശകനാണ്; അദ്ദേഹം തന്നെയാണ് റസൂലും. അദ്ദേഹം പ്രയാസങ്ങൾ സഹിച്ചു. അദ്ദേഹത്തിന് സമാനമായത് ലോകത്തിലില്ല. അദ്ദേഹം ഒരു ദിവസം പോലും സുഖം അനുഭവിച്ചില്ല. യഥാർഥമായി ഇപ്പോൾ പിൻപറ്റുന്നവരും, തങ്ങൾ പിൻപറ്റുന്ന ആളുടെ എല്ലാ വാക്കിനേയും പ്രവൃത്തിയേയും കഠിനപ്രയത്നത്തോടെ പൂർണമായും പിൻപറ്റുന്നവരായിരിക്കണം. എല്ലാ രീതിയിലും പിൻപറ്റുന്നവനായിരിക്കും അനുധാവനം ചെയ്യുന്നവൻ. അലസനേയും കഠിനഹൃദയനേയും അല്ലാഹു ഇഷ്ടപ്പെടുന്നില്ല. എന്നല്ല അവൻ അല്ലാഹുവിന്റെ കോപത്തിൽ വരുന്നതായിരിക്കും. ഇവിടെ അല്ലാഹു നബി(സ)തിരുമേനിയെ പിൻപറ്റാൻ കല്പിച്ചിരിക്കുന്നു. അപ്പോൾ സാലിക്കി(ദൈവമാർഗത്തിൽ പ്രയാണം ചെയ്യുന്നവൻ)ന്റെ ജോലി ഒന്നാമതായി നബി(സ)തിരുമേനിയുടെ മുഴുവൻ ചരിത്രവും നോക്കുകയും എന്നിട്ട് പിൻപറ്റുകയും ചെയ്യുക എന്നാണ്. അതിന്റെ പേരാണ് സുലൂക്. ഈ വഴിയിൽ ധാരാളം കഷ്ടപ്പാടുകളും പ്രയാസങ്ങളുമുണ്ടാകുന്നു. അതെല്ലാം സഹിച്ചതിനുശേഷമാണ് മനുഷ്യൻ സാലിക് ആകുന്നത്.

(ശേഷം പേജ് 8ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# വിശുദ്ധഖുർആൻ:- സമഗ്രമായി സംരക്ഷിക്കപ്പെട്ടതാണോ?

ഫർഹാൻ ഇഖ്ബാൽ, കനഡ
വിവർത്തനം:കെ. വി. ഹസ്സൻകോയ, കോഴിക്കോട്

(ഇമാം ഫർഹാൻ ഇഖ്ബാൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിലെ ഒരു മുബല്ലിഗാണ്. ഇസ്‌ലാമിക ദൈവശാസ്ത്രത്തിലും മതതാരതമ്യപഠനത്തിലും ജൂലൈ 2010ൽ ജാമിഅ അഹ്മദിയ്യാ, കനഡ (അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിലെ മുബല്ലിഗുമാർക്കുള്ള മതപരിശീലന പാഠശാല)യിൽനിന്ന് ബിരുദം നേടിയിട്ടുണ്ട്. കനഡയിലെ വാഗനിലെ ബയ്ത്തുൽ ഇസ്‌ലാം മസ്ജിദിൽ ഇമാമായി 5 വർഷം സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഇപ്പോൾ അദ്ദേഹം കനഡയിലെ ഒട്ടാവയിലെ ബയ്ത്തുന്നസ്വീർ മസ്ജിദിൽ ഇമാമായി സേവനമനുഷ്ഠിക്കുന്നു. ഇമാം ഫർഹാൻ ജമാഅത്തിനെ പ്രതിനിധാനം ചെയ്ത് പലനിലയിലും മത പരിപാടികളിൽ പങ്കെടുത്തിട്ടുണ്ട്. മതപരമായ കാര്യങ്ങളെക്കുറിച്ചുള്ള റേഡിയോ പ്രോഗ്രാമുകളിലും പങ്കെടുക്കുകയും ദി കൺവിക്ഷൻ പ്രോജക്ടിൽ സഹാതിഥേയനായിട്ടുമുണ്ട്. മുസ്‌ലിം ടെലിവിഷൻ അഹ് മദിയ്യാ ചാനലിൽ ലൈവ് റെക്കോർഡ് ചെയ്ത പല പരിപാടികളും നടത്തിയിട്ടുണ്ട്. രണ്ട് ഗ്രന്ഥങ്ങളുടെ സഹഗ്രന്ഥകർത്താവാണ്. അവ ഇവയാണ്: 1. With Love to Muhammad(sa), The seal of the Prophets and understanding of Islam. 2. Dispatching Myths about Jihad, Oppression and Violence in Islam)

ഇന്ന് ലഭ്യമായിട്ടുള്ള പുരാതനമായ വേദഗ്രന്ഥങ്ങളിൽ പണ്ഡിതന്മാർ സാക്ഷ്യപ്പെടുത്തുന്നത് പുതിയ നിമയത്തെയാണ്. അതിന്റെ അർഥമെന്തെന്നാൽ പുരാതനകാലം മുതൽ വേറൊരു ഗ്രന്ഥത്തിനുമില്ലാത്തത്ര കൈയെഴുത്തുപ്രതികൾ അതിനുണ്ടെന്നതാണ്. ആയിരത്തിൽപരം കൈയെഴുത്തുപ്രതികളുണ്ട്. അത് ഭാഗികമായും പൂർണമായുമുണ്ട്. അവയെഴുതപ്പെട്ട മൂലഭാഷയായ ഗ്രീക്കിലും പരിഭാഷ എന്ന നിലയ്ക്ക് ലാറ്റിൻ, എത്യോപിക്, സ്ലാവിക്, അർമീനിയൻ ഭാഷകളിലുമുണ്ട്. ഒരു ഉയർന്ന 'പുതിയനിയമ' പണ്ഡിതനായ ഡോക്ടർ ബ്രൂസ് മെറ്റ്സറർ, അഭിമാനത്തോടെ പറയുന്നത് 'പുതിയനിയമ'ത്തിന്റെ അടുത്തുനില്ക്കുന്ന കൈയെഴുത്തുപ്രതികളിൽ കൂടുതലുള്ളത് ഹോമറുടെ ഇല്യാസാണ് എന്നാകുന്നു. അതിന് 650-ൽ കുറയാത്ത കൈയെഴുത്തുപ്രതികളുണ്ട്. എന്നിരിക്കിലും, പുരാതന ടെക്സ്റ്റുകളുടെ സംരക്ഷണത്തിന്റെ കാര്യത്തിൽ പണ്ഡിതന്മാർ ചൂണ്ടിക്കാണിക്കുന്നത് ഈ കൈയെഴുത്തുപ്രതികൾ തമ്മിലുള്ള വ്യത്യാസത്തിന്റെ കാര്യമാണ്. പക്ഷേ, ഇവയിൽ ഏതാണ് മൂലരൂപത്തിലുള്ളതെന്ന് മനസ്സിലാക്കാൻ കഴിയില്ലെന്നത് നിസ്സംശയമാണ്.

താരതമ്യേന നിർമലമായ രീതിയിൽ 1400 വർഷമായി സുരക്ഷിതമാക്കപ്പെട്ട ഏക പുരാതനഗ്രന്ഥം- വിശുദ്ധഖുർആനാണ്. ഈ യാഥാർഥ്യം തെളിവുകൾ മുഖേന ഉറപ്പിച്ചുപറയാൻ കഴിയും. മുഹമ്മദുനബി(സ)യുടെ കാലം മുതൽ വിശുദ്ധഖുർആൻ മൂലരൂപത്തിൽ വെളിപാടായി ഇറക്കപ്പെട്ടതെങ്ങനെയാണെന്നും സുരക്ഷിതമാക്കപ്പെട്ടതെങ്ങനെയാണെന്നും പരിശോധിച്ചാൽ മതി. വിശുദ്ധഖുർആൻ സമഗ്രമായ നിലയിൽ സുരക്ഷിതമാക്കപ്പെട്ടിട്ടുള്ളതാണെന്ന മുസ്‌ലിംകളുടെ അവകാശവാദത്തിനെതിരിൽ ഇസ്‌ലാമിന്റെ വിമർശകർ നിരവധി ആക്ഷേപങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇക്കാലത്ത് ഈ സംവാദം കൂടുതൽ ചൂടുപിടിച്ചിട്ടുണ്ട്. കാരണം ബൈബിൾപോലെയുള്ള മറ്റു വിശുദ്ധഗ്രന്ഥങ്ങൾ രണ്ടുമൂന്ന് നൂറ്റാണ്ടായി കൂടുതൽ പരിശോധനക്ക് വിധേയമാക്കപ്പെട്ടിരിക്കുന്നു എന്നതാണ്. ഉദാഹരണമായി ആരോപിക്കപ്പെടുന്നത് വിശുദ്ധഖുർആന് വ്യത്യസ്ത പരിഭാഷകളുണ്ടെന്നതാണ്. മുഹമ്മദുനബി(സ)യുടെ മൂന്നാം ഖലീഫയായിരുന്ന ഹദ്റത്ത് ഉഥ്മാൻ(റ)ന്റെ കാലത്ത് ഔദ്യോഗികമായ ഒന്നിന് അനുകൂലമായി അദ്ദേഹം ബാക്കി കൈയെഴുത്തുപ്രതികളെല്ലാം അഗ്നിക്കിരയാക്കിയതിന്റെ പ്രേരണയെന്തായിരുന്നു എന്ന സംശയങ്ങളാണ് പ്രകടിപ്പിക്കപ്പെട്ടിട്ടുള്ളത്. ഇതിന്റെ വെളിച്ചത്തിൽ വെളിച്ചത്തിൽ വിശുദ്ധഖുർആൻ സുരക്ഷിതമായി സൂക്ഷിക്കാൻ എന്തെല്ലാം രീതികളാണ് ഉപയോഗിക്കപ്പെട്ടതെന്ന് മനസ്സിലാക്കുന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്.

### വിശുദ്ധഖുർആൻ സംരക്ഷണത്തിനുള്ള മാർഗങ്ങൾ:-

വിശുദ്ധഖുർആൻ വെളിപാടായി ഇറങ്ങിയതിന്റെ തുടക്കത്തിൽത്തന്നെ അത് നൂറുശതമാനം കൃത്യതയോടെ രേഖപ്പെടുത്തിയിട്ടുണ്ടെന്നു ഉറപ്പുവരുത്താൻ ശ്രദ്ധിച്ചിട്ടുണ്ട്.

ദൈവം സ്വയംതന്നെ ഒരു പ്രവചനമെന്ന നിലയിൽ ഒരു വാഗ്ദാനം നൽകിയിട്ടുണ്ട്; അതായത് വിശുദ്ധഖുർആന്റെ വെളിപാട് ഒരുവിധത്തിലുള്ള മാലിന്യവും കൂടാതെ അവൻ സംരക്ഷിക്കുമെന്ന്. അല്ലാഹു പറയുന്നു:

*'തീർച്ചയായും നാമാണ് ഈ സ്മരണികയെ ഇറക്കിയത്. തീർച്ചയായും നാം തന്നെയായിരിക്കും അതിന്റെ സംരക്ഷകൻ.'* (വിശുദ്ധഖുർആൻ 15:10)

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ രണ്ടാം ഖലീഫ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) തന്റെ വിശുദ്ധഖുർആൻ വ്യാഖ്യാനമായ തഫ്സീർ കബീറിൽ മേൽസൂക്തത്തിന് വ്യാഖ്യാനം നൽകിക്കൊണ്ട് കുറിച്ചത് വിശുദ്ധഖുർആൻ സുരക്ഷിതമാക്കപ്പെട്ടത് ഒരു യാദൃശ്ചികതയല്ലെന്നാണ്. യഥാർഥത്തിൽ ഇതിന്റെ സുരക്ഷിതത്ത്വം സൂചിപ്പിക്കപ്പെട്ടിട്ടുള്ളത് അൽകിതാബ്, ഖുർആൻ എന്നീ വാക്കുകളിലാണ്. ഇത് അർഥമാക്കുന്നത് അത് രണ്ടുമാർഗങ്ങളിൽ സുരക്ഷിതമാക്കപ്പെട്ടുവെന്നാണ്. ഒന്ന്, തുടക്കത്തിൽത്തന്നെ അത് എഴുതിയെടുക്കപ്പെട്ടിട്ടുണ്ടായിരുന്നു. രണ്ട് അതിന്റെ ആദ്യത്തെ വെളിപാടു മുതൽ അത് ഹൃദിസ്ഥമാക്കപ്പെട്ടിട്ടുണ്ടായിരുന്നു. ഇതുകൂടാതെ വിശുദ്ധഖുർആന്റെ സംരക്ഷണത്തിനുള്ള പല ഘടകങ്ങളും അദ്ദേഹം കുറിക്കുന്നു:

1. വിശുദ്ധഖുർആൻ ആദ്യാവസാനം ഹൃദിസ്ഥമാക്കുന്ന ജനങ്ങൾ ഉണ്ടായിരിക്കുമെന്ന് അല്ലാഹു ഉറപ്പുവരുത്തി.
2. വിശുദ്ധഖുർആന്റെ ഭാഷ വളരെ ലളിതവും ആകർഷണീയവുമാണ്. വിഷമമില്ലാതെ ഏതൊരാൾക്കും ഭാഗികമായോ പൂർണമായോ ഹൃദിസ്ഥമാക്കാൻ സാധിക്കുന്നു.
3.നമസ്കാരത്തിൽ വിശുദ്ധഖുർആന്റെ പാരായണം നിർബന്ധമാക്കി. അത് സുരക്ഷിതമാകാൻ സഹായകമായി.
4. അല്ലാഹു ജനങ്ങളുടെ ഹൃദയങ്ങളിൽ സ്നേഹം സൃഷ്ടിച്ചു. അതുകൊണ്ട് അവർ പതിവായി വിശുദ്ധഖുർആൻ പാരായണം ചെയ്തു.
5. വിശുദ്ധഖുർആൻ അതിന്റെ വെളിപാടിനുശേഷം ലോകം മുഴുവൻ വ്യാപിക്കുമെന്ന് ദൈവം ഉറപ്പുവരുത്തി. അതുമുഖേന ഏതെങ്കിലും ഗ്രൂപ്പിനോ ഗവർമ്മെന്റിനോ അതു മാറ്റാനോ ഭേദഗതി വരുത്താനോ അസാധ്യമായി.
6. ഇസ്‌ലാമികലോകത്ത്, സർവ്വകലാശാലാ രംഗങ്ങളിലുള്ള പഠനം പരമ്പരാഗതമായി വിശുദ്ധഖുർആനെ അടിസ്ഥാനപ്പെടുത്തി ആയിരുന്നു. വ്യത്യസ്ത പഠനരംഗങ്ങളുമായി ബന്ധപ്പെട്ട എല്ലാവിധ ഗ്രന്ഥങ്ങളിലും വിശുദ്ധഖുർആൻ ഉദ്ധരിക്കേണ്ടതുണ്ടായിരുന്നു. ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ)പറയുന്നത്, ഈ ഗ്രന്ഥങ്ങളിലെല്ലാം ഉദ്ധരിക്കപ്പെട്ട ഖുർആൻ സൂക്തങ്ങൾ ശേഖരിച്ചു ക്രോഡീകരിക്കുകയാണെങ്കിൽ ആ പരാമർശങ്ങളിൽനിന്നുതന്നെ മുഴുവൻ ഖുർആനും ക്രോഡീകരിക്കാൻ സാധിക്കുമെന്നാണ്.
7. അക്കാദമിക രൂപത്തിലുള്ള അറബി ഒരിക്കലും മാറിയിട്ടില്ല. അതുകൊണ്ട് ഇന്നും അത് എളുപ്പത്തിൽ മനസ്സിലാക്കാൻ സാധിക്കും. അത് വിശുദ്ധഖുർആന്റെ മൂലഭാഷ സംരക്ഷിക്കാൻ സഹായിച്ചു. അത് സ്വയമേവ വിശുദ്ധഖുർആൻ സംരക്ഷണത്തെ പിന്തുണച്ചു.
8. മുജദ്ദിദീൻ (മത പരിഷ്ക്കർത്താക്കൾ) മുഖേനയും മറ്റും തിരഞ്ഞെടുക്കപ്പെട്ടവർ മുഖേനയും പുതിയ വെളിപാടിറങ്ങിക്കൊണ്ട് ദൈവം വിശുദ്ധഖുർആനെ സംരക്ഷിച്ചു.

8-ാമത്തെ പോയിന്റിനു കൂട്ടിച്ചേർത്തുകൊണ്ട് ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് കുറിക്കുന്നത് മതമില്ലായ്മ അതിന്റെ ഉച്ചകോടിയിലെത്തിയ ഇക്കാലത്ത് അല്ലാഹു വാഗ്ദത്ത മസീഹിനെ അയച്ചുകൊണ്ട് തെറ്റായ വ്യാഖ്യാനങ്ങളിൽനിന്ന് വിശുദ്ധഖുർആനെ ശുദ്ധീകരിക്കുകയും ഏറ്റവും പരിശുദ്ധമായ വിധത്തിൽ അത് ലോകത്തിനു മുന്നിൽ അവതരിപ്പിക്കുകയും ( ശേഷം പേജ് 11ൽ)

## ഹദീസുന്നബ്‌വി(സ)

**നബി(സ)തിരുമേനി പറഞ്ഞു: "ആരുടെയെങ്കിലും ദൗർബല്യം കാണുകയും അത് മറച്ചുവെക്കുകയും ചെയ്യുന്നത് ഏതെങ്കിലും പെൺകുട്ടിയെ ജീവനോടെ കുഴിച്ചുമൂടുന്നതിൽനിന്ന് പുറത്തെടുക്കുകയും അവൾക്ക് ജീവിതം നൽകുകയും ചെയ്തതുപോലെയാണ്. (സുനൻ അബീദാവൂദ്)**

**ത്വാലിബെ ദുആ:**
**(Late)T.K.Rabiya's Family**
**Ahmadiyya Jama-ath Karulai, Kerala.**

## അല്ലാഹുവിന്റെ കലാം

***"അല്ലാഹുവല്ലാതെ നിങ്ങൾക്ക് ഒരു രക്ഷാധികാരിയോ സഹായിയോ ഇല്ലതന്നെ."(2:108)***

**ത്വാലിബെ ദുആ**
**M.P.Haneef Ahmad**
**Ameer Ahmadiyya Jama-ath Koodali, Kerala.**

## കലാമുൽ ഇമാം:-

**'വ്യാപാരമോ ക്രയവിക്രയമോ സമ്പാദ്യമോ അല്ലാഹുവിനെ സ്മരിക്കുന്നതിൽ നിന്ന് അവരെ തടയുകയില്ല' എന്ന് അല്ലാഹു പറഞ്ഞവരാണ് നിങ്ങളുടെ മാതൃക. (മൽഫൂദാത്ത്, വാള്യം 5, പേജ് 104)**

**ത്വാലിബെ ദുആ:**
**C. Shameem Ahmad**
**Ahmadiyya jama-ath Calicut, Kerala.**

## ഖുത്ബ ജുമുഅ

**“യാ! റസൂലല്ലാഹ്! എനിക്കുള്ളതെല്ലാം അങ്ങയുടേതാണ്. അല്ലാഹുവാണ! താങ്കൾ എന്തൊന്ന് എന്നിൽനിന്ന് സ്വീകരിച്ചാലും അതെനിക്ക് എന്റെ കൈയിലുള്ളതിനെക്കാൾ കൂടുതൽ സന്തോഷം പകരുന്നതാണ്.”**

**ആത്മാർഥതയുടേയും കൂറിന്റേയും ആൾരൂപങ്ങളായ നബി(സ)തിരുമേനിയുടെ ബദ്റിൽ പങ്കെടുത്ത സ്വഹാബിമാർ**
ഹദ്റത്ത് ഖാലിദ് ബിൻ ഖയ്സ്, ഹദ്റത്ത് ഹാരിഥ് ബിൻ ഖസമ, ഹദ്റത്ത് ഖുനയ്സ് ബിൻ ഹുദാഫ, ഹദ്റത്ത് ഹരിഥ ബിൻ നുഅ്മാൻ, ഹദ്റത്ത് ബശീർ ബിൻ സഅ്ദ്, (റളിയല്ലാഹുഅൻഹും) തുടങ്ങിയവരുടെ അനുഗൃഹീത ജീവചരിത്ര വിവരണം.

വിശുദ്ധ ഖുർആന്റെ അധ്യാപനങ്ങളനുസരിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ ഉപദേശങ്ങളുടെ വെളിച്ചത്തിൽ
**‘ഹിബയും വിറാഥത്തും’ തമ്മിലുള്ള വ്യത്യാസത്തിന്റേയും അതിന്റെ യുക്തിയുടേയും വിവരണം.**
ഈ കല്പന ചെറിയ ചെറിയ വസ്തുക്കളെ സംബന്ധിച്ചല്ല. പ്രത്യുത വലിയ വലിയ വസ്തുക്കളെ സംബന്ധിച്ചാണ്.
അതിൽ പക്ഷപാതത്തോടെ പെരുമാറുമ്പോൾ പരസ്പരം വെറുപ്പും വൈരാഗ്യവും ഉണ്ടാകാൻ സാധ്യതയുണ്ട്.
വസ്വിയ്യത്തും ഹിബയും മക്കൾക്കുവേണ്ടിയുള്ളതല്ല, പ്രത്യുത ദീനിനുള്ളതാണ്, അത് അനുവദനീയമാണ്.

ഥഖീഫ ബനുസാഅദായിൽ നടന്ന ഹദ്റത്ത് അബൂബക്കറിന്റെ ഖിലാഫത്ത് തിരഞ്ഞെടുപ്പ് സംഭവത്തിന്റെ ഹ്രസ്വവിവരണം.
ഈ എല്ലാ നടപടികളിൽനിന്ന് മനസ്സിലാകുന്നത് അൻസ്വാറും മുഹാജിറുമെല്ലാം
ഇസ്‌ലാമിന്റെ ഗുണത്തിനുവേണ്ടിയാണ് ചിന്തിച്ചിരുന്നതെന്നാണ്.

**ബംഗ്ലാദേശിൽ അഹ്ദികളുടെ വീടുകൾക്കും കടകൾക്കും നേരെ എതിരാളികളുടെ ആക്രമണം: ദുആയ്ക്ക് ആഹ്വാനം.**

സിദ്ദീഖ ബീഗം സാഹിബയുടെ വഫാത്തും അനുസ്മരണവും ജനാസ ഗാഇബ് നമസ്കാരവും.

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്‌രിൽ അസീസ്**

**ഖുത്ബ 2018 ഫെബ്രുവരി 15/1398 തബ്‌ലീഗ് 15**
**മസ്ജിദ് ബയ്ത്തുൽ ഫുത്തൂഹ് ലണ്ടൻ**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ- الرَّحْمٰنِ الرَّحِيْمِ- مٰلِكِ يَوْمِ الدِّيْنِ- اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ-
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ- صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ-

ഇന്ന് ഞാൻ ആദ്യമായി വിവരിക്കുന്നത് സ്വഹാബി ഹദ്റത്ത് ഖാലിദ് ബിൻ ഖയ്സ്(റ)നെ കുറിച്ചാണ്. അദ്ദേഹത്തിന്റെ ബന്ധം ഖസ്റജ് ഗോത്രത്തിന്റെ ശാഖയായ ബനൂ ബയാളയുമായാണ്. ഖയ്സ് ബിൻ മാലിക്കാണ് അദ്ദേഹത്തിന്റെ പിതാവ്; മാതാവ് സൽമാ ബിൻത് ഹാരിഥ. അദ്ദേഹത്തിന്റെ ഭാര്യ ഉമ്മു റബീഅ് ആയിരുന്നു. അതിൽ ഒരു മകനുണ്ടായിരുന്നു, അബ്ദുർറഹ്മാൻ. ഇബ്നു ഇസ്ഹാഖിന്റെ അഭിപ്രായത്തിൽ അദ്ദേഹം അഖ്ബ ബയ്അത്തിൽ പങ്കെടുത്ത 70 അൻസ്വാറുകളിൽപെടുന്നു. അദ്ദേഹം ബദ്ർ, ഉഹുദ് യുദ്ധത്തിൽ പങ്കെടുത്തിരുന്നു. (അത്ത്വബക്കാത്തുൽ കുബ്റാ വാല്യം 3, പേജ് 449-450, ഖാലിദ് ബിൻ ഖയ്സ്(റ), പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

രണ്ടാമത്തെ സ്വഹാബിയുടെ പേര് ഹദ്റത്ത് ഹാരിഥ് ബിൻ ഖസമ എന്നാണ്. ഇദ്ദേഹം അൻസ്വാരി ആയിരുന്നു. ഇദ്ദേഹത്തിന്റെ സംജ്ഞാനാമം അബൂ ബിശ്ർ എന്നായിരുന്നു. അദ്ദേഹത്തിന്റെ ബന്ധം ഖസ്റജ് ഗോത്രവുമായാണ്. അദ്ദേഹം ബനൂ അബ്ദുൽ അശ്ഹലിന്റെ സഖ്യകക്ഷിയായിരുന്നു. ഹാരിഥ് ബിൻ ഖസമ ബദ്ർ, ഉഹുദ്, ഖൻദഖ് എന്നീ എല്ലാ യുദ്ധങ്ങളിലും അദ്ദേഹം നബി(സ)തിരുമേനിയോടൊപ്പം പങ്കെടുത്തിരുന്നു. നബി(സ)തിരുമേനി ഹദ്റത്ത് ഹാരിഥ ബിൻ ഖസമയേയും ഹദ്റത്ത് ഇയാസ് ബിൻ ബക്കീറിനേയും സഹോദരന്മാരാക്കി. തബൂക് യുദ്ധാവസരത്തിൽ നബി(സ)തിരുമേനിയുടെ ഒട്ടകത്തെ കാണാതായി. അപ്പോൾ തന്റെ ഒട്ടകം എവിടെപ്പോയെന്നു പോലും അറിയാത്ത മുഹമ്മദിന് എങ്ങനെയാണ് ആകാശത്തിലെ വിവരങ്ങൾ അറിയാൻ കഴിയുക എന്നു പറഞ്ഞ് കപടവിശ്വാസികൾ നബി(സ) തിരുമേനിയുടെ മേൽ ആക്ഷേപം ഉന്നയിക്കാൻ തുടങ്ങി. നബി(സ)തിരുമേനി ഈ വിവരം അറിഞ്ഞപ്പോൾ ‘അല്ലാഹു തന്നെ അറിയിക്കുന്ന കാര്യങ്ങൾ മാത്രമേ തനിക്ക് അറിയുകയുള്ളൂ എന്ന് അവിടന്ന് മറുപടി നല്കി. പിന്നീട് പറഞ്ഞു: ഇപ്പോൾ അല്ലാഹു ഒട്ടകത്തെ കുറിച്ച് എനിക്ക് അറിവ് നല്കിയിരിക്കുന്നു. അത് താഴ്വരയുടെ ഇന്ന മലയിടുക്കിലുണ്ട്. ഇതിനെക്കുറിച്ച് മുമ്പേ ഒരു സ്വഹാബിയെ പറ്റി പറഞ്ഞപ്പോൾ പരാമർശിച്ചു കഴിഞ്ഞിട്ടുള്ളതാണ്. അങ്ങനെ നബി(സ)തിരുമേനി പറഞ്ഞ സ്ഥലത്ത് ചെന്ന് ഒട്ടകത്തെ കണ്ടെത്തി കൊണ്ടുവന്നത് ഹദ്റത്ത് ഹാരിഥ ബിൻ ഖസമയായിരുന്നു. അദ്ദേഹം ഹിജ്റ 40 ന് ഹദ്റത്ത് അലി(റ)ന്റെ ഖിലാഫത്ത് കാലഘട്ടത്തിൽ 67-ാം വയസ്സിൽ മദീനയിൽ വഫാത്തായി.(ഉസുദുൽ ഗാബ, വാല്യം 1, പേജ് 602-603, അൽഹാരിഥ് ബിൻ ഖസമ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003). (ഇസ്വാബ, വാല്യം 1, പേജ് 666, അൽഹാരിഥ് ബിൻ ഖസമ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത്)

അടുത്ത സ്വഹാബിയുടെ പേര് ഹദ്റത്ത് ഖുനയ്സ് ബിൻ ഹുദാഫ എന്നാണ്. അദ്ദേഹത്തിന്റെ സംജ്ഞാനാമം അബൂ ഹുദാഫ എന്നായിരുന്നു. ഹദ്റത്ത് ഖുനയ്സിന്റെ മാതാവിന്റെ പേര് ളഈഫ ബിൻത് ഹിദ്‌യം എന്നായിരുന്നു. അവരുടെ ബന്ധം ഖബീല ബനീ സഹ്മ് ബിൻ അംറുമായിട്ടായിരുന്നു. നബി(സ)തിരുമേനി ദാറു അർഖമിൽ പോകുന്നതിനു മുമ്പേ അദ്ദേഹം ഇസ്‌ലാം സ്വീകരിച്ചിരുന്നു. ഹദ്റത്ത് ഖുനയ്സ്, ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഹുദാഫായുടെ സഹോദരനായിരുന്നു. രണ്ടാമതായി ഹബ്ശയിലേയ്ക്ക് ഹിജ്റത്ത് ചെയ്ത മുസ്‌ലിംകളിൽ അദ്ദേഹവും ഉൾപ്പെടുന്നു. ആദ്യം ഹിജ്റത്ത് ചെയ്തവരിലാണ് ഹദ്റത്ത് ഖുനയ്സ് എണ്ണപ്പെടുന്നത്. മദീനയിൽ ഹിജ്റത്ത് ചെയ്തതിനു ശേഷം അദ്ദേഹം ഹദ്റത്ത് രിഫാഅ ബിൻ അബ്ദുൽ മുൻദിറിന്റെ അടുത്ത് താമസിച്ചു. നബി(സ)തിരുമേനി ഹദ്റത്ത് ഖുനയ്സിനേയും ഹദ്റത്ത് അബൂ അബസ് ബിൻ ജബ്റിനേയും സഹോദരന്മാരാക്കി. ഹദ്റത്ത് ഖുനയ്സ് ബദ്ർ യുദ്ധത്തിൽ പങ്കെടുത്തിരുന്നു. ഉമ്മുൽ മുഅ്മിനീൻ ഹദ്റത്ത് ഹഫ്സ്വയെ നബി(സ)തിരുമേനി വിവാഹം കഴിക്കുന്നതിനുമുമ്പേ, ഹദ്റത്ത് ഖുനയ്സാണ് വിവാഹം ചെയ്തിരുന്നത്.(അത്ത്വബക്കാത്തുൽ കുബ്റാ വാല്യം 3, പേജ് 300, ഖുനയ്സ് ബിൻ ഹുദാഫ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990). (ഉസുദുൽ ഗാബ, വാല്യം 2, പേജ് 188, ഖുനയ്സ് ബിൻ ഹുദാഫ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003).

സീറത്തു ഖാത്തമുന്നബിയ്യീനിൽ ഇതിന്റെ വിശദീകരണം ഇങ്ങനെ എഴുതിയിരിക്കുന്നു: ഹദ്റത്ത് ഉമർ ബിൻ ഖത്ത്വാബിന് ഹഫ്സ്വ എന്നു പേരുള്ള ഒരു മകളുണ്ടായിരുന്നു. അവരുടെ ഭർത്താവ് ഖുനയ്സ് ബിൻ ഹുദാഫയായിരുന്നു. അദ്ദേഹം ആത്മാർഥനായ ഒരു സ്വഹാബിയായിരുന്നു. ബദ്ർ യുദ്ധത്തിൽ പങ്കെടുത്തു മദീനയിൽ തിരിച്ചെത്തിയപ്പോൾ രോഗം ബാധിച്ചു. അതിൽ അദ്ദേഹം വഫാത്തായി. ഹദ്റത്ത് ഉമറിന് മകളുടെ രണ്ടാം വിവാഹം നടത്തുന്നതിൽ വലിയ ചിന്തയായിരുന്നു. അപ്പോൾ ഹദ്റത്ത് ഹഫ്സ്വയുടെ പ്രായം ഇരുപതിലധികമായിരുന്നു. കുറച്ചു കാലത്തിനുശേഷം ഹദ്റത്ത് ഉമർ(റ) തന്റെ ലളിതപ്രകൃയിൽ നേരിട്ട് ഉഥ്മാൻ ബിൻ അഫ്ഫാനെ കണ്ട് തന്റെ മകൾ വിധവയാണെന്നും ഇഷ്ടപ്പെടുന്നെങ്കിൽ വിവാഹം കഴിക്കണമെന്നും പറഞ്ഞു. എന്നാൽ, ഹദ്റത്ത് ഉഥ്മാൻ തയ്യാറായില്ല. അതിനുശേഷം ഹദ്റത്ത് ഉമർ(റ) ഹദ്റത്ത് അബൂബക്കറിനോടു വിവാഹകാര്യം പറഞ്ഞു. ഹദ്റത്ത് അബൂബക്കർ(റ) മൗനംപാലിച്ചു. ഒരു മറുപടിയും പറഞ്ഞില്ല. അപ്പോൾ ഹദ്റത്ത് ഉമർ വളരെ ദുഃഖിതനായി. ആ ദുഃഖത്തോടെ അദ്ദേഹം നബി(സ) തിരുമേനിയുടെ അടുത്തുവന്ന് സംഭവങ്ങളെല്ലാം വിവരിച്ചു. നബി(സ)തിരുമേനി പറഞ്ഞു: ഉമറേ! വ്യാകുലനാവേണ്ട! അല്ലാഹുവിന് സമ്മതമാണെങ്കിൽ ഉഥ്മാനെക്കാളും അബൂബക്കറിനെക്കാളും നല്ല ഭർത്താവ് അവൾക്ക് കിട്ടുന്നതായിരിക്കും. ഉഥ്മാന് ഹഫ്സ്വയെക്കാൾ നല്ല ഭാര്യയേയും കിട്ടുന്നതായിരിക്കും. ഇത് നബി(സ) തിരുമേനി പറഞ്ഞത് അവിടന്ന് ഹഫ്സ്വയെ വിവാഹം കഴിക്കാനും തന്റെ മകൾ ഉമ്മുകുൽസൂമിനെ ഹദ്റത്ത് ഉഥ്മാന് വിവാഹം ചെയ്തുകൊടുക്കാനും തീരുമാനിച്ചിരുന്നു. ഈ വിവരം ഹദ്റത്ത് ഉഥ്മാനും ഹദ്റത്ത് അബൂബക്കറിനും അറിയാമായിരുന്നു.

അതുകൊണ്ടാണ് അവർ മടിച്ചത്. അതിന് കുറച്ചു കാലം കഴിഞ്ഞപ്പോൾ നബി(സ)തിരുമേനി തന്റെ മകളെ ഉഥ്മാന് വിവാഹം ചെയ്തുകൊടുത്തു. പിന്നീട് സ്വയം ഉമറിന്റെ മകൾ ഹഫ്സ്വയ്ക്ക് അവിടന്ന് വിവാഹസന്ദേശമയച്ചു. ഹദ്റത്ത് ഉമറിന് അതിനേക്കാൾ വലുത് മറ്റെന്തായിരുന്നു വേണ്ടിയിരുന്നത്. അദ്ദേഹം സന്തോഷത്തോടെ ആ ബന്ധം സ്വീകരിച്ചു. ഹിജറ 3 ശഅ്ബാൻ മാസത്തിൽ ഹദ്റത്ത് ഹഫ്സ്വ, നബി(സ) തിരുമേനിയുടെ നിക്കാഹിൽ വന്നു. നബിയുടെ ഭാര്യമാരിൽ ഉൾപ്പെട്ടു.

ഈ ബന്ധം നടന്നുകഴിഞ്ഞപ്പോൾ ഹദ്റത്ത് അബൂബക്കർ, ഉമറിനോടു പറഞ്ഞു: താങ്കൾക്ക് എന്നിൽനിന്ന് എന്തെങ്കിലും ദുഃഖമുണ്ടായിട്ടുണ്ടാകാം. ഈ വിവരം എനിക്ക് നേരത്തെ അറിയാമായിരുന്നതുകൊണ്ടാണ് നബിയുടെ അനുവാദമില്ലാതെ ഇക്കാര്യം അങ്ങയോടു പറയാതിരുന്നത്. അതുകൊണ്ടാണ് ഞാൻ അത് മറച്ചുവച്ചത്. നബി(സ) തിരുമേനിയ്ക്ക്, ഹഫ്സ്വയെ വിവാഹം കഴിക്കാൻ തീരുമാനമില്ലായിരുന്നെങ്കിൽ ഞാൻ തീർച്ചയായും ഹഫ്സ്വയെ വിവാഹം കഴിക്കുമായിരുന്നു.

ഹദ്റത്ത് ഹഫ്സ്വയെ നബി(സ) തിരുമേനി വിവാഹം കഴിക്കാനുള്ള ഒരു ഉദ്ദേശ്യം അവർ ഉമറിന്റെ മകളായിരുന്നുവെന്നതാണ്. ഹദ്റത്ത് അബൂബക്കറിനുശേഷം സ്വഹാബാക്കളിൽ ഏറ്റവും ശ്രേഷ്ഠനായി അദ്ദേഹമാണ് കരുതപ്പെട്ടിരുന്നത്. അതുകൊണ്ട് തന്റെ ബന്ധം സുദൃഢമാക്കുന്നതിനും ഖുനയ്സ് ബിൻ ഹുദാഫയുടെ അകാലത്തിലുള്ള മരണത്തിന്റെ ദുഃഖം അകറ്റുന്നതിനും വേണ്ടിയാണ് നബി(സ)തിരുമേനി ഹഫ്സ്വയെ വിവാഹം കഴിക്കുന്നത് ഉചിതമാണെന്ന് കരുതിയത്. (സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദറത്ത് മിർസാ ബശീർ അഹ്മദ് എം.എ.(റ)പേജ് 477–478)

ഒരു നിവേദനമനുസരിച്ച് ഹദ്റത്ത് ഖുനയ്സ് ബിൻ ഹുദാഫായ്ക്ക് ഉഹുദ് യുദ്ധത്തിൽ കുറച്ചു പരിക്കേറ്റിരുന്നു. ആ മുറിവുകൾ കാരണത്താൽ അദ്ദേഹം മദീനയിൽ വഫാത്തായി. നബി(സ) ഹദ്റത്ത് ഖുനയ്സിന്റെ ജനാസ നമസ്കാരം നിർവഹിച്ചു. അദ്ദേഹത്തെ ജന്നത്തുൽ ബഖീയിൽ ഹദ്റത്ത് ഉഥ്മാൻ ബിൻ മള്ഊന്റെ സമീപത്ത് മറവു ചെയ്തു. (ഇസ്തീആബ് വാള്യം 2, പേജ് 452, ഖുനയ്സ് ബിൻ ഹുദാഫ, പ്രസാധകർ ദാറുൽജീൽ ബേറൂത്ത് 1992)(അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 300, ഖുനയ്സ് ബിൻ ഹുദാഫ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

ഇനി ഞാൻ വിവരിക്കുന്ന സ്വഹാബിയുടെ പേര് ഹദ്റത്ത് ഹാരിഥ ബിൻ നുഅ്മാൻ എന്നാണ്. അദ്ദേഹത്തിന്റെ സംജ്ഞാനാമം അബൂ അബ്ദുല്ലാഹ് എന്നാണ്. ഹദ്റത്ത് ഹാരിഥ ബിൻ നുഅ്മാൻ അൻസ്വാരി സഹാബിയാണ്. ഖദ്റജ് ഗോത്രത്തിന്റെ ശാഖയായ ബനു നജ്ജാറുമായാണ് അദ്ദേഹത്തിന്റെ ബന്ധം. ബദ്ർ, ഉഹുദ്, ഖൻദഖ് പോലുള്ള എല്ലാ യുദ്ധങ്ങളിലും നബി(സ)തിരുമേനിയോടൊപ്പം പങ്കെടുത്തു. ജലീലുൽഖദ്ർ(പ്രശസ്തരായ)സ്വഹാബികളിൽ അദ്ദേഹം ഗണിക്കപ്പെടുന്നു. ഹദ്റത്ത് ഹാരിഥയുടെ മാതാവിന്റെ പേര് ജഅ്ദ ബിൻത് ഉബയ്ദ് എന്നായിരുന്നു. ഹദ്റത്ത് ഹാരിഥ ബിൻ നുഅ്മാന്റെ മക്കളിൽ അബ്ദുല്ലാഹ്, അബ്ദുർറഹ്മാൻ, സൗദ, ഉംറഃ, ഉമ്മുഹിശാം എന്നിവർ പെടുന്നു. ഈ കുട്ടികളുടെ മാതാവിന്റെ പേര് ഉമ്മു ഖാലിദ് എന്നായിരുന്നു. അദ്ദേഹത്തിന്റെ മറ്റു മക്കളിൽ ഉമ്മു കുൽസൂമിന്റെ മാതാവ് ബനൂ അബ്ദുല്ലാഹ് ബിൻ ഗത്വഫാനിൽപ്പെട്ടവരായിരുന്നു. അമത്തുല്ലായുടെ മാതാവ് ജുൻദുഅ് ഗോത്രത്തിൽപ്പെട്ടവരായിരുന്നു.

മറ്റൊരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹദ്റത്ത് ഇബ്നു അബ്ബാസ് നിവേദനം ചെയ്യുന്നു: 'ഹദ്റത്ത് ഹാരിഥ ബിൻ നുഅ്മാൻ നബി(സ)തിരുമേനിയുടെ സമീപത്തൂടെ കടന്നുപോയി. നബി(സ) തിരുമേനിയുടെ അടുത്ത് ഹദ്റത്ത് ജിബ്രീൽ ഇരിപ്പുണ്ടായിരുന്നു. അദ്ദേഹം വളരെ താഴ്ന്ന സ്വരത്തിൽ നബിയോട് സംസാരിക്കുകയായിരുന്നു.' ആദ്യം പറഞ്ഞ ഹദീഥ് വളരെ ഹ്രസ്വമായിരുന്നു. അതിങ്ങനെയായിരുന്നു. 'അദ്ദേഹം(റ) സലാം ചൊല്ലി. ജിബ്രീൽ വ അലയ്ക്കുമുസ്സലാം പറഞ്ഞു.' പക്ഷേ, വിശദമായിട്ടുള്ള ഹദീഥാണ് ഇപ്പറയുന്നത്. ഹദ്റത്ത് ഇബ്നു അബ്ബാസ്(റ)പറയുന്നു: 'ഹദ്റത്ത് ഹാരിഥ ബിൻ നുഅ്മാൻ നബി(സ)തിരുമേനിയുടെ സമീപത്തുടെ കടന്നുപോയി. നബി(സ) തിരുമേനിയുടെ അടുത്ത് ഹദ്റത്ത് ജിബ്രീൽ ഇരിപ്പുണ്ടായിരുന്നു. അദ്ദേഹം വളരെ താഴ്ന്ന സ്വരത്തിൽ നബിയോട് സംസാരിക്കുകയായിരുന്നു.' എന്നാൽ, ഹാരിഥ അദ്ദേഹത്തോട് സലാം പറഞ്ഞില്ല. അദ്ദേഹം എന്ത് കൊണ്ട് സലാം ചൊല്ലിയില്ല എന്ന് ജിബ്രീൽ നബിയോട് ചോദിച്ചു. പിന്നീട് നബി(സ)തിരുമേനി, 'താങ്കൾ എന്തുകൊണ്ട് സലാം ചൊല്ലിയില്ല' എന്ന് ഹാരിഥയോട് അന്വേഷിച്ചു. അദ്ദേഹം പറഞ്ഞു: 'ഞാൻ അങ്ങയുടെ അടുത്ത് ഒരു വ്യക്തിയെ കണ്ടു. അദ്ദേഹത്തോട് വളരെ പതുക്കെ അങ്ങ് സംസാരിക്കുകയായിരുന്നു. ആ സംഭാഷണത്തിന് ഭംഗം വരുത്തുന്നത് ഞാൻ ഇഷ്ടപ്പെട്ടില്ല.' നബി(സ)തിരുമേനി ചോദിച്ചു: 'എന്റെ സമീപത്തുണ്ടായിരുന്ന ആ വ്യക്തിയെ താങ്കൾ കണ്ടിരുന്നോ? അദ്ദേഹം പറഞ്ഞു: ഞാൻ കണ്ടിരുന്നു. അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: 'അത് ജിബ്രീലായിരുന്നു.' ജിബ്രീൽ പറഞ്ഞു, ആ വ്യക്തി സലാം പറഞ്ഞിരുന്നെങ്കിൽ ഞാനും അദ്ദേഹത്തിന് അതിന് മറുപടി നല്കുമായിരുന്നു.' തുടർന്ന് ജിബ്രീൽ പറഞ്ഞു: 'ഇദ്ദേഹം എൺപത് ആളുകളിൽ ഉൾപ്പെടുന്നു.' നബി(സ) തിരുമേനി പറഞ്ഞു: 'ഞാൻ ജിബ്രീലിനോട് ചോദിച്ചു: 'അതിന്റെ അർഥം എന്താണ്?' അപ്പോൾ ജിബ്രീൽ പറഞ്ഞു: 'ഖുനയ്ൻ യുദ്ധത്തിൽ അങ്ങയോടൊപ്പം ഉറച്ചുനിന്ന എൺപത് ആളുകളിൽ അദ്ദേഹം ഉൾപ്പെടുന്നു. സ്വർഗത്തിലെ അവരുടെ രിസ്ഖും അവരുടെ സന്താനങ്ങളുടെ രിസ്ഖും അല്ലാഹുവിന്റെ ഉത്തരവാദിത്വമാണ്.' അങ്ങനെ നബി(സ)തിരുമേനി ഹദ്റത്ത് ഹാരിഥയോട് ഇതെല്ലാം വിശദീകരിച്ചു.

ഹദ്റത്ത് ആഇശ(റ) വിവരിക്കുന്നു: നബി(സ) തിരുമേനി അദ്ദേഹത്തെ വളരെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്നു. അദ്ദേഹത്തെക്കുറിച്ച് ഇങ്ങനേയും നിവേദനമുണ്ട്. ഹദ്റത്ത് ആഇശ(റ)പറഞ്ഞു: തന്റെ മാതാവിനോടു വളരെ ഉത്തമമായ രീതിയിൽ അദ്ദേഹം പെരുമാറിയിരുന്നു. നബി(സ) തിരുമേനി പറഞ്ഞു: 'ഇത്തരം നന്മ നിങ്ങളെല്ലാവരും ചെയ്യേണ്ടതാണ്.'

ഹദ്റത്ത് ഹാരിഥ ബിൻ നുഅ്മാൻ(റ) ജീവിതാവസാനത്തിൽ അന്ധനായിപ്പോയി. കാഴ്ച നഷ്ടപ്പെട്ടു. അദ്ദേഹം ഒരു കയർ താൻ നമസ്കരിക്കുന്ന സ്ഥലത്തുനിന്ന് താൻ താമസിക്കുന്ന മുറി വരെ വലിച്ചുകെട്ടിയിരുന്നു. തന്റെയടുത്ത് ഒരു കുട്ട വെച്ചിരുന്നു. അതിൽ ഈന്തപ്പഴം ഉണ്ടാകുമായിരുന്നു. ഏതെങ്കിലും മിസ്ക്കീൻ അദ്ദേഹത്തിന്റെ അടുത്തുവന്നാൽ, യാചകൻ വന്നാൽ, സലാം ചൊല്ലിയാൽ, അദ്ദേഹത്തെ കാണാൻ വന്നാൽ, വന്നയാൾ ദരിദ്രനാണെന്ന് മനസ്സിലായാൽ തന്റെ നമസ്കാര സ്ഥലത്തുനിന്ന് കയർപിടിച്ച് മുറിവരെ എത്തി അവർക്ക് ഈന്തപ്പഴം കൊടുക്കുമായിരുന്നു. താങ്കൾക്ക് കണ്ണുകാണാത്തതുകൊണ്ട് തങ്ങൾ ആ സേവനം ചെയ്തുകൊള്ളാമെന്ന് അദ്ദേഹത്തിന്റെ വീട്ടുകാർ അദ്ദേഹത്തോടു പറയാറുണ്ടായിരുന്നു. എന്തിനാണ് ബുദ്ധിമുട്ടുന്നതെന്ന് അവർ ചോദിക്കുമായിരുന്നു. എന്നാൽ, അദ്ദേഹം പറയും: 'ഞാൻ നബി(സ) തിരുമേനിയിൽനിന്ന് കേട്ടിട്ടുണ്ട്. മിസ്ക്കീനെ സഹായിക്കുക എന്നത് മോശപ്പെട്ട മരണത്തിൽനിന്ന് രക്ഷിക്കുന്നതാണ്.' നിവേദനത്തിലുണ്ട്. ഹദ്റത്ത് ഹാരിഥ ബിൻ നുഅ്മാന്റെ വീടുകൾ, മദീനയിൽ നബി(സ) തിരുമേനിയുടെ വീടുകളോടു അടുത്തായിരുന്നു. അദ്ദേഹത്തിന് ഒരുപാട് വീടുകളുണ്ടായിരുന്നു. സ്വത്തുക്കൾ ഉണ്ടായിരുന്നു. ആവശ്യമനുസരിച്ച് ഹദ്റത്ത് ഹാരിഥ തന്റെ വീടുകൾ നബി(സ)തിരുമേനിക്ക് നല്കുമായിരുന്നു. (അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 371–372, ഹാരിഥ ബിൻ നുഅ്മാൻ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990). (ഉസുദുൽ ഗാബ, വാള്യം 1, പേജ് 655–656, ഹാരിഥ ബിൻ നുഅ്മാൻ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003).

അതായത് സ്ഥിരമായോ വിവാഹങ്ങൾ ഉണ്ടാകുമ്പോഴോ മറ്റെന്തെങ്കിലും ആവശ്യം വരുമ്പോഴോ, താമസിക്കാൻ ആവശ്യം വരുമ്പോൾ വീടുകൾ കൊടുക്കാറുണ്ടായിരുന്നു. എന്നല്ല സ്ഥിരമായും നല്കുമായിരുന്നു.

ഹദ്റത്ത് അലി(റ)യുടെ വിവാഹം ഹദ്റത്ത് ഫാത്വിമയുമായി നടന്നു. അപ്പോൾ നബി(സ)ഹദ്റത്ത് അലിയോടു പറഞ്ഞു: 'നിനക്കുവേണ്ടി പ്രത്യേകം വീട് അന്വേഷിക്കുക. ഹദ്റത്ത് അലി വീടന്വേഷിച്ചു. അവിടെ ഹദ്റത്ത് ഫാത്വിമയെ വിവാഹം കഴിച്ചുകൊണ്ടുപോയി. പിന്നീട് നബി(സ) തിരുമേനി ഹദ്റത്ത് ഫാത്വിമയോട് പറഞ്ഞു: 'ഞാൻ നിന്നെ എന്റെ അടുത്ത് വിളിക്കാനാഗ്രഹിക്കുകയാണ്. അതായത് എന്റെയടുത്ത് വീട് വാങ്ങുക. ഹദ്റത്ത് ഫാത്വിമ(റ), നബി(സ) തിരുമേനിയോടു അഭിപ്രായം പറഞ്ഞു: 'എങ്ങോട്ടെങ്കിലും മാറിത്താമസിച്ചിട്ട് തന്റെ വീട് ഞങ്ങൾക്ക് ഒഴിച്ചുതരാൻ അങ്ങ് ഹാരിഥ ബിൻ നുഅ്മാനോട് പറയുക.' നബി(സ)തിരുമേനി പറഞ്ഞു: 'ഹാരിഥ പലപ്രാവശ്യം നമുക്കുവേണ്ടി വീട് മാറിയിട്ടുണ്ട്. അദ്ദേഹത്തിന്റെ വീട് അടുത്താണ്. അദ്ദേഹം അടുത്തുള്ള വീട് നമുക്ക് നല്കി. ഇനിയും മാറാൻ പറയുന്നതിൽ ലജ്ജ തോന്നുന്നു. ഈ വിവരം ഹദ്റത്ത് ഹാരിഥ അറിഞ്ഞു. അദ്ദേഹം വീടു കാലിയാക്കി അവിടെനിന്ന് മറ്റൊരു സ്ഥലത്തേക്കു പോയി. നബി(സ)തിരുമേനിയുടെ അടുത്തുവന്ന് പറഞ്ഞു: യാ റസൂലല്ലാഹ്! അങ്ങ് ഹദ്റത്ത് ഫാത്വിമയെ അങ്ങയുടെ അടുത്തേക്ക് മാറ്റാനാഗ്രഹിക്കുന്നുവെന്ന് ഞാൻ അറിഞ്ഞു. ഇത് എന്റെ വീടാണ്. ബനൂ നജ്ജാറിന്റെ വീടുകളേക്കാൾ താങ്കളോടു ഏറ്റവും അടുത്തത് ഈ വീടാണ്. ഞാനും എന്റെ സ്വത്തും അല്ലാഹുവിനും റസൂലിനും വേണ്ടിയുള്ളതാണ്. യാ റസൂലല്ലാഹ്! എന്നിൽനിന്ന് എന്തു വേണമെങ്കിലും എടുത്തുകൊള്ളുക. താങ്കൾ എന്തൊന്ന് എന്നിൽനിന്ന് സ്വീകരിച്ചാലും അതെനിക്ക് എന്റെ കൈയിലുള്ളതിനെക്കാൾ കൂടുതൽ സന്തോഷം നല്കുന്നതാണ്. നബി(സ)തിരുമേനി അപ്പോൾ പറഞ്ഞു: താങ്കൾ സത്യമാണ് പറഞ്ഞത്. അല്ലാഹു താങ്കളിൽ ബർക്കത്ത് ഇറക്കുമാറാകട്ടെ. അങ്ങനെ നിബ(സ)തിരുമേനി ഹദ്റത്ത് ഫാത്വിമയെ ഹദ്റത്ത് ഹാരിഥയുടെ വീട്ടിൽ വിളിച്ചുവരുത്തി. (അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 8, പേജ് 18–19, ഫാത്വിമ ബിൻത് റസൂൽ(സ), പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

ഇതിന്റെ കുറച്ചു വിശദീകരണം സീറത്തു ഖാത്തമുന്നബിയ്യീനിൽ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) എഴുതിയിട്ടുണ്ട്. ഹദ്റത്ത് അലി(റ) അതുവരെ നബി(സ)തിരുമേനിയോടൊപ്പം മസ്ജിദിന്റെ ഏതോ മുറിയിലോ മറ്റോ ആണ് താമസിച്ചിരുന്നത്. എന്നാൽ, വിവാഹത്തിനുശേഷം ഭാര്യയ്ക്കും ഭർത്താവിനും താമസിക്കാൻ പ്രത്യേകമായ വീട് ആവശ്യമായി. ഹദ്റത്ത് അലിയോടു(റ), നബി(സ)തിരുമേനി പറഞ്ഞു: നിങ്ങൾക്ക് രണ്ടുപേർക്കും താമസിക്കാൻ താങ്കൾ ഏതെങ്കിലും വീട് തിരയുക. ഹദ്റത്ത് അലി(റ) താൽക്കാലികമായൊരു വീടിനുള്ള ഏർപാട് ചെയ്തു. അതിൽ ഹദ്റത്ത് ഫാത്വിമയെ കൂട്ടിക്കൊണ്ടുപോയി. ആ ദിവസം നബി(സ) തിരുമേനി അവരുടെ വീട്ടിൽപോയി. കുറച്ചു വെള്ളം വാങ്ങി അതിൽ ദുആ ചെയ്തു. പിന്നീട് ആ വെള്ളം ഹദ്റത്ത് ഫാത്വിമയുടേയും ഹദ്റത്ത് അലിയുടേയും മേൽ ഈ വാക്കുകൾ ചൊല്ലി കുടഞ്ഞു. *അല്ലാഹുമ്മ ബാരിക് ഫീഹിമാ വ ബാരിക് അലയ്ഹിമാ വ ബാരിക് ലഹുമാ നസ്ലഹുമാ.* എന്റെ

അല്ലാഹുവേ! നീ ഇവരുടെ ദാമ്പത്യബന്ധങ്ങളിൽ അനുഗ്രഹം ചെയ്താലും. മറ്റുള്ളവരോടുള്ള അവരുടെ ബന്ധങ്ങളിലും അനുഗ്രഹം ചൊരിഞ്ഞാലും. അവരുടെ സന്താനങ്ങളിലും ബർക്കത്ത് നല്കിയാലും. അതായത് വ്യക്തിപരമായ ബന്ധങ്ങളിലും കുടംബബന്ധങ്ങളിലും സാമൂഹികമായ ബന്ധങ്ങളിലും ബർക്കത്തിനുവേണ്ടി ദുആ ചെയ്തു. എന്നിട്ടു പറഞ്ഞു: അവരുടെ സന്താനങ്ങളിലും ബർക്കത്തു നല്കിയാലും. പിന്നീട് നവദമ്പതികളെ തനിച്ചുവിട്ട് അവിടന്ന് തിരിച്ചുവന്നു. അതിനുശേഷം ഒരു ദിവസം നബി(സ)തിരുമേനി ഹദ്റത്ത് ഫാത്വിമയുടെ വീട്ടിൽ പോയി. അപ്പോൾ ഹദ്റത്ത് ഫാത്വിമ(റ), നബി(സ) തിരുമേനിയോടു പറഞ്ഞു: 'ഹാരിഥ ബിൻ നുഅ്മാൻ അൻസ്വാരിയുടെ കൈയിൽ കുറച്ചു വീടുകളുണ്ട്. ഏതെങ്കിലും വീട് ഒഴിഞ്ഞുതരാൻ അങ്ങ് അദ്ദേഹത്തോടു പറഞ്ഞാലും.' അവിടന്ന് പറഞ്ഞു: 'എനിക്കുവേണ്ടി എത്രയോ വീടുകൾ അദ്ദേഹം ഒഴിഞ്ഞുതന്നു. ഇനി അദ്ദേഹത്തോടു പറയുന്നതിൽ എനിക്ക് ലജ്ജ തോന്നുന്നു.' ഹാരിഥ എങ്ങനെയോ ഈ വിവരം അറിഞ്ഞു. അദ്ദേഹം ഓടിവന്നു. നബി(സ) തിരുമേനിയോടു പറഞ്ഞു: 'യാ! റസൂലല്ലാഹ്! എനിക്കുള്ളതെല്ലാം അങ്ങയുടേതാണ്. അല്ലാഹുവാണ! താങ്കൾ എന്തൊന്ന് എന്നിൽനിന്ന് സ്വീകരിച്ചാലും അതെനിക്ക് എന്റെ കൈയിലുള്ളതിനെക്കാൾ കൂടുതൽ സന്തോഷം നല്കുന്നതാണ്. പിന്നീട് ആ ആത്മാർഥ സ്വഹാബി തന്റെ ഒരു വീട് ഒഴിവാക്കി നല്കി. ഹദ്റത്ത് അലിയും ഫാത്വിമയും അവിടെ വന്ന് താമസിച്ചു.' (സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദറത്ത് മിർസാ ബശീർ അഹ്മദ് എം.എ.(റ)പേജ് 456)

ഹദ്റത്ത് ആഇശ(റനിവേദനം: ഹുനയ്ൻ യുദ്ധ ദിവസം നബി(സ) തിരുമേനി സ്വഹാബത്തിനോടു പറഞ്ഞു: നിങ്ങളിലാരാണ് രാത്രിയിൽ കാവൽനില്ക്കാൻ തയ്യാറുള്ളത്? അപ്പോൾ ഹദ്റത്ത് ഹാരിഥ ബിൻ നുഅ്മാൻ മെല്ലെമെല്ല സമാധാനത്തോടെ എഴുന്നേറ്റു. (ഹദ്റത്ത് ഹാരിഥ തന്റെ ഒരു ജോലിയിലും ധിറുതി കാണിക്കാറുണ്ടായിരുന്നില്ല). അദ്ദേഹം ഇങ്ങനെ പതുക്കെ എഴുന്നേല്ക്കുന്നതു കണ്ടപ്പോൾ സ്വഹാബത്ത് നബി(സ)തിരുമേനിയോട് പറഞ്ഞു: 'ലജ്ജ ഹാരിഥയെ മോശമാക്കിയിരിക്കുന്നു.' ആ അവസരത്തിൽ വേഗം എഴുന്നേല്ക്കേണ്ടതായിരുന്നു. അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു:

"ലജ്ജ ഹാരിഥയെ മോശമാക്കിയിരിക്കുന്നുവെന്ന് പറയരുത്. മറിച്ച് ഹാരിഥയെ ലജ്ജ നന്നാക്കിയിരിക്കുന്നുവെന്ന് പറഞ്ഞാൽ അത് സത്യമായിരിക്കും." (അൽമുൻതഖീ മിൻ കിതാബി മക്കാരിമിൽ അഖ്ലാഖി ലിൽ ഖറാഇത്വി പേജ് 68, ബാബ് ഫളീലത്തുൽ ഹയാഇ, ഹദീഥ് 127, പ്രസാധകർ ദാറുൽ ഫിയ്റ് ഡമാസ്കസ് 1988)

ഹദ്റത്ത് ഹാരിഥ ബിൻ നുഅ്മാൻ(റ), ഹദ്റത്ത് അമീർ മുആവിയായുടെ കാലത്താണ് വഫാത്തായത്.(അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 372, ഹാരിഥ ബിൻ അന്നുഅ്മാൻ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

അടുത്ത സ്വഹാബി ഹദ്റത്ത് ബശീർ ബിൻ സഅ്ദ് ആണ്. അദ്ദേഹത്തിന്റെ സംജ്ഞാനാമം അബൂ നുഅ്മാൻ എന്നാണ്. സഅദ് ബിൻ ഥഅ്ലബ അദ്ദേഹത്തിന്റെ പിതാവായിരുന്നു. ഹദ്റത്ത് സിമാക് ബിൻ സഅ്ദിന്റെ സഹോദരനായിരുന്നു. ഖസ്റജ് ഗോത്രവുമായാണ് അദ്ദേഹത്തിന്റെ ബന്ധം. (ഇസ്തീആബ് വാള്യം 1, പേജ് 172, ബശീർ ബിൻ സഅ്ദ്,പ്രസാധകർ ദാറുൽജീൽ ബേറൂത്ത് 1992)

അദ്ദേഹത്തിന്റെ മാതാവിന്റെ പേര് ഉനയ്സ ബിൻത് ഖലീഫ എന്നായിരുന്നു. അദ്ദേഹത്തിന്റെ ഭാര്യയുടെ പേര് അംറഃ ബിൻത് റവാഹാ എന്നായിരുന്നു. ഹദ്റത്ത് ബശീർ ബിൻ സഅ്ദ് ജാഹിലിയ്യ കാലഘട്ടത്തിലും എഴുത്തും വായനയും അറിയുന്ന ആളായിരുന്നു. അറേബ്യയിൽ വളരെ കുറഞ്ഞ ആളുകൾ മാത്രം എഴുത്തും വായനയും അറിയുന്ന കാലഘട്ടമായിരുന്നുഅത്. അദ്ദേഹം രണ്ടാം അഖ്ബ ബയ്അത്തിൽ 70 അൻസ്വാറിനോടൊപ്പം പങ്കെടുത്തു. ബദ്ർ, ഉഹുദ്, ഖൻദഖ് തുടങ്ങി എല്ലാ യുദ്ധങ്ങളിലും നബി(സ)തിരുമേനിയോടൊപ്പം അദ്ദേഹം പങ്കെടുത്തു. നബി(സ)തിരുമേനി ഹിജറ 7 ശഅ്ബാൻ മാസം, ഹദ്റത്ത് ബശീർ ബിൻ സഅ്ദിന്റെ നേതൃത്വത്തിൽ മുപ്പത് പേർ അടങ്ങുന്ന ഒരു സൈന്യത്തെ ഫദക്കിൽ ബനീ മർറയുടെ ഭാഗത്തേയ്ക്ക് അയച്ചു. അവരിൽ പൊരിഞ്ഞ യുദ്ധവും നടന്നു. ഹദ്റത്ത് ബശീർ അങ്ങേയറ്റം ധീരതയോടെ പോരാടി. യുദ്ധം ചെയ്തുകൊണ്ടിരിക്കുമ്പോൾ അദ്ദേഹത്തിന്റെ കാലിന്റെ നെരിയാണിയിൽ വാളു കൊണ്ടു. അദ്ദേഹം ശഹീദായെന്ന് ധരിക്കപ്പെടുകയും ചെയ്തു. ശത്രുക്കൾ അദ്ദേഹത്തെ ഉപേക്ഷിച്ചുപോയി. മരിച്ചെന്ന് കരുതി ഉപേക്ഷിച്ചു പോയതാകാം. അദ്ദേഹത്തെ ഉപേക്ഷിച്ചു പോന്നു. വൈകുന്നേരം അദ്ദേഹത്തിന് ബോധം തെളിഞ്ഞപ്പോൾ അവിടെ നിന്ന് അദ്ദേഹം ഫദക്കിൽ വന്നു. ഫദക്കിൽ അദ്ദേഹം ഒരു യഹൂദിയുടെ വീട്ടിൽ കുറച്ചു ദിവസം താമസിച്ചു. പിന്നീട് മദീനയിൽ തിരിച്ചു വന്നു. ഇതുപോലെ ഹിജറ 7 ശവ്വാൽ മാസത്തിൽ നബി(സ) തിരുമേനി അദ്ദേഹത്തെ മുന്നൂറു പേരോടൊപ്പം യുംനിലേക്കും ജബാസിലേക്കും അയച്ചു. ഇത് ഫദക്കിന്റേയും അൽഖുറാ താഴ് വരയുടേയും ഇടയിലാണ്. അവിടെ ഗത്ഫാനിലെ കുറച്ചാളുകളും ഉയയ്നാ ബിൻ ഹിസ്ന് അൽ ഫസാരിയോടൊപ്പം ചേർന്ന് ഇസ്ലാമിനെതിരിൽ ഗൂഢനീക്കങ്ങൾ നടത്തുകയായിരുന്നു. ഹദ്റത്ത് ബശീർ അവരോട് യുദ്ധം ചെയ്ത് അവരെ ഛിന്നഭിന്നമാക്കി. മുസ്ലീംകൾ ചിലരെ വധിക്കുകയും ചെയ്തു. ഗനീമത്ത് മുതലോടുകൂടി തിരിച്ചു.(അത്ത്വബക്കാത്തുൽ കുബ്റാ വാള്യം 3, പേജ് 402–403, ബശീർ ബിൻ സഅ്ദ്, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

അവർ യുദ്ധത്തിനും നഷ്ടമുണ്ടാക്കുന്നതിനും വേണ്ടിയായിരുന്നു സംഘടിച്ചിരുന്നത്. അതുകൊണ്ടാണ് അവർക്കെതിരിൽ മുസ്ലിംകളുടെ സുരക്ഷയ്ക്കുവേണ്ടി ഈ നടപടി സ്വീകരിച്ചത്. സ്വത്ത് കൊള്ളയടിക്കുകയോ ആളുകളെ വധിക്കുകയോ ആയിരുന്നില്ല ഉദ്ദേശ്യം. കഴിഞ്ഞ ഖുത്ബയിലും ഞാൻ വിവരിച്ചതുപോലെ ഒരു തെറ്റായ രീതിയിലുള്ള ആക്രമണത്തെ, അതിന് അനുവദനീയമായ ഒരു കാര്യവും ഉണ്ടായിരുന്നില്ല, നബി(സ) തിരുമേനി സ്വഹാബത്തിനോടു എന്തിനാണ് നിങ്ങൾ യുദ്ധം ചെയ്തതെന്നു ചോദിച്ച് കഠിനമായ വെറുപ്പ് പ്രകടിപ്പിച്ചിരുന്നു.

ബശീർ ബിൻ സഅ്ദിനെക്കുറിച്ച് ഒരു നിവേദനമുണ്ട്. അദ്ദേഹത്തിന്റെ മകൻ ഹദ്റത്ത് നുഅ്മാൻ ബിൻ ബശീർ വിവരിക്കുന്നു. നുഅ്മാൻ ബിൻ ബശീർ എന്നായിരുന്നു അദ്ദേഹത്തിന്റെ പേര്; അദ്ദേഹത്തിന്റെ പിതാവ് അദ്ദേഹത്തെ നബി(സ) തിരുമേനിയുടെ അടുത്തുകൊണ്ടുവന്നു. പറഞ്ഞു: ഞാനെന്റെ ഈ മകന് എന്റെ ഒരു അടിമയെ നല്കി. നബി(സ) തിരുമേനി ചോദിച്ചു: താങ്കൾ എല്ലാ മക്കൾക്കും ഇതുപോലെ കൊടുത്തുവോ? അദ്ദേഹം പറഞ്ഞു: ഇല്ല. അപ്പോൾ നബി(സ) തിരുമേനി പറഞ്ഞു: എന്നാൽ അവനിൽനിന്ന് അത് തിരിച്ചുവാങ്ങുക. (സ്വീറത്തുൽ ബുഖാരി, കിതാബുൽ ഹിബ, ഹദീഥ്, 2586)

ഒരു നിവേദനത്തിൽ ഹദ്റത്ത് നുഅ്മാൻ ബിൻ ബശീർ പറയുന്നു: എന്റെ പിതാവ് എനിക്ക് അൽപം ധനം നല്കി. (അതും ബുഖാരിയിലെ നിവേദനമാണ്; ഇതും). അപ്പോൾ എന്റെ മാതാവ് അംറ ബിൻത് റവാഹ പറഞ്ഞു: ഇക്കാര്യത്തിൽ നബി(സ)തിരുമേനിയെ സാക്ഷിയാക്കാത്തിടത്തോളം ഞാൻ തൃപ്തിപ്പെടുകയില്ല. എനിക്ക് നല്കിയ പാരിതോഷികത്തിന് നബി(സ)തിരുമേനിയെ സാക്ഷി നിറുത്തുന്നതിന് എന്റെ പിതാവ് നബി(സ) തിരുമേനിയുടെ അടുക്കൽ ചെന്നു. നബി(സ) തിരുമേനി പറഞ്ഞു: 'നീ എല്ലാ മക്കൾക്കും ഇത്തരത്തിൽ നല്കിയോ?' അദ്ദേഹം പറഞ്ഞു, 'ഇല്ല.' അവിടന്ന് പറഞ്ഞു: 'അല്ലാഹുവിന്റെ തഖ്വ സ്വയത്തമാക്കുക. തന്റെ സന്താനങ്ങളോട് നീതിപൂർവ്വം വർത്തിക്കുക. പിന്നെ എന്റെ പിതാവ് എന്റെ അടുത്തുവന്ന് ആ പാരിതോഷികം തിരികെ വാങ്ങി.(സ്വഹീഹുൽ ബുഖാരി, കിതാബുൽഹിബ, ബാബ് അൽഅശ്ഹാദു ഫിൽഹിബ ഹദീഥ് 2587).

സ്വഹീഹ് മുസ്ലിമിൽ വന്നിട്ടുള്ള നിവേദനത്തിൽ നബി(സ)തിരുമേനി പറഞ്ഞു: 'എന്നെ സാക്ഷി ആക്കരുത്, കാരണം ഞാൻ അക്രമത്തിന് സാക്ഷി പറയുന്നതല്ല.' (സ്വഹീഹ് മുസ്ലിം, കിതാബുൽഹിബാത്ത്, ഹദീഥ് 4182)

ഈ പ്രശ്നത്തിന് അല്ലെങ്കിൽ ഈ ഹദീഥിന് വിശദീകരണം നല്കിക്കൊണ്ട് ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) മനോഹരമായ വിശദീകരണം നല്കിയിരിക്കുന്നു; അത് വളരെ നല്ല മാർഗദർശനമാണ്. അവിടന്ന് പറയുന്നു: 'നബി(സ) തിരുമേനിയുടെ ഈ നിർദേശം സുപ്രധാന വസ്തുക്കളെ സംബന്ധിച്ചാണെന്ന് ഞാൻ മനസ്സിലാക്കുന്നു. ചെറുതും നിസാരവുമായ വസ്തുക്കളെ സംബന്ധിച്ചല്ല. ഉദാഹരണത്തിന് നമ്മൾ പഴം തിന്നുകൊണ്ടിരിക്കുകയാണ്. ഏതെങ്കിലും കുട്ടി അടുത്തുണ്ടെങ്കിൽ അതിന് നമ്മൾ കൊടുക്കാനിടയുണ്ട്; മറ്റുള്ളവർക്ക് കൊടുത്തില്ലെന്നും വരാം. ഹദീഥുകളിൽ കുതിരയുടേയും ധനത്തിന്റേയും അടിമയുടേയും വിലപിടിച്ച മറ്റേതെങ്കിലും വസ്തുക്കളുടേയും ഉദാഹരണമാണുള്ളത്. നബി(സ) തിരുമേനി ഒരാളോടു പറഞ്ഞു: ഒന്നുകിൽ അയാൾ എല്ലാ മക്കൾക്കും ഓരോ കുതിരയെ കൊടുക്കുക. അല്ലെങ്കിൽ ആർക്കും കൊടുക്കാതിരിക്കുക. ഇതിനു കാരണം അറബികളിൽ കുതിരക്ക് വലിയ വിലയായിരുന്നു എന്നതാണ്. (അടിമയാണെങ്കിൽ, അടിമയും ഒരു സ്വത്തായി കണക്കാക്കിയിരുന്നു. അല്ലെങ്കിൽ വിലപിടിച്ച ഏതു വസ്തുവും. അതുകൊണ്ടാണ് അത് വിലക്കപ്പെട്ടത്). ഈ കല്പന ഒരാൾക്ക് മറ്റൊരാളോട് വെറുപ്പുണ്ടാകാൻ സാധ്യതയുള്ള വസ്തുക്കളെ സംബന്ധിച്ചാണ്. ഒരു കുട്ടിക്ക് കൊടുത്തു; മറ്റവന് കൊടുത്തില്ല. അപ്പോൾ പരസ്പരം മനസ്സിൽ വൈരാഗ്യമുണ്ടാകും.' അവിടന്ന് എഴുതുന്നു: 'നിസാര വസ്തുക്കളെ സംബന്ധിച്ചല്ല. ഉദാഹരണത്തിന് സങ്കല്പിക്കുക; ചന്തയിൽപോയി. ഒരു കുട്ടിയും നമ്മളോടൊപ്പം വന്നു. നമ്മൾ അവന് കടയിൽനിന്ന് കോട്ടിനുള്ള തുണി വാങ്ങിക്കൊടുത്തു. ഇത് അനുവദനീയമായിരിക്കും. എല്ലാ കുട്ടികൾക്കും കോട്ടിനുള്ള തുണി വാങ്ങിക്കൊടുക്കാതെ ഒരു കുട്ടിക്ക് മാത്രം തുണി വാങ്ങി നല്കിയത് ശരിയല്ലെന്ന് പറഞ്ഞുകൂടാ.' അവിടന്നെഴുതുന്നു: നമ്മുടെ വീട്ടിൽ ചിലപ്പോൾ പാരിതോഷികം വരാറുണ്ട്. അപ്പോൾ നമ്മുടെ അരികിലുള്ള കുട്ടി തനിക്കത് തരാൻ പറയുന്നു. നാം അത് അവന് നല്കുന്നു. ഇതിന്റെ അർഥം മറ്റുള്ളവരെ പിന്തള്ളിക്കളഞ്ഞു എന്നല്ല. മറിച്ച്, വേറെ പാരിതോഷികം വരുമ്പോൾ മറ്റുള്ളവരുടെ ഊഴവും വരുമെന്ന് മനസ്സിലാക്കുന്നു. അതിനാൽ ഇത് നിസ്സാരവസ്തുക്കൾക്കുള്ള കല്പനയല്ല. മറിച്ച്, വലിയ വലിയ വസ്തുക്കൾക്കുള്ള കല്പനയാണ്. അതിൽ പക്ഷപാതം കാണിക്കുമ്പോൾ വൈരാഗ്യവും വിദ്വേഷവുമുണ്ടാകാൻ സാധ്യതയുണ്ട്.' അവിടന്ന് പറയുന്നു: 'എന്റെ രീതി ഇങ്ങനെയാണ്. എന്റെ ഏതെങ്കിലും ആൺകുട്ടി യുവാവാകുമ്പോൾ ഞാൻ അവന് കുറച്ച് സ്ഥലം നല്കുന്നു. അതിൽ വസ്വിയ്യത്ത് ചെയ്യാനാണ് നല്കുന്നത്. (ഭൂസ്വത്തുണ്ടാകുമ്പോൾ, വസ്വിയ്യത്ത് ചെയ്യുമ്പോൾ അതിൽനിന്ന് ചന്ദ കൊടുക്കുക). ഇതിന്റെ അർഥം മറ്റുള്ള മക്കളെ അതിൽനിന്ന് പിന്തള്ളുന്നുവെന്നല്ല. മറിച്ച് ഞാൻ പറയുന്നത് അവർ വലുതാകുമ്പോൾ അവർക്കും ഈ ഭാഗം കിട്ടുന്നതായിരിക്കും. എന്തായാലും പ്രത്യേകം പരിഗണനയില്ലാത്ത സ്വത്തുണ്ടായിരിക്കേണ്ടതാണ്. മറ്റുള്ളവർക്ക് വെറുപ്പുണ്ടായേക്കാവുന്ന വിധം ഏതെങ്കിലും വ്യക്തി ഹിബ ചെയ്താൽ അത് തിരിച്ചുവാങ്ങുക എന്നത് വിശുദ്ധഖുർആന്റെ കല്പന

യാണ്. ബന്ധുക്കളുടേയും നിർബന്ധകടമയാണ് അവനെ പാപത്തിൽനിന്ന് രക്ഷിക്കുക എന്നത്.' (അൽഫള്ൽ 1960 ഏപ്രിൽ 16 പേജ് 5)

വേറൊരു അവസരത്തിൽ ഇപ്രകാരം ഹിബയുടെ ഒരു കാര്യം അവതരിപ്പിച്ചു: മുഫ്തി സാഹിബാണ് അവതരിപ്പിച്ചത്. അപ്പോൾ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറഞ്ഞു: 'അക്കാര്യത്തെ സംബന്ധിച്ച് വിശുദ്ധഖുർആന്റെ കല്പന, അത് സ്വത്തുക്കളുടെ വിതരണത്തെ സംബന്ധിച്ച് നല്കിയിട്ടുള്ളത് എന്താണെന്ന് നമുക്ക് നോക്കേണ്ടിവരും; വിശുദ്ധഖുർആൻ ഇത്തരത്തിലുള്ള ഹിബ വിവരിച്ചിട്ടില്ല. പ്രത്യുത അനന്തരാവകാശികളെ കുറിച്ചാണ് പറഞ്ഞിട്ടുള്ളത്. അതിൽ അർഹതപ്പെട്ടവരുടെ അവകാശങ്ങൾ നിർണയിക്കപ്പെട്ടിരിക്കുന്നു. ആളുകൾ തങ്ങളുടെ സ്വത്തുക്കൾ വീതിക്കുമ്പോൾ ഇക്കാര്യങ്ങൾ അവർ ശ്രദ്ധിക്കുകയില്ല. പിന്നീട് കേസുകൾ നടക്കുന്നു. വൈരാഗ്യങ്ങൾ ഉണ്ടാകുന്നു.

വീണ്ടും അവിടന്ന് പറയുന്നു: വിശുദ്ധഖുർആനിൽ നിശ്ചയിച്ചിട്ടുള്ള ഓഹരികൾ ഇനി മാറ്റാൻ സാധ്യമല്ല. ആ കല്പനകൾ നിശ്ചയിക്കാനുള്ള യുക്തി എന്താണെന്ന് നോക്കുക. അനന്തരാവകാശത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ ആൺമക്കൾക്കും ഒരുപോലെ കിട്ടേണ്ടത് എന്തുകൊണ്ടാണ്?

ഒരു മകന്റെ പരാതിയിൽ നബി(സ)തിരുമേനി അവന്റെ പിതാവിനോട് പറഞ്ഞു: 'ഒന്നുകിൽ ആ വസ്തു ഇവനും നല്കുക. അല്ലെങ്കിൽ രണ്ടാമന് നല്കിയ വസ്തു തിരികെ വാങ്ങുക.' അതിന്റെ ഹിക്മത്ത് അഥവാ യുക്തി ഇതാണ്, 'ഏതുപോലെ സന്താനങ്ങൾ മാതാപിതാക്കളെ അനുസരിക്കേണ്ടത് നിർബന്ധമാണോ അതുപോലെതന്നെ മാതാപിതാക്കളും സന്താനങ്ങളോട് തുല്യമായ പെരുമാറ്റവും സ്നേഹവും പ്രകടിപ്പിക്കേണ്ടത് നിർബന്ധമാണ്. എന്നാൽ, മാതാപിതാക്കൾ ഇതിന് വിപരീതമായി പക്ഷപാതം കാണിക്കുന്നുവെങ്കിൽ സന്താനങ്ങളും അവരുടെ കടമകളിൽനിന്ന് മുഖംതിരിക്കുന്നവരായേക്കാം. മക്കൾ ഒരുപക്ഷേ, മാതാപിതാക്കളെ സേവിച്ചുകൊണ്ടിരിക്കും. എന്നാൽ, ആ കടമകൾ നിർവഹിക്കുന്നതിൽ അതായത് മാതാപിതാക്കളെ സേവിക്കുക എന്നതിൽ ഒരു ഉത്സാഹവും ആനന്ദവും അവർക്ക് അനുഭവപ്പെടുകയുമില്ല. മക്കൾ ഒരു പിഴ എന്നു കരുതിയായിരിക്കും അത് നിർവഹിക്കുന്നത്. ശരിതന്നെ മാതാപിതാക്കൾക്ക് സേവനം ചെയ്യാൻ അല്ലാഹു പറഞ്ഞതുകൊണ്ട് അവർ സേവനം ചെയ്യുന്നുവെന്നുമാത്രം. സന്തോഷത്തോടെയല്ല അവർ അത് ചെയ്യുന്നത്.

മാതാപിതാക്കളുടെ ഇത്തരത്തിലുള്ള നടപടി കുട്ടികൾക്ക് ദോഷവും സ്നേഹം നശിപ്പിക്കുന്നതുമായിത്തീരുമെന്ന് ചിലയാളുകൾ എഴുതിയിട്ടുണ്ട്. അതുകൊണ്ട് ഇസ്‌ലാം അതിനെ വിരോധിച്ചു. എന്നാൽ, മക്കൾക്കായല്ലാത്ത വസ്വിയ്യത്തും ഹിബയും, ദീനിന് അനുവദനീയമാണ്. മക്കൾക്കും അനുവദനീയമായ അനന്തരാവകാശികൾക്കും പുറമെ നിങ്ങൾക്ക് ഹിബ ചെയ്യാവുന്നതാണ്; വസിയ്യത്ത് ചെയ്യാവുന്നതാണ്. കാരണം ആ വ്യക്തി അതിൽനിന്ന് സ്വയംതന്നെ നിഷേധിക്കപ്പെട്ടതാണ്. വെറും മക്കൾക്കു മാത്രമല്ല നഷ്ടമുണ്ടാക്കുന്നത്. പ്രത്യുത അയാൾക്കുതന്നെയും നഷ്ടമുണ്ടാക്കുന്നു. എന്തെന്നാൽ ഇത് അല്ലാഹുവിന്റെ വഴിയിൽ ചെലവഴിക്കപ്പെടുന്നതുകൊണ്ട് മക്കളും അതുകൊണ്ട് ദുഃഖിതരാവുന്നില്ല. അവർക്ക് ദുഃഖമുണ്ടാകുന്നില്ല. എന്നാൽ, വസിയ്യത്തും ഹിബയും ഏതെങ്കിലും പ്രത്യേക മക്കളുടെ പേരിലാണെങ്കിൽ, അനുവദനീയമാകുകയില്ല. അതിൽ മനസ്സിലാക്കിയിരിക്കേണ്ട കാര്യം ഇതാണ്. ഒന്ന് താൽക്കാലികമായ ഉത്തരവാദിത്വമാണ്. അത് നിറവേറ്റേണ്ടത് നിർബന്ധമാണ്. അത് ഇങ്ങനെ മനസ്സിലാക്കുക. ഒരാൾക്ക് നാല് ആൺമക്കളുണ്ട്. അയാൾ മൂത്തമകന് എം.എ. വിദ്യാഭ്യാസം നല്കി. മറ്റുള്ളവർ ചെറിയ ക്ലാസിൽ പഠിക്കുകയായിരുന്നു. അയാളുടെ ജോലി പോയി. ഇല്ലെങ്കിൽ വരുമാനം കുറഞ്ഞു. ചെറിയ കുട്ടികളുടെ വിദ്യാഭ്യാസം തടസ്സപ്പെട്ടു. ഇതുകൊണ്ട് അയാൾ മൂത്ത മകനോട് വിവേചനം കാണിച്ചുവെന്ന് ആക്ഷേപിക്കാൻ പറ്റുകയില്ല. മറിച്ച്, അതൊരു യാദൃശ്ചികമായ കാര്യമാണ്. ആദ്യകുട്ടിയെ പഠിപ്പിച്ചതുപോലെ മറ്റു കുട്ടികളേയും പഠിപ്പിക്കാനായിരുന്നു അയാളുടെ ശ്രമം; അല്ലെങ്കിൽ കഴിവുള്ളിടത്തോളം പഠിപ്പിക്കുക. അതായത് താൽക്കാലികമായ ആവശ്യങ്ങൾ അനുസരിച്ച് അയാൾ തന്റെ ഉത്തരവാദിത്വം വീതിച്ചു. (നിയ്യത്ത് ശരിയായിരുന്നു). ആ നേരത്ത് ഈ പ്രവൃത്തി ചെയ്തു; മറ്റുള്ളവരുടെ ഊഴം വരുമ്പോൾ അതു ചെയ്യുന്നതായിരിക്കും. പിന്നീട് അവസ്ഥകൾ മാറി. തന്റെ ആഗ്രഹങ്ങൾ പൂർത്തിയാക്കാൻ അയാൾക്ക് കഴിഞ്ഞില്ല. എന്നാൽ, ഇതിന് നേരെ വിപരീതമായി ഒരു പിതാവ് മൂത്തമകൻ കുഞ്ഞുകുട്ടികളുള്ള മനുഷ്യനായതുകൊണ്ട് 2000 രൂപ കൊടുത്ത് ഒഴിവാക്കുകയും കച്ചവടം ചെയ്ത് ജീവിക്കാൻ പറയുകയും മറ്റു കുട്ടികൾ കുഞ്ഞുകുട്ടികളുള്ളവരാകുമ്പോൾ അവർക്കൊന്നും കൊടുക്കാതിരിക്കുകയും ചെയ്യുന്നത് അനുവദനീയമല്ല. ഇത് പക്ഷപാതമായിരിക്കും. എന്തായാലും ഹിബയെ കുറിച്ചോ പ്രത്യേക വസ്തുവകകളെ കുറിച്ചോ ഉള്ള പ്രശ്നമാണിത്. ഇത് എല്ലാ ഓരോരുത്തരും സ്വത്തുക്കൾ വീതിക്കുന്ന അവസരത്തിൽ, ഹിബ ചെയ്യുന്ന നേരത്ത്, വസിയ്യത്ത് ചെയ്യുന്ന സമയത്ത് മുന്നിൽവെക്കേണ്ടതാണ്. (ഫർമൂദാത്ത് മുസ്‌ലിഹ് മൗഊദ്(റ), സയ്യിദ് ശംസുൽ ഹഖ് സാഹിബ് മുറബ്ബി സിൽസില, പേജ് 316–317)

ഖൻദഖ് യുദ്ധത്തിന്റെ അവസരത്തിലുള്ള ഒരു നിവേദനമാണിത്. ഹദ്റത്ത് ബശീർ ബിൻ സഅ്ദ് (ഈ സ്വഹാബിയാണ് ഇപ്പോൾ പ്രതിപാദ്യവിഷയം)ന്റെ മകൾ വിവരിക്കുന്നു: എന്റെ മാതാവ് ഗംറാ ബിൻത് റവാഹ, എന്റെ മടിയിൽ കുറച്ചു ഈന്തപ്പഴം ഇട്ടുകൊണ്ടു പറഞ്ഞു. മകളേ! ഇത് നിന്റെ പിതാവിനും മാതുലനും കൊടുത്തുവരിക. ഇത് നിങ്ങളുടെ പ്രഭാത ഭക്ഷണമാണെന്ന് അവരോടു പറയണം. അദ്ദേഹത്തിന്റെ മകൾ പറയുന്നു: ഞാൻ ആ ഈന്തപ്പഴവുമായി പോയി. പിതാവിനേയും മാതുലനേയും അന്വേഷിച്ച് നബി(സ) തിരുമേനിയുടെ അടുത്തെത്തി. അപ്പോൾ നബി(സ) തിരുമേനി പറഞ്ഞു: മകളേ! നിന്റെ കൈയിലുള്ളതെന്താണ്? ഞാൻ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ! ഇത് ഈന്തപ്പഴമാണ്. എന്റെ മാതാവ്, എന്റെ പിതാവിനും മാതുലൻ അബ്ദുല്ലാഹ് ബിൻ റവാഹയ്ക്കും നല്കാൻ വേണ്ടി തന്നുവിട്ടതാണ്.' നബി(സ)തിരുമേനി പറഞ്ഞു: അത് കൊണ്ടുവരിക! എനിക്ക് തരിക! ഞാൻ ആ ഈന്തപ്പഴങ്ങൾ അവിടത്തെ ഇരുകൈകളിലും വെച്ചു. നബി(സ) തിരുമേനി അത് ഒരു തുണിയിലിട്ടു. പിന്നീട് മറ്റൊരു തുണികൊണ്ട് അതു മൂടി. ഭക്ഷണത്തിന് ആളുകളെ വിളിക്കുകയെന്ന് ഒരാളോടു പറഞ്ഞു. അങ്ങനെ ഖൻദഖ് കഴിക്കുന്ന എല്ലാവരും ഒരുമിച്ചു കൂടി. ആ ഈന്തപ്പഴങ്ങൾ തിന്നാൻ തുടങ്ങി. ആ ഈന്തപ്പഴങ്ങൾ വർധിച്ചുകൊണ്ടിരുന്നു. ഖൻദഖ് കുഴിക്കുന്നവരെല്ലാം തിന്നുകഴിഞ്ഞപ്പോൾ ഈന്തപ്പഴങ്ങൾ തുണിയുടെ അറ്റത്തുനിന്ന് താഴത്തുവീണുകൊണ്ടിരുന്നു; അങ്ങനെയുള്ള അനുഗ്രഹമാണ് അതിലുണ്ടായത്.' (സീറത്തു ഇബ്നു ഹിശാം, പേജ് 454–455, പ്രസാധകർ ദാറുഇബ്നു ഹസം ബേറൂത്ത് 2009)

ഹദ്റത്ത് അബൂബക്കർ സിദ്ദീഖിന്റെ(റ) ഖിലാഫത്ത് കാലഘട്ടത്തിൽ ഹിജറ 12 ന് ഹദ്റത്ത് ബശീർ, ഹദ്റത്ത് ഖാലിദ് ബിൻ വലീദിനോടൊപ്പം അയിനുത്തംറ് യുദ്ധത്തിൽ പങ്കെടുത്തു. അതിൽ അദ്ദേഹം ശഹീദാക്കപ്പെട്ടു. (ഇസ്വാബ, വാല്യം 1, പേജ് 442, ബശീർ ബിൻ സഅ്ദ് , പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1995)

കൂഫയ്ക്കടുത്തുള്ള ഒരു സ്ഥലമാണ് അയിനുത്തംറ്. മുസ് ലിംകൾ ഹിജ്റ 12 ൽ ഹദ്റത്ത് അബൂബക്കറിന്റെ ഖിലാഫത്ത് കാലത്ത് ആ പ്രദേശം ജയിച്ചടക്കിയിരുന്നു.(മുഅ്ജമുൽ ബുൽദാൻ, വാല്യം 4, പേജ് 199, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത്)

ഹിജറ 7 ദുൽഖഅ്ദ് മാസത്തിൽ നബി(സ) തിരുമേനി ഉംറ ഖളാ വീട്ടുന്നതിന് പുറപ്പെട്ടപ്പോൾ അവിടന്ന് ആയുധങ്ങൾ ആദ്യം തന്നെ കൊടുത്തയച്ചിരുന്നു. തദവസരത്തിൽ ഹദ്റത്ത് ബശീർ ബിൻ സഅ്ദിനെയാണ് അതിന്റെ മേൽനോട്ടക്കാരനാക്കിയത്.(അത്ത്വബക്കാത്തുൽ കുബ്റാ വാല്യം 3, പേജ് 403, ബശീർ ബിൻ സഅ്ദ്, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

ഉംറഖളാ(ഉംറഖളാവീട്ടലി)ന്റെ വിശദീകരണം ഇങ്ങനെയാണ്. ഹുദയ്ബിയ സന്ധി കാരണത്താൽ അവിടെ ഉംറ നിർവഹിക്കാൻ കഴിയുമായിരുന്നില്ല. ആ സന്ധിനിബന്ധനകളിൽ ഒന്ന് അടുത്ത വർഷം മക്കയിൽവന്ന് നബി(സ)തിരുമേനിക്ക് ഉംറ നിർവഹിക്കാമെന്നും മൂന്നുദിവസം അവിടെ താമസിക്കാമെന്നുമായിരുന്നു. (സ്വഹീഹുൽ ബുഖാരി, കിതാബുൽമഗാസി, ബാബു ഉംറത്തുൽഖളാ ഹദീഥ് 4252)

ഈ നിബന്ധനയനുസരിച്ച് ഹിജറ 7 ദുൽഖഅ്ദ് മാസത്തിൽ നബി(സ)തിരുമേനി ഉംറ ചെയ്യാൻ മക്കയിൽ പോകാമെന്ന് തീരുമാനിച്ചു. അവിടന്ന് വിളംബരം ചെയ്തു: 'കഴിഞ്ഞവർഷം ഹുദയബിയായിൽ എന്റെ കൂടെ ഉണ്ടായിരുന്നവരെല്ലാം എന്നോടൊപ്പം വരിക. ഖയ്ബർ യുദ്ധത്തിൽ ശഹീദായവരോ ഇക്കാലയളവിൽ വഫാത്തായവരോ ഒഴികെ എല്ലാവരും ഈ സൗഭാഗ്യം കരസ്ഥമാക്കി. ആയുധങ്ങളുമായി കുറച്ചാളുകളെ മുമ്പേ അയച്ചു. ഉംറയ്ക്ക് പോകുന്നതിന് ആയുധങ്ങളുടെ ആവശ്യമെന്താണെന്ന് ചോദ്യമുണ്ടാകാം. ഇതിന്റെ വിശദീകരണം ഇങ്ങനെയാണ്: നബി(സ) തിരുമേനിക്ക് മക്ക നിഷേധികളെ അവർ ചെയ്ത പ്രതിജ്ഞ പാലിക്കുമെന്ന് വിശ്വാസമില്ലായിരുന്നു. അതുകൊണ്ട് നബി(സ)തിരുമേനി പൂർണമായ തയ്യാറെടുപ്പോടുകൂടി എടുക്കാവുന്ന ആയുധങ്ങളുമെടുത്ത് പോയി. യാത്ര പുറപ്പെടുന്ന നേരത്ത് ഒരു സ്വഹാബിയെ നബി(സ) തിരുമേനി അബൂറുഹം ഗഫ്ഫാരിയെ മദീനയിൽ ഭരണാധികാരിയാക്കി. നൂറു കുതിരസവാരിക്കാരുൾപ്പെട്ട രണ്ടായിരം മുസ്‌ലിംകളോടൊപ്പം നബി(സ)തിരുമേനി മക്കയിലേക്ക് പോയി. ബലിയറുക്കുന്നതിനു 60 ഒട്ടകം കൂടെ കൊണ്ടുപോയി. നബി(സ) തിരുമേനി ആയുധങ്ങളോടും യുദ്ധസാമഗ്രികളോടുംകൂടി മക്കയിൽ വരുന്നുവെന്ന് മക്കയിലെ നിഷേധികൾക്ക് വിവരം കിട്ടിയപ്പോൾ അവർ വളരെ പരിഭ്രമിച്ചു. അവർ കുറച്ചാളുകളെ, അവസ്ഥകൾ നിരീക്ഷിക്കുന്നതിനുവേണ്ടി മർറള്ളഹ്റാൻ എന്ന സ്ഥലംവരെ അയച്ചു. മുഹമ്മദ് ബിൻ മസ്‌ലമ എല്ലാ സവാരികളുടേയും ഓഫീസറായിരുന്നു. ഖുറയ്ശി ദൂതന്മാർ അദ്ദേഹവുമായി കൂടിക്കാഴ്ച നടത്തി. നബി(സ)തിരുമേനി സന്ധിയുടെ നിബന്ധനയനുസരിച്ച് ആയുധങ്ങളൊന്നും കൂടാതെ മക്കയിൽ പ്രവേശിക്കുന്നതാണെന്ന് അദ്ദേഹം അവരെ സമാധാനിപ്പിച്ചു. ഇതുകേട്ട് സത്യനിഷേധികൾക്ക് സമാധാനമായി. അങ്ങനെ നബി(സ)തിരുമേനി മക്കയിൽനിന്ന് എട്ടുമൈൽ അകലെയുള്ള ഉജദ് എന്ന സ്ഥലത്തെത്തിയപ്പോൾ എല്ലാ ആയുധങ്ങളും അവിടെവെച്ചു. ബശീർ ബിൻ സഅ്ദിന്റെ കീഴിൽ കുറച്ചു സ്വഹാബിമാരെ അതിന്റെ സംരക്ഷണത്തിന് നിശ്ചയിച്ചു. ഒരു വാളല്ലാതെ ഒന്നും നബി(സ)തിരുമേനി എടുത്തിരുന്നില്ല. ആദരണീയരായ സ്വഹാബത്തിനോടൊപ്പം ലബ്ബയ്ക്ക് ചൊല്ലിക്കൊണ്ട് അവിടന്ന് ഹറമിലേക്ക് പോയി. നബി(സ)തിരുമേനി ഹറമിൽ, കഅ്ബയിൽ പ്രവേശിച്ചപ്പോൾ കുറച്ചു സത്യനിഷേധികൾ കോപത്തിന് വിധേയരായി ആ ദൃശ്യം കാണാൻ കഴിയാതെ, മുസ്‌ലിംകൾ ഇങ്ങനെ ത്വവാഫ് ചെയ്യുന്നത് തങ്ങൾക്കു സഹിക്കുകയില്ലെന്ന് പറഞ്ഞ് മലമുകളിലേക്ക് പൊയ്ക്കളഞ്ഞുവെന്ന് പറയപ്പെടുന്നുണ്ട്. കൂടിയാലോചിക്കുന്നതിന് സാധാരണ ചേരാറുണ്ടായിരുന്ന ദാറു നദ്

വയിൽ കുറച്ചു സത്യനിഷേധികൾ സംഘടിച്ചു. അവിടെനിന്നുകൊണ്ട് കണ്ണുകൾ മിഴിച്ച് മിഴിച്ച് തൗഹീദിന്റേയും രിസാലത്തിന്റേയും ലഹരിയിൽ ത്വവാഫ് ചെയ്തുകൊണ്ടിരുന്ന മുസ്‌ലിംകളുടെ ദൃശ്യം നോക്കിക്കൊണ്ടിരുന്നു. അവർ പരസ്പരം പറഞ്ഞു: 'ഈ മുസ്‌ലിംകൾ എന്തു ത്വവാഫ് ചെയ്യാനാണ്. അവരെ വിശപ്പും മദീനയിലെ പനിയും ക്ഷീണിതരാക്കിവെച്ചിരിക്കുകയാണ്. ദുർബലരായ ആളുകളാണിവർ.' നബി(സ) തിരുമേനി മസ്ജിദ് ഹറാമിലെത്തി. തന്റെ പുതപ്പ് വലുത് ഭാഗത്തെ ചുമലും ഭുജവും കാണും വിധം പുതച്ചു. നബി(സ)തിരുമേനി പറഞ്ഞു: ഈ സത്യനിഷേധികളുടെ മുന്നിൽ ശക്തി പ്രകടിപ്പിക്കുന്ന ഈയാളുകളുടെമേൽ അല്ലാഹു കാരുണ്യം ഇറക്കുമാറാകട്ടെ. അതായത് സത്യനിഷേധികൾ പറഞ്ഞകാര്യം നബി(സ)തിരുമേനി അറിഞ്ഞു. നബി(സ)തിരുമേനി പറഞ്ഞു, നിങ്ങൾ നിങ്ങളുടെ ശക്തി വെളിപ്പെടുത്തുക. നിങ്ങളുടെ ഈ ക്ഷീണിച്ച ശരീരം കാണാത്തവിധം നിങ്ങൾ ശക്തി പ്രകടിപ്പിക്കുക. എന്നല്ല ബലവത്തായ ശരീരം അവർ കാണണം. അല്ലെങ്കിൽ വിരിമാർ അവർക്ക് കാണാൻ കഴിയണം.' പിന്നീട് നബി(സ) തിരുമേനി തന്റെ സ്വഹാബത്തിനോടൊപ്പം തുടക്കത്തിലുള്ള മൂന്നു പ്രദക്ഷിണം നെഞ്ചുവിരിച്ച് ത്വവാഫ് ചെയ്യാൻ തുടങ്ങി. അതിന് അറബിയിൽ 'റമൽ' എന്നാണ് പറയുന്നത്. അങ്ങനെ ഈ സുന്നത്ത് ഇന്നും നടന്നുവരുന്നു. അത് ഖിയാമത്തുന്നാൾവരെ നിലനില്ക്കുന്നതാണ്. ഓരോ ത്വവാഫ് ചെയ്യുന്നയാളും തുടക്കത്തിലുള്ള മൂന്ന് പ്രദക്ഷിണത്തിൽ 'റമൽ' ചെയ്യുന്നു. ആദ്യം ഈ രീതിയിൽ പ്രദിക്ഷണം ചെയ്യുന്നതിനുള്ള കാരണമിതാണ്. (ശർഹ് സർഖാനീ വാല്യം 3, പേജ് 314–317, 321–323, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ, ബേറൂത്ത് 1996) (സീറത്തുഇബ്നു ഹിശാം, പേജ് 529, ബാബു ഉംറത്തുഖളാ, പ്രസാധകർ ദാറു ഇബ്നു ഹസം ബേറൂത്ത് 2009) (ലുഗാത്തുൽ ഹദീഥ്, വാല്യം 2, പേജ് 163, പ്രസാധകർ നുഅ്മാനീ കുതുബ് ഖാന ലാഹോർ 2005)

നബി(സ)തിരുമേനി എത്ര ഉംറ ചെയ്തു? അനസ്(റ) നിവേദനം: നബി(സ)തിരുമേനി എത്ര ഉംറ ചെയ്തിട്ടുണ്ടെന്ന് അദ്ദേഹം ചോദിക്കപ്പെട്ടു. അനസ്(റ) പറഞ്ഞു, നാലെണ്ണം. ദുൽഖഅദ് മാസത്തിൽ ഹുദയ്ബിയായിൽവച്ച് ബഹുദൈവ വിശ്വാസികൾ നബി(സ)തിരുമേനിയെ തടഞ്ഞപ്പോൾ ഒരു ഉംറ. അടുത്തവർഷം ദുൽഖഅദിൽ അവരുമായി സന്ധി ചെയ്തശേഷം. യുദ്ധത്തിൽ ലഭിച്ച സ്വത്തുക്കൾ വിഭജിച്ച അവസരത്തിൽ ചെയ്ത ഉംറത്തുൽ ജിഅ്റാനയാണ് മൂന്നാമത്തേത്. അത് ഹുനയ്ൻ യുദ്ധമാണെന്നാണ് എന്റെ ഓർമ. (നാലാമത്തേത് ഹജ്ജത്തുൽ വദാഇൽ ഹജ്ജിനോടൊപ്പം ചെയ്തത്). ഞാൻ (ഖത്താദ) ചോദിച്ചു: നബി(സ) എത്ര ഹജ്ജ് ചെയ്തിട്ടുണ്ട്. അനസ്(റ) പറഞ്ഞു: ഒന്നുമാത്രം. (സ്വഹീഹ് ബുഖാരി, കിതാബുൽ ഉംറ ഹദീഥ് 1778–1779)

ഹദ്റത്ത് ബശീർ ബിൻ സഅ്ദ് ഹദ്റത്ത് അബൂബക്കർ സിദ്ദീഖിന്റെ കരങ്ങളിൽ സഖീഫ ബനൂ സാഅദയുടെ ദിവസം ബയ്അത്ത് ചെയ്തിരുന്നു.(അൽഇസ്തീആബ് വാല്യം 1, പേജ് 171–172, ബശീർ ബിൻ സഅ്ദ്, പ്രസാധകർ അൽജീൽ ബേറൂത്ത് 1992)

സഖീഫ ബനൂ സാഅദ എന്താണ്? അതിനെ വിശദീകരിച്ചുകൊണ്ട് എഴുതിയിരിക്കുന്നുന്നു: മദീനയിൽ ഖസ്റജ് ഗോത്രക്കാർക്ക് ഇരിക്കുന്നതിനുള്ള സ്ഥലമായിരുന്നു അത്.(മുഅ്ജമുൽബുൽദാൻ, വാല്യം 3, പേജ് 259, ദാറുൽകുതുബുൽ ഇൽമിയ്യ് ബേറൂത്ത്). ഇതൊരു മുറിയായിരുന്നു. അക്കാലത്തിന്റെ അടിസ്ഥാനത്തിൽ ശേയ്ഡ് (Shade)ഇട്ടിരുന്നു. നബി(സ)തിരുമേനിയുടെ വഫാത്തിനു ശേഷം സഖീഫ ബനൂ സാഅദയിൽ നബി(സ)തിരുമേനിയുടെ പിൻഗാമിയെ ഉദ്ധരിച്ച് ഒരു യോഗം നടക്കുകയായിരുന്നു. ഹദ്റത്ത് ഉമറിന് ഈ യോഗത്തെ കുറിച്ച് വിവരം നല്കപ്പെട്ടു. അതോടൊപ്പം കപടവിശ്വാസികളിൽ നിന്നും അൻസ്വാറുകളിൽ നിന്നും വല്ല കുഴപ്പവും ഉണ്ടാകാനുള്ള സാധ്യതയുണ്ടെന്നും പറയപ്പെട്ടിരുന്നു. അപ്പോൾ ഹദ്റത്ത് ഉമർ ഫാറൂഖ്(റ), ഹദ്റത്ത് അബൂബക്കറിനേയുംകൂട്ടി സഖീഫ ബനൂ സാഅദയിലെത്തി. അവിടെ എത്തിയപ്പോൾ ബനൂ ഖസ്റജ് ഖിലാഫത്തിന്റെ വാദക്കാരാണെന്നും ബനൂ ഔസ് അതിനെ എതിർക്കുകയാണെന്നും മനസിലായി. മദീനയിലെ അൻസ്വാറിന്റെ രണ്ടുഗോത്രമായിരുന്നു ഇവർ. അത്തരം ഘട്ടത്തിൽ ഒരു അൻസ്വാരി സ്വഹാബി നബി(സ)തിരുമേനിയുടെ ഈ വാക്കുകൾ ഓർമപ്പെടുത്തി: 'ഭരണാധികാരികൾ ഖുറയ്ശികളിൽ നിന്നായിരിക്കും.' ആ സമയം ഉണ്ടായ തർക്കത്തിൽ അധികംപേരുടെ ഹൃദയത്തിലും ഇക്കാര്യം സ്വാധീനമുണ്ടാക്കി. അങ്ങനെ അൻസ്വാർ അവരുടെ വാദത്തിൽനിന്ന് പിന്മാറി. എല്ലാവരും ഉടൻതന്നെ അബൂബക്കറിന്റെ ഖിലാഫത്തിൽ ബയ്അത്ത് ചെയ്തു. എന്നിട്ടും 'സഖീഫ ബനൂ സാഅദായിലെ ബയ്അത്തിൽനിന്ന് താൻ സ്വതന്ത്രനാണെന്ന്' ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ) മൂന്നുദിവസംവരെ വിളംബരം ചെയ്യിച്ചിരുന്നു. ആർക്കെങ്കിലും ആക്ഷേപമുണ്ടെങ്കിൽ പറയുക. എന്നാൽ, ആർക്കം ആക്ഷേപമുണ്ടായില്ല. ഡോക്ടർ ഹമീദുല്ലായുടെ ഗ്രന്ഥത്തിൽ ഒരിടത്ത് ഹ്രസ്വമായി പ്രതിപാദിക്കപ്പെട്ടതാണിത്. (സീറത്ത് ഇബ്നു ഹിശാം പേജ് 668, അമറ സഖീഫത്ത ബനീ സാഅദ, പ്രസാധകർ ദാറു ഇബ്നു ഹസം ബേറൂത്ത് 2009).

പക്ഷേ, ഇതിനു കൂടുതലായൊരു വിശദീകരണം ഇങ്ങനെയാണ്. ഈ സംഭവങ്ങളെല്ലാം ഉണ്ടായി. അവർ പരസ്പരം യോഗങ്ങൾ ചേരുകയായിരുന്നു. കപടവിശ്വാസികൾ അൻസ്വാറിനെ പ്രകോപിപ്പിക്കാൻ ശ്രമിക്കുകയായിരുന്നു. അപ്പോൾ ഹദ്റത്ത് ഉമറിനോടൊപ്പം ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ) അവിടെയെത്തി. അൻസ്വാർ തങ്ങളുടെ അഭിപ്രായം അവരുടെ മുന്നിൽവച്ചു. ഹദ്റത്ത് അബൂബക്കർ(റ)ഉം തന്റെ അഭിപ്രായം പ്രകടിപ്പിച്ചു. ഈ എല്ലാ നടപടികളിൽനിന്ന് മനസ്സിലാകുന്നത് അൻസ്വാറും മുഹാജിരീംകളും ഇസ്‌ലാമിന്റെ ഗുണത്തിനുവേണ്ടിയാണ് ചിന്തിച്ചിരുന്നതെന്നാണ്. തങ്ങൾക്ക് കുഴപ്പമുണ്ടാക്കാൻ പറ്റിയ അവസരമാണതെന്ന് കപടവിശ്വാസികൾ ചിന്തിച്ചിട്ടുണ്ടാകും. പക്ഷേ, അൻസ്വാറിൽനിന്ന് മുഅ്മിനീംകളായിട്ടുള്ളവർ ഇസ്‌ലാമിന്റെ ഗുണത്തിന് ഖിലാഫത്തിന്റെ അല്ലെങ്കിൽ ഇമാമത്തിന്റെ സ്ഥാപനം നിർബന്ധമാണെന്നാണ് ചിന്തിച്ചിരുന്നത്; അത് അൻസ്വാറിൽനിന്നാണെങ്കിലും വേണ്ടില്ല, മുഹാജിറുകളിൽനിന്നാണെങ്കിലും വേണ്ടില്ല. നബി(സ)തിരുമേനിക്കുശേഷം അവർ ഖിലാഫത്താഗ്രഹിച്ചിരുന്നു. ഒരു ദിവസംപോലും ജമാഅത്തും അമീറും കൂടാതെ ജീവിക്കാൻ ഇഷ്ടപ്പെട്ടിരുന്നില്ല. അൻസ്വാറിൽനിന്ന് അമീർ വേണം എന്നായിരുന്നു ഒരഭിപ്രായം. മുഹാജിറുകളിൽനിന്ന് അമീർ വേണം എന്നായിരുന്നു മറ്റൊരഭിപ്രായം. ഇവരെ കൂടാതെ അറബ് ജനത ആരുടേയും നേതൃത്വം സ്വീകരിക്കുകയില്ല. ഇതിനുപുറമെ മൂന്നാമത്തെ അഭിപ്രായം രണ്ട് അമീർ ഉണ്ടാവണം എന്നതായിരുന്നു; ഒരാൾ അൻസ്വാറിൽനിന്നും ഒരാൾ ഖുറയ്ശികളിൽനിന്നും. ഇവിടെ മുഹാജിരീൻ, അൻസ്വാറിനോട് ഇങ്ങനേയും പറഞ്ഞു: 'ഇപ്പോൾ ഖുറയ്ശികളിൽനിന്നുതന്നെ അമീർ ഉണ്ടാവേണ്ടതാണ്. അവർ തങ്ങളുടെ നിലപാട് പിന്തുണച്ചുകൊണ്ട് നബി(സ)തിരുമേനിയ്ക്കുശേഷം ഖുറയ്ശികളിൽനിന്ന് ഇമാമത്തിന്റെ സ്ഥാപനത്തെ സംബന്ധിച്ച് അവിടത്തെ അൽഅയ്മത്തു മിൻ ഖുറയ്ശ് ഇമാം ഖുറയ്ശികളിൽനിന്നായിരിക്കണം എന്ന പ്രവചനവും അവതരിപ്പിച്ചു. ഇതുമുമ്പേയും പറഞ്ഞുകഴിഞ്ഞതാണ്. (അസ്സീറത്തുൽ ഹൽബിയ്യ, വാല്യം 3, പേജ് 504–506, പ്രസാധകർ ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 2002)

ഹദ്റത്ത് അബൂ ഉബയ്ദ ബിൻ ജർറാഹ് അൻസ്വാറിനെ സംബോധന ചെയ്തു പറഞ്ഞു: 'മദീനയിലെ അൻസ്വാറേ! നിങ്ങൾ എല്ലാത്തിനെക്കാളുമുപരി ഈ ദീനിനുവേണ്ടി സേവനം സമർപിച്ചവരാണ്. ഇപ്പോൾ ഈ നേരത്ത് നിങ്ങൾ ഏറ്റവുമാദ്യം അതിനെ മാറ്റുന്നവരും നശിപ്പിക്കുന്നവരുമാകരുത്. അൻസ്വാറിൽനിന്ന് അമീർ വേണം അല്ലെങ്കിൽ ഇരുവരിൽനിന്ന് അമീർ വേണം എന്ന് നിങ്ങൾ പറയരുത്.' യാഥാർഥ്യങ്ങൾ നിറഞ്ഞ ഈ സന്ദേശം അൻസ്വാറിനെ സ്വാധീനിച്ചു. അവരിൽനിന്ന് ഹദ്റത്ത് ബശീർ ബിൻ സഅ്ദ് എഴുന്നേറ്റു. (ഈ സ്വഹാബിയെ കുറിച്ചാണ് പറഞ്ഞുവരുന്നത്). അൻസ്വാറിനോടു അദ്ദേഹം പറഞ്ഞു: 'അൻസ്വാറേ! അല്ലാഹുവാണ! മുശ്രീക്കീംകളുമായി ജിഹാദ് ചെയ്യുന്നതിൽ ദീനിൽ മുൻകടക്കുന്നതിന്റെ അടിസ്ഥാനത്തിൽ മുഹാജിറുകളുടെമേൽ നമുക്ക് ശ്രേഷ്ഠതയുണ്ടെന്നത് ശരിയാണെങ്കിലും ഇത് നമ്മൾ ദൈവപ്രീതിയും റസൂലിനോടുള്ള അനുസരണവും, നമ്മുടെ ആത്മാവിന്റെ ശുദ്ധീകരണവും ഉദ്ദേശിച്ചു മാത്രമാണ് ചെയ്തത്. അതുകൊണ്ട് നമ്മൾ ഇപ്പോൾ അഹങ്കാരത്തോടും ഗർവോടും കൂടി പെരുമാറുന്നത് നമുക്ക് ഭൂഷണമല്ല. ദീനീപരമായ സേവനങ്ങൾക്കു പകരം ദുൻയാവിന്റെ ദുർഗന്ധം വമിക്കുന്ന പ്രതിഫലം നേടുന്നത് നമുക്ക് ചേർന്നതല്ല. നമ്മുടെ പ്രതിഫലം അല്ലാഹുവിന്റെ പക്കലാണ്. നമുക്ക് അവൻതന്നെ മതിയായവനാണ്. നബി(സ) തിരുമേനി ഖുറയ്ശികളിൽപെട്ടയാളാണ്. അവർ തന്നെയാണ് ഈ ഖിലാഫത്തിന് അവകാശികൾ. നമ്മൾ അവരുമായി പോരാടുന്നവരാകാതിരിക്കാൻ അല്ലാഹു സഹായിക്കുമാറാകട്ടെ. അൻസ്വാറേ! അല്ലാഹുവിനോടു തഖ്വയുള്ളവരായിരിക്കുക. മുഹാജിറുകളുമായി ഭിന്നിക്കാതിരിക്കുക.' ഈ എല്ലാ കാര്യങ്ങൾക്കും ശേഷം ഹദ്റത്ത് ഹബ്ബാബ് ബിൻ മുൻദിർ അൻസ്വാറിന്റെ പ്രാധാന്യം പറയാൻ തുടങ്ങി. പക്ഷേ, ഹദ്റത്ത് ഉമർ(റ)അവസ്ഥ നിയന്ത്രിച്ചു. (ഞാൻ ഹ്രസ്വമായാണ് കാര്യങ്ങൾ വിവരിക്കുന്നത്). ഹദ്റത്ത് അബൂബക്കറിന്റെ കൈപിടിച്ചു ഉമർ പറഞ്ഞു: 'അങ്ങ് ഞങ്ങളിൽനിന്ന് ബയ്അത്ത് വാങ്ങുക.' ഒപ്പം ഹദ്റത്ത ഉമർ(റ) ഹദ്റത്ത് അബൂബക്കറിന് ബയ്അത്ത് ചെയ്തു. അദ്ദേഹം പറഞ്ഞു: 'അബൂബക്കറേ! നബി(സ)തിരുമേനി നമസ്കരിപ്പിക്കാൻ നിർദേശിച്ചിരുന്നത് അങ്ങയോടായിരുന്നു. അതുകൊണ്ട് താങ്കൾ തന്നെയാണ് ഖലീഫ. താങ്കൾ നബി(സ)തിരുമേനിക്ക് ഞങ്ങളേക്കാൾ ഏറെ പ്രിയപ്പെട്ടവനായതുകൊണ്ട് ഞാൻ താങ്കൾക്ക് ബയ്അത്ത് ചെയ്യുന്നു.' ഹദ്റത്ത് ഉമറിനുശേഷം ഹദ്റത്ത് അബൂ ഉബയ്ദ ബിൻ ജർറാഹ് ബയ്അത്ത് ചെയ്തു. പിന്നീട് അൻസ്വാറിൽനിന്ന് ഹദ്റത്ത് ബശീർ ബിൻ സഅ്ദ് ഉടനെ ബയ്അത്ത് ചെയ്തു. ഹദ്റത്ത് അബൂബക്കറിന്റെ കൈ താങ്ങിപിടിച്ചുകൊണ്ട് അദ്ദേഹത്തിന് ബയ്അത്ത് ചെയ്യാൻ അൻസ്വാറിനെ പ്രേരിപ്പിച്ചു. അങ്ങനെ അൻസ്വാറും ഹദ്റത്ത് അബൂബക്കറിന് ബയ്അത്ത് ചെയ്തു.' (അൽകാമിൽ ഫിത്താരീഖ്, വാല്യം 2, പേജ് 193, ഹദീഥ് അസ്സഖീഫ വ ഖിലാഫ അബീബക്കർ(റ), പ്രസാധകർ ദാറുൽകുതുബുൽഇൽമിയ്യ ബേറൂത്ത് 2006) (അസ്സീറത്തുൽ ഹൽബിയ്യ, വാല്യം 3, പേജ് 506, ദാറുൽ കുതുബുൽ ഇൽമിയ്യ, ബേറൂത്ത് 2002)

ഈ ബയ്അത്ത് ഇസ്‌ലാമിക സാഹിത്യങ്ങളിൽ സഖീഫ ബയ്അത്തെന്നും ഖാസ്വ ബയ്അത്തെന്നും പ്രസിദ്ധമാണ്. (താരീഖുൽ ഖുലഫാഉർറാശിരീൻ, മുഹമ്മദ് സുഹയ്ൽ ത്വഖൂശ്, പേജ് 22, 367, പ്രസാധകർ ദാറുന്നഫാഇസ് ബേറൂത്ത് 2011)

ഹദ്റത്ത് അബൂ മസ്ഊദ് അൻസ്വാരി വിവരിക്കുന്നു: ഒരിക്കൽ ഞങ്ങൾ സഅദ് ബിൻ ഉബാദയുടെ മജ്ലിസിൽ ഇരിക്കുന്ന സന്ദർഭത്തിൽ നബി(സ)തിരുമേനി ഞങ്ങളുടെ സമീപത്ത് വന്നു. ഹദ്റത്ത് ബശീർ ബിൻ സഅ്ദ് നബി(സ)തിരുമേനിയോടു ചോദിച്ചു: അല്ലാഹു താങ്കളുടെ മേൽ സ്വലാത്ത് ചെല്ലുവാൻ ഞങ്ങൾക്ക് കല്പന നല്കി

യിരിക്കുന്നു. ഞങ്ങൾ എങ്ങനെയാണ് സ്വലാത്ത് ചൊല്ലേണ്ടത്? നിവേദകൻ പറയുന്നു: ആ ചോദ്യത്തിന് നബി(സ)തിരുമേനി മൗനം പാലിച്ചു. ദീർഘനേരം ഒന്നും മിണ്ടാതിരുന്നു. അങ്ങനെ അദ്ദേഹത്തോട് ചോദിക്കേണ്ടിയിരുന്നില്ലെന്നുപോലും ഞങ്ങൾ അപ്പോൾ ആഗ്രഹിച്ചു പോയി. പിന്നെ നബി(സ)തിരുമേനി പറഞ്ഞു: ഇങ്ങനെ പറയുക.

اَللّٰھُمَّ صَلِّ عَلٰی مُحَمَّدٍ وَّعَلٰی اٰلِ مُحَمَّدٍ کَمَا صَلَّیْتَ عَلٰی اٰلِ اِبْرَاھِیْمَ وَبَارِکْ عَلٰی مُحَمَّدٍ وَّعَلٰی اٰلِ مُحَمَّدٍ کَمَا بَارَکْتَ عَلٰی اٰلِ اِبْرَاھِیْمَ الْعَالَمِیْنَ اِنَّکَ حَمِیْدٌ مَّجِیْدٌ۔

നിങ്ങൾക്ക് അറിയുന്ന രീതിയിൽ എപ്രകാരമാണോ സലാം ചൊല്ലുന്നത് അത്തരത്തിൽ സലാം ചൊല്ലുക.(സ്വഹീഹ് മുസ്‌ലിം, കിതാബുസ്സ്വലാത്ത്, ബാബു അസ്സ്വലാത്തു അലന്നബിയ്യി ബഅ്ദത്തശ്ഹുദു. ഹദീഥ് 907)

اَللّٰھُمَّ صَلِّ عَلٰی مُحَمَّدٍ وَّعَلٰی اٰلِ مُحَمَّدٍ وَّبَارِکْ وَسَلِّمْ اِنَّکَ حَمِیْدٌ مَّجِیْدٌ۔

ഇപ്പോൾ ഇന്നത്തെ ഈ സ്വഹാബത്തിന്റെ ചർച്ച അവസാനിക്കുകയാണ്. ഒരു ദുആയ്ക്കുവേണ്ടി ഞാൻ പറയാനാഗ്രഹിക്കുകയാണ്. കഴിഞ്ഞദിവസങ്ങളിൽ ബംഗ്ലാദേശിൽ ജൽസയ്ക്കുള്ള ഒരുക്കങ്ങൾ നടക്കുകയായിരുന്നു. അവിടെ പുതിയ സ്ഥലത്തായിരുന്നു ജൽസ നടക്കേണ്ടിയിരുന്നത്. അഹ്മദ്നഗർ അവരുടെ ഒരു പട്ടണമാണ്. ഉലമായും(നാമമാത്ര ഉലമാ എന്നാണ് ഇവരെ പറയേണ്ടത്)എതിരാളികളും ഒരുപാട് ബഹളമുണ്ടാക്കി. ജൽസ തടയാൻ ആദ്യംമുതലേ സർക്കാരിനോടു ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയായിരുന്നു. സർക്കാർ സമ്മതിക്കാതിരുന്നപ്പോൾ കലാപകാരികൾ അഹ്മദികളുടെ വീടുകളുടേയും വ്യാപാരസ്ഥാപനങ്ങളുടേയുംമേൽ ആക്രമണം നടത്തി. കുറച്ചു വീടുകൾ അഗ്നിക്കിരയാക്കി. കുറച്ചുകടകൾ കൊള്ളയടിക്കുകയും കത്തിക്കുകയും ചെയ്തു. കുറച്ച് അഹ്മദികൾക്ക് പരിക്കേറ്റിട്ടുണ്ട്. അവിടെ അവസ്ഥ നന്നാക്കുന്നതിന് ദുആ ചെയ്യുക. പരിക്കേറ്റവർക്ക് എത്രയും വേഗം ആരോഗ്യം പ്രദാനം ചെയ്യുമാറാകട്ടെ. പൂർണമായ രോഗശമനം നല്കുമാറാകട്ടെ. അവർക്കുണ്ടായ നഷ്ടങ്ങളും നികത്തുമാറാകട്ടെ. ജൽസയുടെ തിയതി നിശ്ചയിച്ചുകഴിഞ്ഞാൽ അവിടെത്തെ ആളുകൾക്ക് സമാധാനത്തോടെ ജൽസ നടത്താൻ തൗഫീഖ് ലഭിക്കുമാറാകട്ടെ.

നമസ്കാരങ്ങൾക്കുശേഷം ഞാനൊരു ജനാസ ഗാഇബും നമസ്കരിപ്പിക്കുന്നതാണ്. പാക്കിസ്താനിലെ ദുൻയാപൂർവാസി സിദ്ദീഖ ബീഗം സാഹിബയുടേതാണ് ഈ ജനാസ. ഇവർ തെക്കെ അമേരിക്കയിലെ സുറിനാം ഇൻചാർജ് മുബല്ലിഗ് ലഈഖ് അഹ്മദ് മുശ്താഖ് സാഹിബിന്റെ മാതാവും ശേയ്ഖ് മുസഫ്ഫർ അഹ്മദ് സാഹിബിന്റെ ഭാര്യയുമായിരുന്നു. ഫെബ്രുവരി ഒന്നിന് 76-ാം വയസ്സിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.

അവരുടെ കുടുംബത്തിൽ അഹ്മദിയ്യത്ത് വന്നെത്തിയത് അവരുടെ പിതാമഹൻ ശേയ്ഖ് മുഹമ്മദ് സുൽത്വാൻ സാഹിബ് മുഖേനയായിരുന്നു. അദ്ദേഹത്തിന് 1897ൽ 24-ാം വയസ്സിൽ ബയ്അത്ത് ചെയ്യാൻ തൗഫീഖ് കിട്ടി. പരേതയുടെ വിവാഹം 1964 ആഗസ്ത് 29ന് നടന്നു. ജീവിതം മുഴുവൻ ഒരു മാതൃകയായ നിലയിൽ കഴിച്ചു. പരിമിതമായ വരുമാനത്തിൽ അന്തസ് നിലനിറുത്തിക്കൊണ്ട് തന്റെ വലിയ കുടുംബത്തെ പോറ്റിയെന്നു മാത്രമല്ല തന്റെ ഭർതൃസഹോദരന്മാരുടേയും നാത്തൂൻമാരുടേയും വിവാഹങ്ങളും നടത്തിച്ചു. എപ്പോഴും തന്റെ സുഖത്തെക്കാൾ മറ്റുള്ളവരുടെ സുഖത്തിന് മുൻഗണന നല്കി. നോമ്പും നമസ്കാരവും കൃത്യമായി നിർവഹിച്ചു. ദുആ ചെയ്യുന്നവരായിരുന്നു. വിനയയായിരുന്നു. സാദാ പ്രകൃതിയായിരുന്നു. ദരിദ്രരെ സഹായിക്കുന്നവരും സൽക്കർമ മനുഷ്ഠിക്കുന്നവരും ആത്മാർഥയുമായിരുന്നു. പതിവായി വിശുദ്ധഖുർആൻ പാരായണം ചെയ്യുമായിരുന്നു. അഹ്മദികളും അനഹ്മദികളുമായ ധാരാളം കുട്ടികൾക്ക് വിശുദ്ധഖുർആൻ ഓതാൻ പഠിപ്പിക്കാനുള്ള തൗഫീഖ് കിട്ടി. വിശുദ്ധഖുർആനോട് അതിരറ്റ സ്നേഹമായിരുന്നു. തന്റെ ഒരു മകളേയും രണ്ടു ആൺമക്കളേയും സ്വന്തം ചെലവിൽ ഹാഫിളിനെവെച്ച് വിശുദ്ധഖുർആൻ ഹിഫ്ള് ചെയ്യിച്ചു. ദുൻയാപൂരിൽ സ്വദ്ർ ലജ്ന എന്ന സ്ഥാനത്തിനു പുറമെ സെക്രട്ടറിമാൽ, സെക്രട്ടറി ഇശാഅത്ത് എന്ന നിലയിലും സേവനമനുഷ്ഠിക്കാൻ ഭാഗ്യം കിട്ടി. ഖിലാഫത്തിനോടു അതീവസ്നേഹമായിരുന്നു. പരേത മൂസ്വിയായിരുന്നു. അവർ തന്റെ ഭർത്താവിനേയും രണ്ടു പെൺമക്കളേയും അഞ്ചു ആൺമക്കളേയും സ്മരണയായി വിട്ടുപോയിരിക്കുന്നു. അവരുടെ രണ്ട് ആൺമക്കൾ വഖ്ഫെസിന്ദഗിയാണ്. അവരിൽ ഒരാൾ ഞാൻ പറഞ്ഞതുപോലെ ലഈഖ് അഹ്മദ് മുശ്ത്താഖ് സാഹിബ് തെക്കെ അമേരിക്കയിലെ, Suriname ഇൻചാർജ് മുബല്ലിഗായി സേവനം അനുഷ്ഠിക്കുന്നു. മാതാവ് വഫാത്തായപ്പോൾ ഇദ്ദേഹത്തിന് പാക്കിസ്താനിൽ പോകാൻ കഴിഞ്ഞില്ല. അവരുടെ രണ്ടാമത്ത മകൻ വലീദ് അഹ്മദ് ജമാഅത്തിന്റെ മുറബ്ബിയാണ്. അദ്ദേഹം പാക്കിസ്താനിലുണ്ട്. അവിടെ സേവനം ചെയ്യാൻ ഭാഗ്യം കിട്ടിക്കൊണ്ടിരിക്കുന്നു. ഒരു ജാമാതാവ് മുസഫ്ഫർ അഹ്മദ് മുറബ്ബിയാണ്. അദ്ദേഹം പാക്കിസ്താനിൽ റബ്വയിൽ ഇസ്‌ലാഹ് വ ഇർശാദ് മർക്കസിയ്യായിൽ സേവനം ചെയ്യുന്നു. അല്ലാഹു പരേതയ്ക്ക് മഗ്ഫിറത്ത് നല്കുമാറാകട്ടെ. കാരുണ്യത്തോടെ പെരുമാറട്ടെ. പദവികൾ ഉയർത്തുമാറാകട്ടെ. അവരുടെ മക്കൾക്ക് അവരുടെ നന്മകൾ നിലനിറുത്താൻ തൗഫീഖ് നല്കുമാറാകട്ടെ. അവർക്കുവേണ്ടി ചെയ്തിട്ടുള്ള ദുആകൾ സ്വീകരിക്കുമാറാകട്ടെ

**(പേജ് 1ൽനിന്ന്)**

**ജദബ്:**

ജദബുകാരന്റെ ദർജ സാലിക്കുകളേക്കാൾ കൂടിയതാണ്. അല്ലാഹു അവരെ സുലൂക്കിന്റെ ദർജയിൽമാത്രം വെക്കുകയില്ല. മറിച്ച്, സ്വയം അവരെ കഷ്ടപ്പാടുകളിൽ ഇടുകയും 'ജാദബഃ അസ്‌ലീ'(ശാശ്വതമായ ആകർഷണം)കൊണ്ട് തന്നിലേക്ക് വലിച്ചടുപ്പിക്കുകയും ചെയ്യുന്നു. പ്രവാചകന്മാരെല്ലാം മജ്ദൂബ് തന്നെയായിരുന്നു. മനുഷ്യാത്മാക്കൾക്ക് കഷ്ടപ്പാടുകളുമായി പോരാട്ടമുണ്ടാകുമ്പോൾ അതുമുഖേന പരിചയസമ്പന്നനും അനുഭവജ്ഞനുമായി ആത്മാവ് മിന്നിത്തിളങ്ങുന്നു. ഇരുമ്പോ, സ്ഫടികമോ തിളങ്ങുന്ന ധാതു ഉൾക്കൊള്ളുന്നുണ്ടെങ്കിലും പോളിഷിനു ശേഷമായിരിക്കും തിളക്കമാർന്നതാവുക; ഏതുവരെയെന്നാൽ, നോക്കുന്നവന്റെ മുഖം അതിൽ കാണാൻ കഴിയണം. മുഖം കാണാൻ കഴിയുക എന്നാൽ എന്താണ്? **തഖല്ലഖൂ ബിഅഖ്‌ലാഖില്ലാഹി** എന്നതിന്റെ സാക്ഷാത്കാരമാകുക. സാലിക്കിന്റെ ഹൃദയം കണ്ണാടിയാണ്. അതിനെ കഷ്ടപ്പാടുകളും പ്രയാസങ്ങളും എത്രത്തോളം പോളിഷ് ചെയ്യുന്നുവെന്നാൽ, ദൈവഗുണങ്ങൾ അതിൽ പ്രതിഫലിക്കുന്നു. ഇതുണ്ടാകുന്നത് ധാരാളം മുജാഹദയ്ക്കും (ആത്മാവിനോടുള്ള പോരാട്ടത്തിനും) തദ്ക്കിയ്യത്തിനും(ആത്മശുദ്ധീകരണത്തിനും) ശേഷം അവന്റെ ഉള്ളിൽ ഒരുതരത്തിലുള്ള അഴുക്കും മാലിന്യവും ഇല്ലാതാകുമ്പോഴാണ്. അപ്പോഴാണ് ഈ പദവി കിട്ടുന്നത്. എല്ലാ ഓരോ മുഅ്മിനും ഒരു പരിധിവരെ അത്തരം ശുദ്ധിയുടെ ആവശ്യമുണ്ട്. ഒരു മുഅ്മിനും കണ്ണാടി കൂടാതെ മോക്ഷം പ്രാപിക്കുകയില്ല. സുലൂക്കുകാരൻ സ്വയം ഈ പോളിഷ് ചെയ്യുന്നു. തന്റെ ജോലികൊണ്ട് കഷ്ടപ്പാടുകൾ സഹിക്കുന്നു. പക്ഷേ, ജദബുകാരൻ കഷ്ടപ്പാടുകളിൽ ഇടപ്പെടുന്നു. അല്ലാഹു സ്വയം അവനെ പോളിഷ് ചെയ്യുന്നവനായിത്തീരുന്നു. പലരീതിയിലുള്ള കഷ്ടപ്പാടുകളും പ്രയാസങ്ങളും കൊണ്ട് പോളിഷ് ചെയ്ത് അവന് കണ്ണാടിയുടെ പദവി നല്കുന്നു. വാസ്തവത്തിൽ സാലിക്കിന്റേയും മജ്ദൂബിന്റേയും ഇരുവരുടേയും ഫലം ഒന്നുതന്നെയാണ്. അതിനാൽ മുത്തഖിയ്ക്ക് രണ്ടുഭാഗമുണ്ട്; സുലൂക്കും ജദബും."(മൽഫൂദാത്ത് വാള്യം 1, പേജ് 16-18)

# തെറ്റുകൾ മറച്ചുവെക്കുക

കൊച്ചു കൊച്ചു കാര്യങ്ങളിൽ രൂക്ഷമായ ഭിന്നതകൾ ഉണ്ടാകുന്നതായി ഞാൻ കാണുന്നു. തൽഫലമായി നമ്മുടെ നിസ്സാരകാര്യങ്ങൾപോലും വീക്ഷിച്ചുകൊണ്ടിരിക്കുന്ന പത്രമാസികക്കാർ അവരുടെ പത്രമാസികകളിൽ നമുക്കെതിരിൽ വെണ്ടക്ക അക്ഷരങ്ങൾ നിരത്തുന്നു. പൊതുജനങ്ങളെ വഴിതെറ്റിക്കുന്നു. എന്നാൽ, നമുക്കിടയിൽ ആഭ്യന്തരമായ ഐക്യം സ്ഥാപിതമായിട്ടുണ്ടെങ്കിൽ ഇത്തരം അനാവശ്യകഥകൾ പ്രസിദ്ധീകരിക്കാനും അതിലൂടെ ജനങ്ങളെ വഞ്ചിക്കാനും ആർക്കെങ്കിലും ധൈര്യമുണ്ടാകുമോ? ധാർമികമായ ശക്തികളെ എന്തുകൊണ്ട് സ്വരൂപിച്ച് സ്വന്തമാക്കിക്കൂടാ? ഇത് ഉണ്ടാകണമെങ്കിൽ സഹതാപവും സ്നേഹവും മാപ്പുകൊടുക്കാനുള്ള സന്മനസ്സും പരസ്പരം ആദരിക്കാനും ബഹുമാനിക്കാനുമുള്ള മനഃസ്ഥിതിയും ഉണ്ടാകണം. എല്ലായിടങ്ങളിലും കരുണയും സഹതാപവും ന്യൂനതകൾ മറച്ചുവെക്കുന്ന സ്വഭാവവും മുന്തിനിൽക്കണം. ഹൃദയത്തിനു ക്ഷതം ഉണ്ടാക്കുന്നതും നിരാശ ജനിപ്പിക്കുന്നതുമായ നിസാരകാര്യങ്ങളും കഠിനമായ പെരുമാറ്റവും ഉണ്ടാകാതിരിക്കാനും ശ്രദ്ധിക്കേണ്ടതാണ്.

നമുക്കിവിടെ മദ്രസയുണ്ട്. അച്ചടിശാലയുണ്ട്. വാസ്തവത്തിൽ ഈ സ്ഥാപനങ്ങൾ നടത്തിക്കൊണ്ടുപോകുക എന്നതാണോ നമ്മുടെ ഉദ്ദേശ്യം? അതല്ല, നമ്മുടെ കാര്യസാധ്യതയ്ക്കും ഉദ്ദേശ്യപ്രാപ്തിക്കും ആവശ്യമായ ഉപാധികളാണോ ഇവ? നമ്മുടെ ജീവിതോദ്ദേശ്യം ഈ കുട്ടികളെ പഠിപ്പിച്ച് ഉദ്യോഗസ്ഥരാക്കുകയോ വല്ല ഗ്രന്ഥവില്പനക്കാരാക്കുകയോ ചെയ്യുക എന്നതാണോ? ഇതെല്ലാം വളരെ നിസാരമായ കാര്യങ്ങളാണ്. ഇതുമായി നമുക്കെന്ത് ബന്ധം? ഇതൊക്കെ തികച്ചും പ്രാഥമികമായ കാര്യങ്ങളാണ്. മദ്രസ അതിന്റെ പ്രവർത്തനം തുടർന്നുകൊണ്ടിരിക്കുകയാണെങ്കിൽത്തന്നെ ഇരുപത് വർഷത്തിനുള്ളിൽ അലീഗഡ് കോളേജിനെപോലെ അതു വളർന്നുവലുതാക്കുമെന്ന് പ്രത്യക്ഷത്തിൽ വിചാരിക്കാൻ ന്യായമില്ല. എന്നാൽ, അല്ലാഹു ഒറ്റനിമിഷകൊണ്ട് അലീഗഡ് കോളേജിനെക്കാൾ ഇതിനെ വലുതാക്കാൻ വിചാരിക്കുന്നപക്ഷം അത് മറ്റൊരു കാര്യമാണ്. പറഞ്ഞുവരുന്നത് നമ്മുടെ ഊർജ്ജമെല്ലാം ഈ ഒരൊറ്റ കാര്യത്തിനുവേണ്ടി മാത്രം ചെലവഴിക്കേണ്ട കാര്യമില്ല എന്നാണ്. (മൽഫൂദാത്ത് വാള്യം 3 പേജ് 347-350)

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**"നിങ്ങൾക്ക് ഇരുലോകത്തും വിജയം കരസ്ഥമാകണമെന്നും ജനങ്ങളുടെ ഹൃദയങ്ങൾ കീഴടക്കണമെന്നും ആഗ്രഹിക്കുന്നെങ്കിൽ പരിശുദ്ധി സ്വായത്തമാക്കുക. നിങ്ങൾ സ്വയം നിങ്ങളെ നന്നാക്കുകയും മറ്റുള്ളവർക്ക് നിങ്ങളുടെ ശ്രേഷ്ഠമായ സ്വഭാവങ്ങളുടെ മാതൃക കാണിക്കുകയും ചെയ്യുക; അപ്പോഴായിരിക്കും നിങ്ങൾ വിജയിക്കുന്നത്."**
**(ജുമുഅ ഖുത്ബ 2016 ജനുവരി 1)**

**ത്വാലിബെ ദുആ:**
**M.K. Abdul Azeez & Family, Ahmadiyya Jama-ath Mannarkad(Kerala)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**"നമ്മുടെ ആരാധനാകർമങ്ങളുടെ അഭിവൃദ്ധി തന്നെയാണ് നമുക്ക് വിജയം നല്കുന്നത്. ഇത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഇതിനെക്കുറിച്ച് എല്ലാ വ്യവസ്ഥിതിയും ഗൗരവമാകേണ്ട ആവശ്യമുണ്ട്."**
**(ജുമുഅ ഖുത്ബ 27-01-2017)**

**ത്വാലിബെ ദുആ:**
**P.P. Nasiruddin , Ameer Ahmadiyya Jama-ath Kannur Town, Kerala.**

# ഖുത്ബ ജുമുഅ

**മിയാൻ മഹ്മൂദിൽ എത്രമാത്രം ദീനീപരമായ ആവേശമുണ്ടെന്നാൽ ഞാൻ ചില നേരങ്ങളിൽ അവനുവേണ്ടി പ്രത്യേകമായ നിലയിൽ ദുആ ചെയ്യുന്നു.**
**(ഹദ്റത്ത് മസീഹ് മൗഊദ് അലയ്ഹിസ്സലാം)**

**ഇലാഹീ! എന്റെ കണ്ണുകൾകൊണ്ട് ഇസ്‌ലാമിനെ ജീവിപ്പിച്ച് കാണിച്ചാലും**
**(ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് റളിയല്ലാഹു അൻഹു)**

"അദ്ദേഹത്തിന്റെ പ്രഭാഷണങ്ങൾ, അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ, അദ്ദേഹത്തിന്റെ ഖുർആൻ തഫ്സീർ എന്നിവ അല്ലാഹുവാണ് അദ്ദേഹത്തെ പഠിപ്പിച്ചതെന്നതിന് സാക്ഷിയാകുന്നു."

അദ്ദേഹത്തിന്റെ ചിന്താഗതികളും വീക്ഷണങ്ങളും ഒരു താത്ത്വികന്റേതിനു സമാനം ദൃഢമായി മാറിയിരുന്നു. അദ്ദേഹത്തിന്റെ വാക്കുകൾ പ്രഭാവവും ആകർഷണവും ആത്മാർഥതയും നൊമ്പരവും കലർന്നവയായിരുന്നു. സംഭാഷണത്തിൽ അല്പംപോലും വളച്ചുകെട്ടലുകൾ ഉണ്ടായിരുന്നില്ല. എഴുത്തുകൾ സങ്കീർണതകളില്ലാത്തവയുമായിരുന്നു. പ്രഭാഷണം സ്വഭാവികമായ ഒഴുക്കോടുകൂടിയതായിരുന്നു. രചനകൾ സുഗമമായ നദീപ്രവാഹമായിരുന്നു. അവരണ്ടും ഖുർആന്റെ ജ്ഞാനവിജ്ഞാനങ്ങളുടെ ജലത്താൽ നിറഞ്ഞതും ഒരേസമയം ബുദ്ധിയേയും മനസ്സിനേയും നിറയ്ക്കുകയും ചെയ്തിരുന്നു.

ഇത്ര ചെറുപ്രായത്തിൽ ചിന്താധാരകളുടെ ദൃഢഗാഢത ദൈവദൃഷ്ടാന്തത്തെക്കാൾ കുറവല്ല. ഇതും ഹുദൂർ(അ)ന്റെ സത്യസാക്ഷ്യത്തിനുള്ള ഒരു അടയാളമായി ഞാൻ കരുതുന്നു.

മനുഷ്യാത്മാവ് മറ്റുള്ളവരിൽ ഇറങ്ങുന്നുവെന്നത് ശരിയാണെങ്കിൽ നമുക്ക് പറയാൻ കഴിയും ആ നേരത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആത്മാവ് അവിടത്തെമേൽ ഇറങ്ങിക്കൊണ്ടിരിക്കുകയും **'എനിക്ക് കാരുണ്യത്തിന്റെ അടയാളമെന്ന നിലയിൽ നല്കപ്പെട്ടതും അവൻ സൗന്ദര്യത്തിലും നന്മയിലും നിനക്കു സമാനനായിരിക്കുമെന്ന് പറയപ്പെട്ടതുമായ എന്റെ പ്രിയപ്പെട്ട മകൻ'** ഇതാണെന്ന് വിളംബരം ചെയ്യുകയുമായിരുന്നു.

ഹദ്റത്ത് ഉലുൽഅസം മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദിനെ....അദ്ദേഹത്തിന്റെ ലജ്ജാശീലവും മാന്യതയും സത്യസന്ധതയും ദീനിലേക്കുള്ള ശ്രദ്ധയും എങ്ങനെയുള്ളതായിരുന്നുവെന്ന് അദ്ദേഹത്തിന്റെ കുട്ടിക്കാലമുതൽ കണ്ടുവരുന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദീനീപ്രവൃത്തികളിൽ കുട്ടിക്കാലംമുതൽതന്നെ അദ്ദേഹത്തിന് താൽപര്യമുണ്ടായിരുന്നു.

'എന്റെ അല്ലാഹുവേ! എന്റെ സമൂഹത്തെ എല്ലാവിധ പരീക്ഷണത്തിൽനിന്നും പ്രയാസത്തിൽനിന്നും രക്ഷിക്കേണമേ. വിവിധങ്ങളായ ആപത്തുകളിൽനിന്നും സംരക്ഷിക്കേണമേ. അവരിൽ വലിയ മഹാന്മാരെ ജനിപ്പിക്കേണമേ. നീ ഇഷ്ടപ്പെടുന്ന ഒരു സമൂഹവും പ്രത്യേക വിഭാഗവുമായി നീ ഇവരെ മാറ്റേണമേ.' (ആമീൻ)

അല്ലാഹു അദ്ദേഹത്തിനുമേൽ ആയിരമായിരം കാരുണ്യം വർഷിക്കുമാറാകട്ടെ; അദ്ദേഹം നബി(സ)തിരുമേനിയുടെ ദീനിനെ പ്രചരിപ്പിക്കുന്നതിനും അവിടത്തെ സത്യസേവകന്റേയും മസീഹ് മൗഊദിന്റേയും മഹ്ദിയെ മഅ്ഹൂദിന്റേയും ഉദ്ദേശ്യങ്ങൾ നിറവേറ്റുന്നതിന് രാവും പകലും ഒന്നാക്കി പ്രവൃത്തിച്ച് അല്ലാഹുവിന്റെ തിരുസന്നിധിയിൽ ഹാജരായി.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യത്തിനുള്ള ശക്തമായൊരു ദൃഷ്ടാന്തം, ഒരു മഹാനായ പുത്രൻ ജനിക്കുമെന്നുള്ള പ്രവചനത്തിന്റെ ചർച്ച, ഈ പ്രവചനത്തിന്റെ സാക്ഷാത്കാരമായ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ ജീവിത ചരിത്രത്തിലെ മനോഹരമായ സംഭവങ്ങൾ, മനസ്സുകളിൽ തുളച്ചുകയറുന്ന ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ ഒരു പ്രാർഥനയുടെ വിവരണം.

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**ഖുത്ബ 2018 ഫെബ്രുവരി 22/1398 തബ്‌ലീഗ് 22**
**മസ്ജിദ് ബയ്ത്തുൽ ഫുത്തൂഹ് ലണ്ടൻ**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ- الرَّحْمٰنِ الرَّحِيْمِ- مٰلِكِ يَوْمِ الدِّيْنِ- اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ-
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ- صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ-

ജമാഅത്തുകളിൽ മുസ്‌ലിഹ് മൗഊദ് ദിനയോഗങ്ങൾ നടന്നു വരുന്ന ദിനങ്ങളാണിത്. അതായത്, ഹദ്റത്ത് മസീഹ് മൗഊദി(അ)ന് അല്ലാഹു ഒരു വാഗ്ദത്ത പുത്രനെക്കുറിച്ച് വിവരം നല്കിയിരുന്നു. ആ മകനെ പ്രത്യേക സവിശേഷതകളുള്ളവനാക്കുമെന്ന് അല്ലാഹു പറഞ്ഞു. അവൻ ദീനിന്റെ സേവകനായിരിക്കും. ദീർഘായുഷ്മാനായിരിക്കും. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദൗത്യത്തെ മുന്നോട്ട് നയിക്കുന്നവനായിരിക്കും. 1886 ഫെബ്രുവരി 20ന് വിളംബരപ്പെടുത്തിയതാണ് ഈ പ്രവചനം. ഈ പ്രവചനം ഹദ്റത്ത് മസീഹ് മൗഊദി(അ)നു ലഭിക്കുന്ന ദൈവസഹായത്തിനും അദ്ദേഹത്തിന്റെ സത്യസാക്ഷ്യത്തിനുമുള്ള വളരെ വലിയ അടയാളമാണ്. അങ്ങനെ ആ കുട്ടിയുടെ ജനനവുമായി ബന്ധപ്പെട്ട കാലാവധിക്കുള്ളിൽ 1889 ജനുവരി 12 (eighteen eighty-nine)ന് അവൻ ജനിച്ചു. അവന് മിർസാ ബശീറുദ്ദീൻ മഹ്മൂദ് എന്ന പേര് വെക്കപ്പെട്ടു. അല്ലാഹു അദ്ദേഹത്തെ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന്റെ വഫാത്തിനുശേഷം ഖിലാഫത്ത് സ്ഥാനത്ത് അവരോധിച്ചു.

ഈ നേരത്ത് ഞാൻ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ ജീവിതത്തിലെ ചില സംഭവങ്ങളും അവിടന്ന് ഈ പ്രവചനത്തിന്റെ സാക്ഷാത്കാരമാകുന്നതിനെ സംബന്ധിച്ചും ചില കാര്യങ്ങൾ വിവരിക്കുന്നതാണ്. അതിനുമുമ്പേ ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാക്കുകളിൽ ഈ പ്രവചനത്തിന്റെ പ്രാധാന്യത്തേയും സത്യത്തേയും സംബന്ധിച്ച് അദ്ദേഹം പറഞ്ഞത് സമർപിക്കുകയാണ്. ഈ പ്രവചനം ഒരു സാധാരണ കുട്ടിയുടെ ജനനത്തെ സംബന്ധിച്ചുള്ളതല്ല. മറിച്ച് ഒരു മഹാനായ മകന്റെ ജനനത്തെ കുറിച്ചുള്ള പ്രവചനമായിരുന്നു. അവന്റെ വരവോടുകൂടി ഒരു ആത്മീയ വിപ്ലവത്തിന് അസ്തിവാരമിടാൻ പോകുകയായിരുന്നു. ഇതു സംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ്(അ)തന്റെ ആക്ഷേപകർക്ക് കൊടുത്ത മറുപടി സമർപിക്കുകയാണ്. അതദ്ദേഹത്തിന്റെ വാക്കുകൾ വായിക്കുന്നതുമായി ബന്ധപ്പെട്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: 'ഇവിടെ കണ്ണുകൾ തുറന്ന് നോക്കേണ്ടതാണ്. ഇതൊരു പ്രവചനം മാത്രമല്ല. മറിച്ച് മഹത്തായ ദൈവിക അടയാളമാണ്. അത് ഉദാരനായ അല്ലാഹു കരീമും റഊഫും റഹീമുമായ നമ്മുടെനബി മുഹമ്മദുമുസ്തഫാ(സ)ന്റെ സത്യസാക്ഷ്യവും മഹത്ത്വവും പ്രകടിപ്പിക്കുന്നതിന് വെളിപ്പെടുത്തിയതാണ്. യഥാർഥത്തിൽ ഈ അടയാളം മരിച്ചവനെ ജീവിപ്പിക്കുന്നതിനെക്കാൾ നൂറുമടങ്ങ് ഉന്നതവും ഉദാത്തവും മികച്ചതും ശ്രേഷ്ഠവും സമ്പൂർണവുമാകുന്നു. കാരണം മരിച്ചവനെ ജീവിപ്പിക്കുകയെന്നതിന്റെ അർഥം യഥാർഥത്തിൽ ദൈവസമക്ഷം ദുആ ചെയ്ത് ആത്മാവിനെ തിരിച്ച് വിളിപ്പിക്കുക എന്നാണ്. അത്തരം മരിച്ചവരെ ജീവിപ്പിക്കൽ, ഹദ്റത്ത് മസീഹിനേയും മറ്റു ചില പ്രവാചകന്മാരേയും സംബന്ധിച്ച് ബൈബിളിൽ എഴുതപ്പെട്ടിട്ടുണ്ട്. അതിനുള്ള തെളിവുകൾക്ക് ആക്ഷേപകർക്ക് പഞ്ഞമില്ല. അതിനെ കുറിച്ച് പറയുന്നത് അങ്ങനെ ജീവിക്കുന്നവർ, കുറച്ചുനേരം മാത്രമെ ജീവിക്കാറുണ്ടായിരുന്നുള്ളു എന്നാണ്. പിന്നീട്

വീണ്ടും തങ്ങളുടെ ബന്ധുമിത്രാദികളെ ദുഃഖത്തിലാഴ്ത്തി ഈ ലോകത്തുനിന്ന് അവർ വിടപറയുന്നു. അയാൾ അങ്ങനെ ലോകത്തു വരുന്നതുകൊണ്ട് ലോകത്തിനോ അയാൾക്കുതന്നെയോ ഒരു പ്രയോജനവുമില്ല. അയാളുടെ ബന്ധുക്കൾക്കും യഥാർഥമായ സന്തോഷം അതുകൊണ്ടുണ്ടാകുമായിരുന്നില്ല. അതിനാൽ മസീഹ് (അ)ന്റെ ദുആ കൊണ്ട് ഏതെങ്കിലും ആത്മാവ് ലോകത്ത് വന്നിട്ടുണ്ടെങ്കിൽത്തന്നെയും യഥാർഥത്തിൽ അയാൾ വരുന്നതും വരാതിരക്കുന്നതും തുല്യമാണ്. അത്തരം ആത്മാവ് വർഷങ്ങളോളം ശരീരത്തിൽ ശേഷിച്ചിരുന്നാലും ലോകത്തിന് അതിനെക്കൊണ്ട് എന്തു പ്രയോജനമുണ്ടാകാനാണ്? എന്നാൽ, ഇവിടെ.......അദ്ദേഹം പ്രവചനത്തെ സംബന്ധിച്ച് പറയുന്നു: മുമ്പേ ആ പ്രവാചകന്മാരുടെ ആത്മാക്കൾ തിരിച്ചുവന്നുകൊണ്ടിരുന്നെങ്കിൽ, ഏതെങ്കിലും മരിച്ചവനെ ജീവിപ്പിച്ചിരുന്നെങ്കിൽ അതൊരു താൽക്കാലികമായിരുന്നു. അവർ ഒരു സാധാരണ മനുഷ്യരായിരുന്നു. പക്ഷേ, അവിടന്ന് പറയുന്നു:

"ഇവിടെ അല്ലാഹുവിന്റെ അനുഗ്രഹത്താലും ഔദാര്യത്താലും ഹദ്റത്ത് ഖാത്തമുന്നബിയ്യീൻ (സ)ന്റെ ധന്യതയാലും കൃപാലുവായ അല്ലാഹു ഈ വിനീതന്റെ ദുആ സ്വീകരിക്കുകയും അനുഗൃഹീതമായ ഒരു ആത്മാവ് അയക്കുമെന്നും അവന്റെ ആന്തരികവും ബാഹ്യവുമായ അനുഗ്രഹങ്ങൾ ലോകം മുഴുവൻ വ്യാപിക്കുമെന്നും വാഗ്ദാനം നല്കുകയും ചെയ്തിരിക്കുന്നു. ഈ അടയാളം പ്രത്യക്ഷത്തിൽ മരിച്ചവരെ ജീവിപ്പിക്കുന്നതിന് സമാനമാണെന്ന് മനസിലാകുന്നുവെങ്കിലും ചിന്തിക്കുമ്പോൾ മനസ്സിലാക്കാൻ കഴിയും മരിച്ചവരെ ജീവിപ്പിക്കുന്നതിനെക്കാൾ നൂറുമടങ്ങ് ഉന്നതമാണെന്ന്. മരിച്ചവരുടേയും ആത്മാവുതന്നെയാണ് തിരിച്ചുവരുന്നത്. ഇവിടേയും ദുആ മുഖേന ഒരു ആത്മാവാണ് ചോദിക്കപ്പെട്ടത്." അവിടന്ന് പറയുന്നു, 'ആൺകുട്ടിയ്ക്കുവേണ്ടിയാണ് ഈ ദുആ ചെയ്യപ്പെട്ടത്. ദുആമുഖേന തന്നെ ഒരു ആത്മാവ് ചോദിക്കപ്പെട്ടു. എന്നാൽ, ആ ആത്മാവുകളും ഈ ആത്മാവുംതമ്മിൽ ലക്ഷക്കണക്കിന് മൈലുകളുടെ വ്യത്യാസമുണ്ട്. മുസ്ലീംകളിൽ രഹസ്യമായി മുർത്തദ്ദായിട്ടുള്ളവർ നബി(സ)തിരുമേനിയുടെ ദിവ്യദൃഷ്ടാന്തങ്ങൾ വെളിപ്പെടുന്നതുകണ്ട് സന്തോഷിക്കുകയില്ല. പ്രത്യുത അങ്ങനെ എന്തുകൊണ്ട് സംഭവിച്ചുവെന്നോർത്ത് അവർക്ക് വലിയ ദുഃഖമുണ്ടാകുന്നു."(മജുമൂആ ഇശ്തിഹാറാത്ത്, വാല്യം 1, പേജ് 114–115, ഇശ്തിഹാർ വാജിബുൽ ഇള്ഹാർ 1886 മാർച്ച് 22)

തബ്ലീഗെ രിസാലത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇങ്ങനെ വിവരിക്കുന്നു:'ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ ഒരു സാധാരണ ആത്മാവിനെ ആയിരുന്നില്ല ചോദിച്ചത്, മറിച്ച് ഒരു ദൃഷ്ടാന്തമാണ് ആവശ്യപ്പെട്ടത്. അതിന്റെ ഉത്തരമായി അല്ലാഹു വളരെയധികം സവിശേഷതകൾ ഉൾക്കൊള്ളുന്ന ഒരു മകന്റെ ജനനത്തെക്കുറിച്ചുള്ള അറിയിപ്പ് നൽകി. ദീർഘായുഷ്മാനും അതിബുദ്ധിമാനും കാര്യജ്ഞനുമായൊരു ഉജ്ജ്വല പുത്രനെ കുറിച്ച് അറിവ് നല്കി. അവൻ പ്രതാപവും പ്രഭാവവും ഐശ്വര്യവുമുള്ളവനായിരിക്കും. ജനവിഭാഗങ്ങൾ അവനിൽനിന്ന് അനുഗ്രഹം തേടും. ആന്തരികവും ബാഹ്യവുമായ വിജ്ഞാനത്താൽ അവൻ നിറയ്ക്കപ്പെടും. ദൈവവചനത്തിന്റെ അഥവാ വിശുദ്ധ ഖുർആന്റെ അഗാധജ്ഞാനം അവന് നല്കപ്പെടും. ദൈവദത്തമായ യുക്തി ഉപയോഗിച്ച് അവൻ അതിമഹത്തായ ഖുർആനിക സേവനങ്ങൾക്ക് ഭാഗ്യംനേടുന്നതും അങ്ങനെ ദൈവവചനത്തിന്റെ പദവി ലോകത്ത് വെളിപ്പെടുന്നതുമാണ്. അവൻ ബന്ധനസ്ഥരുടെ മോചനത്തിന് കാരണമാകും. ലോകം തീചൂളക്കു സമാനമാകും. അതായത് അവന്റെ ജീവിതഘട്ടത്തിൽ ആഗോളയുദ്ധങ്ങൾ നാശം വിതയ്ക്കുന്നതാണ്. അത് മുഴുലോകത്തെയും കരിച്ചുകളയുന്നതാണ്. അവൻ ഭൂമിയുടെ അറ്റങ്ങളോളം കീർത്തി പ്രാപിക്കുന്നതാണ്."(സവാനെ ഫള്ലെ ഉമർ, വാല്യം 1, പേജ് 53–54)

ഇനി നമുക്ക് ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)ന്റെ കാലഘട്ടത്തിൽ അത്ര വിനാശകരമായ ആഗോള വിപത്തുകൾ യുദ്ധത്തിന്റെ രൂപത്തിൽ വന്നിട്ടുണ്ടോ എന്ന് നോക്കാം. രണ്ടു ആഗോളയുദ്ധമുണ്ടായി. വിപത്തിന്റെ രൂപത്തിലും വന്നു. പിന്നീട് കീർത്തി നേടുമെന്നതിനെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ അദ്ദേഹം തന്റെ ജീവിതത്തിൽ പുതിയ മിഷനും പ്രബോധനപ്രവൃത്തിയും ചെയ്ത് ലോകത്തിലെ വിവിധ രാജ്യങ്ങളിൽ ഇസ്ലാമിന്റെ സന്ദേശമെത്തിച്ച് ഭൂമിയുടെ അറ്റങ്ങളോളം കീർത്തിയും പ്രാപിച്ചു. എന്നല്ല ഈ പ്രവചനത്തിന്റെ അടിസ്ഥാനത്തിൽ ആ പരമ്പര ഇന്നും നടന്നുവരുന്നതായി നമ്മൾ കാണുന്നു. ഇനി ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)ന്റെ ജീവചരിത്രം ഉദ്ധരിച്ച് ഞാൻ പറഞ്ഞതുപോലെ കുറച്ചുകാര്യങ്ങൾ അവതരിപ്പിക്കുന്നതായിരിക്കും.

അദ്ദേഹത്തിന്റെ വിദ്യാഭ്യാസത്തെ കുറിച്ച് പറയുകയാണെങ്കിൽ, വിശുദ്ധ ഖുർആൻ ഓതാൻ പഠിച്ചതിനു ശേഷം സ്കൂളിൽ ചേർന്ന് സാമ്പ്രദായിക വിദ്യാഭ്യാസം കരസ്ഥമാക്കുന്നതിനുള്ള അവസരം അദ്ദേഹത്തിന് ലഭിച്ചു. വീട്ടിലും അധ്യാപകരിൽ നിന്ന് ഉർദു, ഇംഗ്ലീഷ് പഠനത്തിൽ സഹായം ലഭിച്ചു. ഹദ്റത്ത് പീർ മൻള്വൂർ മുഹമ്മദ് സാഹിബ് (റ) കുറച്ചുകാലം അദ്ദേഹത്തെ ഉർദു പഠിപ്പിച്ചുകൊണ്ടിരുന്നു. വീട്ടിൽ പഠിപ്പിക്കുന്നതിനുവേണ്ടി നിശ്ചയിക്കപ്പെട്ട ഉസ്താദുമാരിൽ പീർ മൻള്വൂർ മുഹമ്മദ് സാഹിബ് ഉണ്ടായിരുന്നു. അദ്ദേഹമാണ് കുറച്ചുകാലം ഉർദു പഠിപ്പിച്ചിരുന്നത്. അതുകഴിഞ്ഞ് കുറച്ചുകാലം മൗലവി ശേർ അലി സാഹിബ് (റ) അദ്ദേഹത്തെ ഇംഗ്ലീഷ് പഠിപ്പിച്ചു. പക്ഷേ, ഈ എല്ലാ വിദ്യാഭ്യാസവും ഏത് അന്തരീക്ഷത്തിലും ഏതൊരു ഏർപാടോടും കൂടിയാണോ നടന്നത് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) ഫള്ലെ ഉമർ(റ)ന്റെ ജവിതചരിത്രം എഴുതിയപ്പോൾ അവിടന്ന് എഴുതുന്നു, ഇതും ഒരു രസകരമായ കഥയാണ്. അത് നേരിട്ട് ഹദ്റത്ത് സാഹിബ് സാദ മിർസാ മഹ്മൂദ് അഹ്മദ് സാഹിബിന്റെ വാക്കുകളിൽത്തന്നെ കേൾക്കേണ്ടതുമായി ബന്ധപ്പെട്ടതാണ്. വിദ്യാഭ്യാസത്തിന്റെ അവസ്ഥ എന്തായിരുന്നു? അത് ഞാൻ പറഞ്ഞതാണ്. അത് നമ്മളെല്ലാവരും ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)ന്റെ നാവിൽനിന്നുതന്നെ കേൾക്കുയാണ്. അവിടന്ന് പറയുന്നു:

എന്റെ വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ എന്നോട് ഏറ്റവും കൂടുതൽ ഔദാര്യം കാണിച്ചത് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലാണ്. അദ്ദേഹം ഒരു വൈദ്യനായിരുന്നു. പുസ്തകത്തിലേക്ക് അധികനേരം നോക്കുവാൻ എന്റെ ആരോഗ്യസ്ഥിതി അനുവദിക്കുന്നില്ലെന്ന കാര്യം അദ്ദേഹത്തിന് അറിവുള്ളതായിരുന്നു. അതുകൊണ്ട് അദ്ദേഹത്തിന്റെ രീതി ഉണ്ടായിരുന്നത് ഇപ്രകാരമായിരുന്നു. അദ്ദേഹം എന്നെ സമീപത്ത് ഇരുത്തും. എന്നിട്ട് പറയും, 'മിയാ! ഞാൻ വായിച്ചുകൊണ്ടു പോകും. നീ കേട്ട് കൊണ്ടുപോകുക.' ബാല്യത്തിൽ എന്റെ കണ്ണുകളിൽ നിറയെ കുരുക്കൾ ബാധിച്ചിരുന്നു എന്നതായിരുന്നു അതിനു കാരണം. തുടർച്ചയായി മൂന്ന്, നാല് വർഷംവരെ എന്റെ കണ്ണുകൾ വേദനിച്ച് കൊണ്ടിരുന്നു. കുരുക്കൾ കാരണം ശക്തമായ ബുദ്ധിമുട്ട് അനുഭവപ്പെട്ടു. കാഴ്ച നഷ്ടപ്പെടുമെന്ന് ഡോക്ടർ പറഞ്ഞു. അപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) എന്റെ ആരോഗ്യത്തിനുവേണ്ടി പ്രത്യേകം ദുആ ചെയ്യാൻ തുടങ്ങി. ഒപ്പം നോമ്പുപിടിക്കാനും തുടങ്ങി. അവിടന്ന് എത്രനോമ്പുപിടിച്ചുവെന്ന് എനിക്ക് ഇപ്പോൾ ഓർമയില്ല. എന്തായാലും മൂന്നോ ഏഴോ നോമ്പ് അവിടന്ന് പിടിച്ചു. അവസാന ദിവസം നോമ്പു തുറക്കാൻ തുടങ്ങുമ്പോൾ നോമ്പു തുറക്കുന്നതിനുവേണ്ടി വായിലെന്തോ ഇട്ടപ്പോൾ പൊടുന്നനെ എന്റെ കണ്ണുകൾ തുറന്നു. ഞാൻ കാണാൻ തുടങ്ങിയെന്ന് വിളിച്ചുപറഞ്ഞു. പക്ഷേ, ഈ രോഗത്തിന്റെ കാഠിന്യവും തുടർച്ചയായുള്ള ഉപദ്രവവും കാരണത്താൽ എന്റെ ഒരു കണ്ണിന്റെ കാഴ്ച ഇല്ലാതായി. എന്റെ ഇടത് കണ്ണിന് കാഴ്ച്ചയില്ല. എനിക്ക് വഴികൾ കാണാൻ സാധിക്കുമെങ്കിലും പുസ്തകങ്ങൾ വായിക്കാൻ സാധിക്കുന്നില്ല. രണ്ടു നാലടി ദൂരത്തിൽ ഞാനറയുന്ന ആരെങ്കിലും ഇരിക്കുന്നുണ്ടെങ്കിൽ അയാളെ കണ്ട് എനിക്ക് തിരിച്ചറിയാൻ കഴിയും. അറിയാത്ത ആളാണ് ഇരിക്കുന്നതെങ്കിൽ അയാളുടെ രൂപം കാണാൻ കഴിയില്ല. വലതുകണ്ണുമാത്രമാണ് പ്രവർത്തിക്കുന്നത്. എന്നാൽ, അതിലും കുരുക്കളുണ്ട്. അത് എത്രമാത്രം ഗുരുതരമായിരുന്നുവെന്നാൽ പലപല രാത്രികളും ഞാൻ ഉണർന്നിരുന്ന് നേരം വെളുപ്പിച്ചിട്ടുണ്ട്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) എന്റെ അധ്യാപകരോട് പറഞ്ഞു: 'അവന്റെ ഇഷ്ടമനുസരിച്ച് അവൻ പഠിച്ചുകൊള്ളട്ടെ. അവന് എത്ര പഠിക്കണമെന്ന് തോന്നുന്നുവോ അത്ര പഠിക്കട്ടെ. പഠിക്കുന്നില്ലെങ്കിൽ അവനുമേൽ സമ്മർദ്ദം ചെലുത്തണ്ട. എന്തുകൊണ്ടെന്നാൽ അവന് പഠനഭാരം വഹിക്കാനുള്ള ആരോഗ്യമില്ല.' ഹദ്റത്ത് മസീഹ് മൗഊദ്(അ) എന്നോട് ആവർത്തിച്ച് ഇത്രമാത്രമായിരുന്നു പറഞ്ഞത്: 'വിശുദ്ധ ഖുർആന്റെ തർജമയും ബുഖാരിയും മൗലവി സാഹിബിൽ നിന്ന്(അതായത് ഖലീഫത്തുൽമസീഹ് അവ്വലിൽനിന്ന്) പഠിക്കുക.' അദ്ദേഹം ഇങ്ങനെയും പറഞ്ഞിരുന്നു: 'കുറച്ച് വൈദ്യവും പഠിക്കുക. അത് നമ്മുടെ കുലത്തൊഴിലാകുന്നു.'

അദ്ദേഹം പറയുന്നു: 'മാസ്റ്റർ ഫഖീറുല്ലാഹ് സാഹിബ് (സ്കൂളിൽ) ഞങ്ങളുടെ കണക്ക് മാഷായിരുന്നു. മറ്റു കുട്ടികൾക്ക് മനസ്സിലാക്കിക്കൊടുക്കുന്നതിന് അദ്ദേഹം ബോർഡിൽ കണക്കു ചെയ്യുമായിരുന്നു. പക്ഷേ, എനിക്ക് കാഴ്ചക്കുറവുകാരണത്താൽ അത് കാണാൻ കഴിയുമായിരുന്നില്ല. കാരണം ബോർഡിന്റെ അകലംവരെ എന്റെ കാഴ്ച എത്തുമായിരുന്നില്ല. പിന്നെ കൂടുതൽനേരം എനിക്ക് ബോർഡിൽ നോക്കിയിരിക്കാനും കഴിയുമായിരുന്നില്ല. കാരണം ദൃഷ്ടി ക്ഷീണിച്ചുപോകുമായിരുന്നു. ഇക്കാരണത്താൽ ക്ലാസിലിരിക്കുന്നത് ഒരു പാഴ്വേലയായി ഞാൻ മനസ്സിലാക്കി. എപ്പോഴെങ്കിലും തോന്നിയാൽപോകും. അല്ലെങ്കിൽ പോകുകയില്ല. മാസ്റ്റർ ഫഖീറുല്ലാഹ് സാഹിബ് ഒരിക്കൽ എന്നെ കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് പരാതിപ്പെട്ടു: 'ഹുദൂർ! ഇവൻ ഒന്നും പഠിക്കുന്നില്ല. മദ്രസയിൽ ചിലപ്പോൾ വരും ചിലപ്പോൾ വരില്ല.' ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു: 'ഞാൻ ഓർക്കുന്നു, മാസ്റ്റർ സാഹിബ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അടുക്കൽ പരാതി പറഞ്ഞ സന്ദർഭത്തിൽ ഞാൻ പേടിച്ച് ഒളിച്ചിരുന്നു. കാരണം ഹദ്റത്ത് മസീഹ് മൗഊദ്(അ) എത്രമാത്രം നീരസപ്പെടുമെന്ന് എനിക്ക് അറിയുമായിരുന്നില്ല. എന്നാൽ, ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇക്കാര്യം അറിഞ്ഞപ്പോൾ പറഞ്ഞു: 'നിങ്ങൾ കുട്ടിയെ ശ്രദ്ധിക്കുന്നുവെന്നത് നിങ്ങളുടെ സന്മനസ്സാണ്. ഇവൻ ചിലപ്പോഴെങ്കിലും മദ്രസയിൽ വരുന്നുണ്ട് എന്ന് നിങ്ങളിൽ നിന്നറിഞ്ഞതിൽ ഞാൻ സന്തോഷിക്കുന്നു.(ഇങ്ങനെ വല്ലപ്പോഴുമെങ്കിലും അവൻ വരുന്നുണ്ടെന്നത് സന്തോഷം പകരുന്ന കാര്യമാണ്). അവന്റെ ആരോഗ്യം പഠനത്തിനു യോഗ്യമല്ലെന്നാണ് ഞാൻ കരുതുന്നത്. എന്നിട്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) ചിരിച്ചുകൊണ്ട് പറഞ്ഞു: 'കണക്ക് പഠിപ്പിച്ച് അവനെക്കൊണ്ട് പലചരക്കുകട തുറപ്പിക്കാനുള്ള പദ്ധതിയൊന്നും നമുക്കില്ല. കണക്ക് അവന് അറിയാമെങ്കിലും ഇല്ലെങ്കിലും കാര്യമൊന്നുമില്ല.' തുടർന്ന് പറഞ്ഞു: 'നബി(സ)തിരുമേനിയും സ്വഹാബത്തും ഏത് കണക്കാണ് പഠിച്ചിരുന്നത്? ഇവൻ മദ്രസയിൽ വരുന്നുണ്ടെങ്കിൽ അത് നല്ല കാര്യം. വന്നില്ലെങ്കിൽ അവനെ നിർബന്ധിക്കണ്ട.' മാസ്റ്റർ സാഹിബ് അത് കേട്ട് തിരിച്ച് പോയി. എന്നാൽ, ഞാൻ ഈ മൃദുലസ്വഭാവത്തിൽനിന്ന് കൂടുതൽ മുതലെടുക്കാൻ തുടങ്ങി. പിന്നീട്

മദ്രസയിൽ പോകുന്നതുതന്നെ ഉപേക്ഷിച്ചു. വല്ലപ്പോഴും മാസത്തിൽ ഒന്നോ രണ്ടോ തവണ മാത്രം പോയെങ്കിലായി. ചുരുക്കത്തിൽ ഈ രീതിയിലാണ് എന്റെ പഠനം നടന്നിരുന്നത്. യഥാർഥത്തിൽ ഞാൻ നിർബന്ധിതനുമായിരുന്നു. കുട്ടിക്കാലത്ത് കണ്ണിന്റെ ബുദ്ധിമുട്ടിനു പുറമെ കരളിനും രോഗം ബാധിച്ചിരുന്നു. ആറാറു മാസം എനിക്ക് ഉഴുന്ന് പരിപ്പിന്റെ വെള്ളമോ ചീരയുടെ വെള്ളമോ നൽകിയിരുന്നു.(കരൾ രോഗത്തിന്റെ ചികിത്സയെന്നോണം). അതോടൊപ്പം പ്ലീഹവീക്കവും(Spleen) വർധിച്ചു. Red Idoid of Mercury രോഗമുള്ള ഭാഗത്ത് മസ്സാജ്ചെയ്ത് കൊണ്ടിരുന്നു. അതുപോലെ തൊണ്ടയുടെ ഭാഗത്തും മസ്സാജ് ചെയ്തു. കാരണം എനിക്ക് തൊണ്ടവീക്കവും ബാധിച്ചിരുന്നു. (Tonsilsന്റെ അസുഖവും ഉണ്ടായിരുന്നു). ചുരുക്കത്തിൽ കണ്ണുകളിൽ കുരുക്കളും കരളിന് അസുഖവും, പ്ലീഹ വീക്കത്തിന്റെ ഉപദ്രവവും ഉണ്ടായി. അതോടൊപ്പം പനിയും തുടങ്ങി. അത് വിട്ടൊഴിയാതെ ആറ് മാസം തുടർന്നുകൊണ്ടിരിക്കും. അതോടെ പഠിക്കാൻ ആഗ്രഹിക്കുന്നത്ര പഠിക്കട്ടെ കൂടുതൽ നിർബന്ധം ചെലുത്തേണ്ടതില്ല എന്ന് മുതിർന്നവർ തീരുമാനിക്കുകയും ചെയ്തു. ഈ സാഹചര്യത്തിൽ എന്റെ വിദ്യാഭ്യാസ യോഗ്യതയുടെ അവസ്ഥ എന്തായിരിക്കുമെന്ന് എല്ലാവർക്കും അനുമാനിക്കാനാകുന്നതാണ്.'

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: "ഒരിക്കൽ ഞങ്ങളുടെ മാതാമഹൻ ഹദ്റത്ത് മീർ നാസിർ നവാബ് സാഹിബ്(റ) എന്റെ ഉർദു പരീക്ഷനടത്തി." ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) എഴുതുന്നു:'എന്റെ കൈയക്ഷരം വളരെ മോശമായിരുന്നു. അക്കാലത്ത് എത്രമാത്രം മോശമായിരുന്നുവെന്നാൽ എന്താണ് എഴുതിയിട്ടുള്ളതെന്ന് വായിക്കാൻ കഴിയുമായിരുന്നില്ല. ഞാനെന്താണ് എഴുതിയിട്ടുള്ളതെന്ന് മനസ്സിലാക്കാൻ അദ്ദേഹം കുറെ ശ്രമിച്ചു. പക്ഷേ, അദ്ദേഹത്തിന് വായിച്ചെടുക്കാൻ കഴിഞ്ഞില്ല.' അവിടന്നെഴുതുന്നു: എന്നെപ്പോലുള്ള കുട്ടികളിൽ മിക്കവരുടേയും കൈയക്ഷരം എന്നെക്കാൾ മെച്ചപ്പെട്ടതായിരുന്നു. എന്റെ എഴുത്തിന്റെ മാതൃക എന്റെ മകൾ (സ്വന്തം മകളെ ഉപമിച്ചു പറയുകയാണ്) അമത്തുർറശീദിന്റെ എഴുത്തിലുണ്ട്. അവളുടെ കൈയക്ഷരം എങ്ങനെയുള്ളതായിരുന്നുവെന്നാൽ അവൾ എഴുതിയത് അവൾതന്നെ ശരിയായി വായിച്ചാൽ ഒരു രൂപ സമ്മാനം നല്കാമെന്ന് ഒരിക്കൽ നിശ്ചയിച്ചിരുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: 'ഈ അവസ്ഥതന്നെയായിരുന്നു ആ നേരത്ത് എന്റേതും. ഞാൻ സ്വന്തം എഴുതിയതുതന്നെ ചിലപ്പോൾ എനിക്ക് വായിക്കാൻ കഴിയുമായിരുന്നില്ല.' അദ്ദേഹം പറയുന്നു:'മീർ സാഹിബ് പേപ്പർ നോക്കിയപ്പോൾ അദ്ദേഹത്തിന് ദേഷം വന്നു. ഇത് കൈയില്ലാത്തവൻ എഴുതിയതുപോലെയാണെന്ന് അദ്ദേഹം പറഞ്ഞുതുടങ്ങി. പെട്ടെന്ന് ദേഷപ്പെടുന്ന പ്രകൃതമായിരുന്നു അദ്ദേഹത്തിന്റേത്. ദേഷത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അടുത്തെത്തി. ഞാനും അപ്പോൾ വീട്ടിൽത്തന്നെയുണ്ടായിരുന്നു. അദ്ദേഹത്തിന്റെ സ്വഭാവത്തെ ഞങ്ങൾ ആദ്യമെ ഭയപ്പെട്ടിരുന്നു. "ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അടുക്കൽ പരാതിയുമായി എത്തിയപ്പോൾ ഭയം വീണ്ടും കൂടി. ഇനി എന്തായിരിക്കും സംഭവിക്കുകയെന്ന് അറിയില്ല! അദ്ദേഹം പറയുന്നു: അങ്ങനെ മീർ സാഹിബ് വന്നു. ഹദ്റത്ത് സാഹിബിനോടു പറഞ്ഞു, അങ്ങ് അല്പംപോലും ശ്രദ്ധിക്കുന്നില്ല. മഹ്മൂദിന്റെ പഠനകാര്യത്തിൽ അങ്ങയ്ക്ക് അല്പംപോലും ശ്രദ്ധയില്ല. കുട്ടിയുടെ പ്രായം പാഴായിപ്പോകുകയാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) മീർ സാഹിബിനെ ഇത്ര ദേഷത്തിൽ കണ്ടപ്പോൾ പറഞ്ഞു:'മൗലവി സാഹിബിനെ വിളിക്കുക!' അവിടന്ന് പറയുന്നു, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് എന്തെങ്കിലും ബുദ്ധിമുട്ടുണ്ടാകുമ്പോൾ എപ്പോഴും ഹദ്റത്ത് ഖലീഫത്തുൽമസീഹ് അവ്വലിനെ വിളിക്കുമായിരുന്നു. ഹദ്റത്ത് ഖലീഫ ഔവ്വലിന് എന്നോടു അതിയായ സ്നേഹമായിരുന്നു.' അവിടന്ന് വന്നു, സാധാരണയെന്നപോലെ ദൃഷ്ടി താഴോട്ടാക്കി ഒരു ഭാഗത്തേക്ക് മാറിനിന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: "മൗലവി സാഹിബേ! ഞാൻ താങ്കളെ വിളിപ്പിച്ചത് മീർ സാഹിബ് പറയുന്നു, മഹ്മൂദ് എഴുതിയത് വായിക്കാൻ കഴിയുന്നില്ലെന്ന്. അവന്റെ പരീക്ഷ നടത്തണമെന്ന് ഞാൻ വിചാരിക്കുന്നു." ഇതു പറഞ്ഞുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പേനയെടുത്തു. രണ്ടുമൂന്നു വരിയെഴുതി എനിക്കു നല്കി. അത് പകർത്തിയെഴുതാൻ പറഞ്ഞു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ഈ പരീക്ഷയാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) നടത്തിയത്. ഞാൻ വളരെ സൂക്ഷിച്ച് ചിന്തിച്ചും മനസ്സിലാക്കിയും അത് പകർത്തിയെഴുതി. ഒന്നാമതായി ആ വാക്യം വളരെ വലുതൊന്നുമായിരുന്നില്ല. രണ്ടാമത്തേത് ഞാൻ അത് പകർത്തിയെഴുതിയാൽമാത്രം മതിയായിരുന്നു. പകർത്തിയെഴുതാൻ കൂടുതൽ എളുപ്പമായിരുന്നു. കാരണം യഥാർഥ വസ്തു മുന്നിലുണ്ട്. പിന്നെയാണെങ്കിൽ ഞാൻ മെല്ലെ മെല്ലെയാണ് എഴുതിയത്. അലിഫും ബായും വളരെ സൂക്ഷിച്ചെഴുതി. ഹദ്റത്ത് മസീഹ് മൗഊദ്(അ) അതു കണ്ടപ്പോൾ പറഞ്ഞു, മീർ സാഹിബ് പറഞ്ഞപ്പോൾ എനിക്ക് വലിയ ചിന്തയാണുണ്ടായത്. എന്നാൽ, ഇവന്റെ കൈയക്ഷരം എന്റെ കൈയക്ഷരവുമായി സാദൃശ്യമുള്ളതാണ്. ഹദ്റത്ത് ഖലീഫ ഔവ്വൽ(റ) ആദ്യമെതന്നെ എന്നെ പ്രശംസിക്കുന്ന വ്യക്തിയാണ്. പറഞ്ഞു:'ഹുദൂർ! മീർ സാഹിബിന് വെറുതെ ദേഷം വന്നതാണ്. ഇവന്റെ കൈയക്ഷരം വളരെ നല്ലതാണ്.'

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ എപ്പോഴും എന്നോട് പറഞ്ഞിരുന്നത്, മിയാ! നിനക്ക് തനിച്ച് പഠിക്കാനുള്ള ആരോഗ്യമില്ല. അതുകൊണ്ട് നീ എന്റെ അടുത്ത് വരിക. ഞാൻ വായിക്കാം, നീ കേട്ട് കൊണ്ടിരിക്കുക എന്നായിരുന്നു. അദ്ദേഹം വളരെ പണിപ്പെട്ട് ആദ്യം ഖുർആൻ ഓതാൻ പഠിപ്പിച്ചു. ശേഷം ബുഖാരി പഠിപ്പിച്ചു. എന്നാൽ, അദ്ദേഹം സാവധാനത്തിലായിരുന്നില്ല എന്നെ ഖുർആൻ പഠിപ്പിച്ചത്. അദ്ദേഹത്തിന്റെ രീതി ഖുർആൻ വായിക്കുകയും കൂടെത്തന്നെ തർജമ ചെയ്യുകയുമായിരുന്നു. ആവശ്യമായി തോന്നുന്ന കാര്യം എന്തെങ്കിലുമുണ്ടെങ്കിൽ പറഞ്ഞു തരുമെന്നല്ലാതെ അദ്ദേഹം വേഗത്തിൽ പഠിപ്പിച്ചു പോകുമായിരുന്നു. അദ്ദേഹം മൂന്ന് മാസംകൊണ്ട് എന്നെ ഖുർആൻ മുഴുവനും പഠിപ്പിച്ചു കഴിഞ്ഞിരുന്നു. അതിനുശേഷം കുറച്ചു മുടക്കമുണ്ടായി. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വഫാത്തിനുശേഷം ഹദ്റത്ത് ഖലീഫ ഔവ്വൽ(റ)വീണ്ടും എന്നോടു പറഞ്ഞു, 'മിയാ എന്നെക്കൊണ്ടു ബുഖാരി മുഴുവിപ്പിക്കുക.' മൗലവി സാഹിബിൽനിന്ന് ഖുർആനും ബുഖാരിയും പഠിക്കാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്നോടു പറയാറുണ്ടായിരുന്നുവെന്ന് ഞാൻ അദ്ദേഹത്തോടു പറഞ്ഞിരുന്നു.അങ്ങനെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജീവിത കാലത്തുതന്നെ ഞാൻ അദ്ദേഹത്തിൽനിന്ന് ഖുർആനും ബുഖാരിയും പഠിക്കാൻ തുടങ്ങിയിരുന്നു. പക്ഷേ, ഇടയ്ക്ക് മുടക്കം ഉണ്ടായിക്കൊണ്ടിരുന്നു. ഇപ്രകാരംതന്നെ വൈദ്യവും അദ്ദേഹത്തിൽ നിന്ന് ഞാൻ പഠിക്കാൻ തുടങ്ങിയിരുന്നു. പിന്നീട് അവിടന്ന് പറയുന്നു, മീർ സാഹിബിന്റെ ഒരു ഫലിതമുണ്ട്. അത് നമ്മുടെ വീട്ടിൽ നല്ലവണ്ണം പ്രചരിച്ചിരുന്നു. രണ്ടാമത്തെ ദിവസംതന്നെ(ആദ്യത്തെ ദിവസത്തെ പാഠം രണ്ടുപേരും എടുത്തതിനുശേഷം രണ്ടാമത്തെ ദിവസം) മീർ മുഹമ്മദ്ഇസ്ഹാഖ് സാഹിബ് തന്റെ ഉമ്മയോടു പറഞ്ഞു: 'അമ്മാജാൻ എന്നെ അതിരാവിലെ എഴുന്നേല്പിക്കണം.കാരണം മൗലവി സാഹിബ് താമസിച്ചാണ് വൈദ്യശാലയിൽ വരുന്നത്. രോഗികൾക്ക് മരുന്നെഴുതികൊടുക്കുന്നതിന് എനിക്ക് നേരത്തെ അവിടെ എത്തണം. വാസ്തവത്തിൽ വൈദ്യം പഠിക്കാൻ തുടങ്ങിയിട്ട് ഒരു ദിവസമേ ആയിരുന്നുള്ളു. ചുരുക്കത്തിൽ ഞാൻ അദ്ദേഹത്തിൽനിന്ന് വൈദ്യവും പഠിച്ചു, ഖുർആന്റെ തഫ്സീറും പഠിച്ചു. ഖുർആന്റെ തഫ്സീർ അദ്ദേഹം രണ്ട് മാസം കൊണ്ട് പൂർത്തിയാക്കി. അദ്ദേഹം എന്നെ അടുത്തിരുത്തി ചിലപ്പോൾ പകുതി അല്ലെങ്കിൽ മുഴുവൻ ജുസൂഇന്റെ അർഥം വായിച്ച് കേൾപ്പിച്ചു. ചില ആയത്തുകളുടെ വിശദീകരണവും നല്കിയിരുന്നു. അതുപോലെ തന്നെ ബുഖാരിയും അദ്ദേഹം രണ്ട്, മൂന്ന് മാസം കൊണ്ട് പൂർത്തിയാക്കി. ഒരിക്കൽ റമദാൻ മാസത്തിൽ വിശുദ്ധ ഖുർആന്റെ മുഴുവൻ ദർസും നല്കിയപ്പോൾ അതിലും ഞാൻ പങ്കെടുത്തിരുന്നു. ചില അറബി മാസികകളും അദ്ദേ ഹത്തിൽ നിന്ന് പഠിക്കാൻ സാധിച്ചു. ചുരുക്കത്തിൽ ഇതായിരുന്നു എന്റെ പഠന നിലവാരം. ഈ കോഴ്സ് പൂർണമാക്കുന്ന ആ ദിനങ്ങളിൽ അല്ലാഹു എനിക്ക് ഒരു സ്വപ്നം കാണിച്ചു." അത് അദ്ദേഹത്തിന്റെ അഭിവൃദ്ധിയെ കുറിച്ചുള്ളതായിരുന്നു.(സവാനയെ ഫള്‌ലെ ഉമർ, വാള്യം 1, പേജ് 104–109)

അദ്ദേഹത്തിന്റെ വിദ്യാഭ്യാസയോഗ്യത എത്രയുണ്ടെന്ന് നമ്മൾ കാണുന്നു. പക്ഷേ, അദ്ദേഹത്തിന്റെ പ്രഭാഷണങ്ങൾ, അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ, അദ്ദേഹത്തിന്റെ ഖുർആൻ തഫ്സീർ എന്നിവ അല്ലാഹുവാണ് അദ്ദേഹത്തെ പഠിപ്പിച്ചതെന്നതിന് സാക്ഷിയാകുന്നു. തീർച്ചയായും ഇത് വളരെ വലിയൊരു തെളിവും പ്രവചനത്തിന്റെ സത്യതയുമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജിവിതകാലത്ത് 1906ൽ അദ്ദേഹം ജൽസയിൽ ആദ്യമായി പൊതുപ്രഭാഷണം നടത്തി. ഈ പ്രസംഗത്തിലെ അറിവും ദൈവജ്ഞാനവും ശ്രോതാക്കളിലുണ്ടാക്കിയ സ്വാധീനവും അതിന്റെ അവസ്ഥയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജലീലുൽഖദ്ർ സ്വഹാബിയും പ്രഗത്ഭ കവിയുമായ ഹദ്റത്ത് ഖാളി മുഹമ്മദ് ളുഹൂറുദ്ദീൻ അക്മൽ സാഹിബിന്റെ(റ)വാക്കുകളിൽ മനസ്സിലാക്കാം. അദ്ദേഹം പറയുന്നു: പ്രവാചക ഗോപുരത്തിലെ മിന്നുന്ന നക്ഷത്രവും രിസാലത്തിന്റെ കൊടുമുടിയിൽ തിളങ്ങുന്ന പവിഴവുമായ മഹ്മൂദ് (സല്ലമഹുല്ലാഹുൽ വദൂദ്)ശിർക്കിനെ അധികരിച്ച് പ്രഭാഷണം നടത്തുന്നതിന് എഴുന്നേറ്റു. ഞാൻ അദ്ദേഹത്തിന്റെ പ്രസംഗം പ്രത്യേക ശ്രദ്ധയോടുകൂടി കേട്ടുകൊണ്ടിരുന്നു. എന്താണ് പറയേണ്ടത്! സാഹിത്യത്തിന്റെ ഒരു പ്രവാഹമായിരുന്നു. അത് പൂർണശക്തിയോടെ ഒഴുകുകയായിരുന്നു. യഥാർഥത്തിൽ ഇത്ര ചെറുപ്രായത്തിൽ

**നമ്മൾ അഹ്മദികൾത്തന്നെയാണ് ലോകത്തിന് ഇസ്‌ലാമിന്റെ മനോഹര അധ്യാപനം പറഞ്ഞു കൊടുക്കേണ്ടത്. അതിന് ഏറ്റവും പ്രധാനപ്പെട്ടകാര്യം അല്ലാഹുവുമായുള്ള ബന്ധം ഉണ്ടാക്കലാണ്."**
**(ജുമുഅ ഖുത്ബ 3-2-2017)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**ത്വാലിബെ ദുആ:**
**Dr. C. Salahuddin, Ameer Ahmadiyya Jama-ath Calicut, Kerala.**

**"ദുൻയാവ് സമ്പാദനത്തിന്റെ യഥാർഥ ഉദ്ദേശ്യം ദീൻ ആയിരിക്കേണ്ടതാണ്. ദീനിന്റെ സേവകൻ എന്ന നിലയിൽ ദുൻയാവിനെ കരസ്ഥമാക്കുക."**
**(ഖുത്ബ ജുമുഅ, 2017 മെയ് 5)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**ത്വാലിബെ ദുആ:**
**Muhammad Safwan&Family, Ahmadiyya Jama-ath Kakkanad, Kerala.**

ചിന്താധാരകളുടെ ദൃഢഗാഢത ദൈവദൃഷ്ടാന്തത്തെക്കാൾ കുറവല്ല. ഇതും ഹുദൂർ(അ)ന്റെ സത്യസാക്ഷ്യത്തിനുളള ഒരു അടയാളമായി ഞാൻ കരുതുന്നു. മസീഹിയ്യത്തിന്റെ തണലിൽ ശിക്ഷണം ലഭിച്ച മാണിക്യത്തിന് എത്ര കണ്ട് ഉയർന്ന സ്ഥാനം കരസ്ഥമാക്കാൻ സാധിച്ചുവെന്ന് ഇതിൽ നിന്ന് വ്യക്തമാകുന്നു. അദ്ദേഹം ആത്മീയമായ ഔന്നത്യങ്ങളിൽ അത്ഭുതകരമായ രീതിയിൽ സംസാരിച്ചു."(അൽഹക്കം 1907 ജനുവരി 10, ജൂബിലി നമ്പർ 1939)(സവാനെ ഫള്‌ലെ ഉമർ, വാല്യം 1, പേജ് 121–122)

ആ കാലഘട്ടത്തിലെ അദ്ദേഹത്തിന്റെ മതപരമായ പ്രവർത്തനങ്ങളും ആവേശവും ബുദ്ധിപരവും ആത്മീയപരവുമായ വളർച്ചയും വ്യക്തമാക്കുന്നത്, പ്രവചനത്തിലെ 'അവൻ വേഗം വേഗം വളരും' എന്ന വാക്കുകൾ അദ്ദേഹത്തിൽത്തന്നെ പുലർന്നിരിക്കുന്നു എന്നാണ്. ഹദ്റത്ത് മസീഹ് മൗഊദും(അ) അദ്ദേഹത്തിന് മതകാര്യങ്ങളിലുണ്ടായിരുന്ന ആഭിമുഖ്യം മനസ്സിലാക്കിയിരുന്നു. അദ്ദേഹം പറയുന്നു: 'പലപ്പോഴും മിയാ മഹ്മൂദിന്റെ ദീനി ആവേശം കണ്ട് നാം അദ്ദേഹത്തിനു വേണ്ടി പ്രത്യേകമായ ദുആകൾ ചെയ്യാറുണ്ട്.'(താരീഖെ അഹ്മദിയ്യത്ത് വാല്യം 4, പേജ് 26)

ഇത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാക്കുകളാണ്. തീർച്ചയായും ഈ ദുആ ചെയ്തത് അല്ലാഹു തനിക്ക് സുവാർത്ത നല്കപ്പെട്ട മകൻ ഇവൻതന്നെ ആകേണമെ, ഇവനുമേൽ നിന്റെ ഫള്‌ലുകളുടെ മഴ ശക്തമാക്കേണമേ, എല്ലാ സുവാർത്തകളും ഇവനിൽ പൂർത്തിയാക്കേണമേ എന്നായിരിക്കും.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് എഴുതിയ ജീവചരിത്രത്തിൽ ഒരിടത്ത് അദ്ദേഹം ഇപ്രകാരം എഴുതുന്നു: 'ഒന്നാം ഖിലാഫത്തിന്റെ പ്രാരംഭ കാലത്ത് അദ്ദേഹത്തിന് 19 വയസ്സായിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന്റെ വഫാത്ത് സമയത്ത് അദ്ദേഹം 26–ാം വയസ്സിൽ പ്രവേശിച്ചിരുന്നു. ആ യൗവന കാലഘട്ടത്തിലും അദ്ദേഹത്തിന്റെ പ്രസംഗത്തിന്റേയും എഴുത്തിന്റേയും ശൈലി എന്തായിരുന്നുവെന്ന് മനസ്സിലാകുവാൻ ചില ഉദാഹരണങ്ങൾ സമർപിക്കുകയാണ്: 'അദ്ദേഹത്തിന്റെ ചിന്താഗതികളും വീക്ഷണങ്ങളും ഒരു താത്ത്വികന്റേതിനു സമാനം ദൃഢമായി മാറിയിരുന്നു. അദ്ദേഹത്തിന്റെ വാക്കുകൾ പ്രഭാവവും ആകർഷണവും ആത്മാർഥതയും നൊമ്പരവും കലർന്നവയായിരുന്നു.സംഭാഷണത്തിൽ അല്പംപോലും വളച്ചുകെട്ടലുകൾ ഉണ്ടായിരുന്നില്ല. എഴുത്തുകൾ സങ്കീർണതകളില്ലാത്തവയുമായിരുന്നു. പ്രഭാഷണം സ്വഭാവികമായ ഒഴുക്കോടുകൂടിയതായിരുന്നു. രചനകൾ സുഗമമായ നദീ പ്രവാഹമായിരുന്നു. അവ രണ്ടും ഖുർആന്റെ ജ്ഞാനവിജ്ഞാനങ്ങളുടെ ജലത്താൽ നിറഞ്ഞതും ഒരേസമയം ബുദ്ധിയേയും മനസ്സിനേയും നിറയ്ക്കുകയും ചെയ്തിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വഫാത്ത് സമയത്ത് 19–ാം വയസ്സിൽ അദ്ദേഹം നിർവഹിച്ച പ്രഭാഷണത്തെ കുറിച്ച് ഹദ്റത്ത് മൗലവി ശേർ അലി സാഹിബ്(റ)പറയുന്നു: 'ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെവഫാത്തിനുശേഷം നടന്ന ആദ്യ ജൽസയുടെ അവസരത്തിൽ നടത്തിയ ഹദ്റത്ത് ഖലീഫ ത്തുൽ മസീഹ് ഥാനിയുടെ പ്രഭാഷണത്തെ കുറിച്ചാണ് ഞാൻ വിവരിക്കാൻ ആഗ്രഹിക്കുന്നത്. ഈ ജൽസ മദ്രസ അഹ്മദിയ്യായുടെ അങ്കണത്തിലാണ് സംഘടിപ്പിക്കപ്പെട്ടത്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) അദ്ദേഹത്തിന്റെ വലതുഭാഗത്ത് വേദിയിൽ ഉപവിഷ്ടനായിരുന്നു. ഈ പ്രഭാഷണത്തെ കുറിച്ച് വിവരിക്കേണ്ട രണ്ട് കാര്യമുണ്ട്. ഒന്നാമതായി ആ സമയത്തുള്ള അദ്ദേഹത്തിന്റെ ശബ്ദവും പ്രസംഗ രീതിയും ശൈലിയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ശബ്ദത്തോടും പ്രസംഗ ശൈലിയോടും എത്രമാത്രം സാമ്യത പുലർത്തിയിരുന്നുവെന്നാൽ അത് കേട്ട എല്ലാവരുടെയും ഉള്ളിൽ അല്പനാൾ മുമ്പേ വിട്ടകന്ന ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ സ്മരണകൾ ഉണർത്തിയിരുന്നു. ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ ശബ്ദം അദ്ദേഹത്തിന്റെ വാഗ്ദത്ത പുത്രന്റെ ചുണ്ടുകളിൽനിന്ന് പുറപ്പെട്ടപ്പോൾ ശ്രോതാക്കൾക്ക് ഏതോ ഗ്രാമഫോണിൽനിന്ന് കണ്ണെത്താ ദൂരത്തുള്ള വ്യക്തിയുടെ ശബ്ദം കേൾക്കുന്നതായി അനുഭവപ്പെട്ടു. അതു കാരണം അവരുടെ കണ്ണുകൾ ഈറനണിഞ്ഞു. അവിടെ കണ്ണീർ പൊഴിച്ചവരിൽ ഒരാൾ ഈ വിനീതനാണ്. മനുഷ്യാത്മാവ് മറ്റുള്ളവരിൽ ഇറങ്ങുന്നുവെന്നത് ശരിയാണെങ്കിൽ നമുക്ക് പറയാൻ കഴിയും ആ നേരത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആത്മാവ് അവിടത്തെമേൽ ഇറങ്ങിക്കൊണ്ടിരിക്കുകയും 'എനിക്ക് കാരുണ്യത്തിന്റെ അടയാളമെന്ന നിലയിൽ നല്കപ്പെട്ടതും അവൻ സൗന്ദര്യത്തിലും നന്മയിലും നിനക്കു സമാനനായിരിക്കുമെന്ന് പറയപ്പെട്ടതുമായ എന്റെ പ്രിയപ്പെട്ട മകൻ' ഇതാണെന്ന് വിളംബരം ചെയ്യുകയുമായിരുന്നു.

ഈ പ്രസംഗത്തെ സബന്ധിച്ച് എടുത്തുപറയാവുന്ന രണ്ടാമത്തെ കാര്യം പ്രസംഗം സമാപിച്ചപ്പോൾ വിശുദ്ധ ഖുർആനെ ആഴത്തിൽ മനസ്സിലാക്കാൻ ആയുസ്സുമുഴുവനും വിനിയോഗിക്കുകയും അതുപോലെ ഖുർആനെ ആത്മീയ ഭക്ഷണമാക്കി മാറ്റുകയും ചെയ്ത ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) എഴുന്നേറ്റുനിന്ന് പറഞ്ഞു: 'മിയാൻ വിവരിച്ച ചില ആയത്തുകളുടെ തഫ്സീർ എനിക്കും പുതുമയുള്ളതായിരുന്നു.' മൗലവി സാഹിബ് എഴുതുന്നു: 'ജമാഅത്തിന്റെ മുമ്പിൽ ചെയ്ത അദ്ദേഹത്തിന്റെ ആദ്യപ്രസംഗമായിരുന്നു അത്. ഈ ആദ്യ പ്രസംഗത്തിൽ വിശുദ്ധ ഖുർആന്റെ ആ ഈശ്വരീയജ്ഞാനങ്ങൾ അതായത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വഫാത്തിനുശേഷം അദ്ദേഹം വിവരിച്ച ഈശ്വരീയജ്ഞാനങ്ങൾ കേട്ട് ഹദ്റത്ത് ഖലീഫത്തുൽമസീഹ് അവ്വലിനെ പോലുള്ള ഖുർആന്റെ ജ്ഞാനി 'തനിക്കും ഈ അറിവ് പുതുമയുള്ളതാണ്' എന്ന് അംഗീകരിച്ചു.

ഈ ഈശ്വരീയജ്ഞാനം ഈ യുവാവിനെ പഠിപ്പിച്ചതാരാണ്? ഈ യുക്തിജ്ഞാനവും ഈ അറിവും അദ്ദേഹത്തിന് ഈ യുവത്വത്തിൽ ആരാണ് നല്കിയത്? വിശുദ്ധ ഖുർആനിൽ ഹദ്റത്ത് യൂസുഫ്(അ)നെ കുറിച്ച് അവന് പ്രായപൂർത്തി ആയപ്പോൾ നാം അവന് വിജ്ഞാനവും വിവേകവും പ്രദാനം ചെയ്തു എന്ന് പറഞ്ഞ അല്ലാഹുതന്നെ! ഇവ്വിധം നാം ഔദാര്യം ചെയ്യുന്നവർക്ക് പ്രതിഫലം നല്കുന്നു. പൊതുവിൽ വിവരിക്കപ്പെടുന്ന ബുദ്ധിപരവും വിവേകപരവുമായ കാര്യങ്ങളല്ല അദ്ദേഹം വിവരിച്ചത്. മറിച്ച് വിശുദ്ധ ഖുർആനിൽ ഒളിഞ്ഞ് കിടന്ന ജ്ഞാനങ്ങളാണ് വിവരിച്ചത്. അല്ലാഹു വിശുദ്ധ ഖുർആനെ കുറിച്ച് പറയുന്നു: പരിശുദ്ധത ആർജിച്ച ആളുകളൊഴികെ മറ്റാരും അതിനെ സ്പർശിക്കു കയില്ല. അതിനാൽ കൗമാരപ്രായത്തിന്റെ ഏകാന്തതയിൽനിന്ന് പുറത്ത് വന്നയുടൻ ജനങ്ങളുടെ മുന്നിൽ അദ്ദേഹം അവതരിപ്പിച്ച വിശുദ്ധ ഖുർആന്റെ തിളക്കമാർന്നതും പുതുമ നിറഞ്ഞതുമായ പരിജ്ഞാനം, അദ്ദേഹത്തിന്റെ കൗമാരം അല്ലാഹുവിന്റെ പ്രത്യേകമായ ശിക്ഷണത്തിൽ കഴിച്ചുകൂട്ടി എന്നതിനുള്ള തെളിവാണ്. അദ്ദേഹം ബാല്യത്തിൽ തന്നെ പരിശുദ്ധരുടെ സംഘത്തിൽ ഉൾപ്പെട്ടിരുന്നു.(സവാനെ ഫള്‌ലെ ഉമർ വാല്യം 1, പേജ് 217–219)

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)ന്റെ ജീവിത ചരിത്രത്തെ സംബന്ധിച്ച് ജമാഅത്തിലല്ലാത്ത ഒരു പത്രപ്രവർത്തകന്റെ അഭിപ്രായങ്ങളുണ്ട്. ഇതു വിവരിക്കുന്നതിനുമുമ്പേ അദ്ദേഹം പത്രപ്രവർത്തകനെ പരിചയപ്പെടുത്തിക്കൊണ്ടെഴുതി: 1913 മാർച്ചിൽ ഒരു അനഹ്മദി പത്രപ്രവർത്തകൻ മുഹമ്മദ് അസ്‌ലം സാഹിബ് അമൃതസറിൽനിന്ന് ഖാദിയാനിൽ വന്നു. കുറച്ചുദിവസം താമസിച്ച് തിരിച്ചുപോയി. അദ്ദേഹം ജമാഅത്തിനെ അങ്ങേയറ്റം അടുത്തുനിന്ന് പഠിച്ചതിനുശേഷം തന്റെ പ്രതികരണത്തിൽ ഒരു വിശദമായ വിവരണം നല്കി. അദ്ദേഹം ഹദ്റത്ത് സാഹിബ് സാദ സാഹിബിനെ കുറിച്ചെഴുതി:(ഹദ്റത്ത്) 'സാഹിബ് സാദ മിർസാ ബശീറുദ്ദീൻ സാഹിബിനെ കണ്ടും നമുക്ക് വളരെ സന്തോഷമുണ്ടായി. സാഹിബ് സാദ സാഹിബ് അങ്ങേയറ്റം സ്നേഹസ്വഭാവമുള്ളയാളും ലാളിത്യം ഇഷ്ടപ്പെടുന്ന വ്യക്തിയുമാണ്. സൽസ്വഭാവത്തിനുപുറമെ വലിയ നിലവരെ കാര്യം മനസ്സിലാക്കുന്നയാളും ചിന്തകനുമാണ്. മറ്റുകാര്യങ്ങൾക്കു പുറമെ ഇന്ത്യയെ സംബന്ധിച്ച് ഞങ്ങൾതമ്മിൽ നടന്ന സംസാരം അതിനെ കുറിച്ച് സാഹിബ് സാദ സാഹിബ് ആഗോള ജനതയുടെ ഭൂതകാലത്തെ സംഭവങ്ങളുടെ അടിസ്ഥാനത്തിൽ വെളിപ്പെടുത്തിയത് , അത് അങ്ങേയറ്റം ശക്തവും ചിന്താപരമാ യ വശം ഉൾക്കൊള്ളുന്നതുമായിരുന്നു." ഇത് ഖിലാഫത്തിനുമുമ്പേയുള്ള കാര്യമാണ്. 1913 ലെ കാര്യമാണ്. ഹദ്റത്ത് ഖലീഫത്തുൽമസീഹ് അവ്വലിന്റെ കാലത്തുള്ള സംഭവമാണ്. വീണ്ടും എഴുതുന്നു: സാഹിബ് സാദ സാഹിബ് എന്നോടു കരുണ കാണിച്ചുകൊണ്ട് വളരെ ആത്മാർഥമായ രീതിയിൽ കുറഞ്ഞത് ഒരാഴ്ച ഞാൻ ഖാദിയാനിൽ നിൽക്കണമെന്ന് ആഗ്രഹം പ്രകടിപ്പിച്ചു. പല കാരണങ്ങളാൽ അദ്ദേഹത്തിന്റെ നിർദേശം നിറവേറ്റുന്നതിൽ ഉപേക്ഷകാണിക്കുന്നവനായിരുന്നെങ്കിലും സാഹിബ് സാദ സാഹിബിന്റെ ഈ ഉന്നതമായ ദയയ്ക്കും വാത്സല്യത്തിനും അങ്ങേയറ്റം നന്ദിയുള്ളവനാണ്. സാഹിബ് സാദ സാഹിബിന്റെ സ്വാത്മപരിത്യാഗവും ഈശ്വരഭക്തിയും അദ്ദേഹത്തിന്റെ വിശാലമായ ചിന്താഗതിയിലുള്ള ലാളിത്യവും എപ്പോഴും ഓർമയിൽ നിലനില്ക്കും.'(സവാനെ ഫള്‌ലെ ഉമർ വാല്യം 1, പേജ് 324)

ചെറുപ്രായത്തിൽത്തന്നെ അദ്ദേഹത്തിന്റെ ആരാധനകളുടെ നിലവാരമെന്തായിരുന്നുവെന്ന് വിവരിച്ച് കൊണ്ട് അദ്ദേഹത്തിന്റെ കുട്ടിക്കാലത്തെ ഉസ്താദായിരുന്ന ഹദ്റത്ത് മുഫ്തി മുഹമ്മദ് സ്വാദിഖ് സാഹിബ്(റ) തന്റെ അഭിപ്രായം ഈ വാക്കുകളിൽ പ്രകടിപ്പിച്ചിരിക്കുന്നു: 'ഈ സാധു ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് 1890 ന്റെ അവസാനത്തിൽ ബയ്അത്ത് ചെയ്തിരുന്നു. ആ സമയം മുതൽ എപ്പോഴും തുടർച്ചയായി വന്നുപോയുമിരുന്നു. ഞാൻ ഹദ്റത്ത് ഉലുൽഅസം മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദിനെ....അദ്ദേഹത്തിന്റെ ലജ്ജാശീലവും മാന്യത യും സത്യസന്ധതയും ദീനിലേക്കുള്ള ശ്രദ്ധയും എങ്ങനെയുളളതായിരുന്നുവെന്ന് അദ്ദേഹത്തിന്റെ കുട്ടിക്കാലം മുതൽ കണ്ടുവരുന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദീനീപ്രവൃത്തികളിൽ കുട്ടിക്കാലംമുതൽതന്നെ അദ്ദേഹത്തിന് താൽപര്യമുണ്ടായിരുന്നു. നമസ്കാരങ്ങളിൽ മിക്കപ്പോഴും ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടൊപ്പം ജാമിഅ മസ്ജിദിൽ പോകുകയും ഖുത്ബ കേൾക്കുകയും ചെയ്യുമായിരുന്നു. അദ്ദേഹം പറയുന്നു: ഒരിക്കൽ എനിക്ക് ഓർമയുണ്ട്, അദ്ദേഹത്തിന് 10 വയസ്സിനടുത്ത് പ്രായമായപ്പോൾ അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടൊപ്പം നമസ്കാരത്തിൽ നില്ക്കുകയായിരുന്നു. പിന്നീട് സുജൂദിൽ ഒരുപാട് കരഞ്ഞുകൊണ്ടിരുന്നു. കുട്ടിക്കാലംമുതൽതന്നെ അദ്ദേഹത്തിന് ഫിത്വറത്തുല്ലായോടും അവന്റെ റസൂൽമാരോടും പ്രത്യേകമായ സ്നേഹബന്ധമായിരുന്നു.'(സവാനെ ഫള്‌ലെ ഉമർ വാല്യം 1 പേജ് 116)

അല്ലാഹുവിന്റെ തിരുസന്നിധിയിൽ അവിടന്ന് വിലപിക്കുന്നതും സുജൂദുകളിൽ വളരെ നേരം കിടക്കുന്നതുമായ മറ്റൊരു സംഭവമുണ്ട്. അതു കണ്ട് മുതിർന്നവർപോലും അത്ഭുതപ്പെട്ടുപോയിരുന്നു. അത്തരം അവസ്ഥയിൽ ബാഹ്യമായ നിലയിൽ ഒരു വിഷമവുമില്ലാതെ, ചിന്താപരമായ ഒരുകാര്യവുമില്ലാതെ അദ്ദേഹത്തിന്റെ വലിയ വിലാപം കണ്ട് അദ്ദേഹത്തെ അറിയുന്ന മുതിർന്നവർ അത്ഭുതം കൂറാറുണ്ടായിരുന്നു. അവർ ചോദിക്കാറുണ്ടായിരുന്നു, ഈ കുട്ടിയ്ക്ക് എന്താണ് സംഭവിച്ചത്? രാത്രികളിൽ ആരോരുമറി

യാതെ എഴുന്നേല്ക്കുകയും ഏങ്ങലടിച്ച് തന്റെ റബ്ബിന്റെ മുമ്പിൽ നിലവിളിക്കുകയും നിഷ്കളങ്കമായ കണ്ണീരുകൊണ്ട് സുജൂദിന്റെ ഇടം ആർദ്രമാക്കുകയും ചെയ്യുന്നതിന്റെ രഹസ്യമെന്താണ്.

ഹദ്റത്ത് മിർസാ താഹിർ അഹ്മദ് സാഹിബ്(റഹ്) ജീവിതചരിത്രമെഴുതിയപ്പോൾ അദ്ദേഹം എഴുതി: 'ഈ അത്ഭുതം ശേയ്ഖ് ഗുലാം അഹ്മദ് സാഹിബ് വായിളി(റ)ന്റെ മനസ്സിലും ഉണ്ടായി. അദ്ദേഹം ഒരു നവമുസ്ലിം ആയിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കൈയിൽ ഇസ്‌ലാമിൽ പ്രവേശിച്ചതാണ്. ആത്മാർഥതയിലും ഈമാനിലും എത്രമാത്രം അഭിവൃദ്ധിപ്പെട്ടുവെന്നാൽ അങ്ങേയറ്റത്തെ ഭക്തനും സ്വാത്മപരിത്യാഗിയും കശ്ഫുകളും ഇൽഹാമുകളും ഉണ്ടാകുന്ന മാഹാത്മാക്കളിൽ എണ്ണപ്പെട്ട ആളുമായിരുന്നു. ശേയ്ഖ് ഗുലാം അഹ്മദ് സാഹിബ്(റ) പറയാറുണ്ടായിരുന്നു, ഒരിക്കൽ, ഇന്നു രാത്രി മസ്ജിദ് മുബാറാക്കിൽ കഴിച്ചുകൂട്ടി ഏകാന്തതയിൽ തന്റെ ഉടമസ്ഥനോട് ആഗ്രഹിക്കുന്നതെന്തും ചോദിക്കാമെന്ന് കരുതി മസ്ജിദിൽ എത്തിയപ്പോൾ കാണുന്നത് ഏതോ ഒരു വ്യക്തി സുജൂദിൽ കിടക്കുന്നതാണ്. യാചനയോടു കൂടി ദുആ ചെയ്യുന്നു. ആ യാചന കാരണം എനിക്ക് നമസ്കരിക്കാൻ സാധിച്ചില്ല. അയാളുടെ ദുആ എന്നിൽ സ്വാധീനം ചെലുത്താൻ തുടങ്ങി. ഞാനും ഇപ്രകാരം ദുആ ചെയ്തു, അല്ലാഹുവേ! ഈ വ്യക്തി എന്തൊന്നാണോ നിന്നോട് ചോദിക്കുന്നത് അത് അയാൾക്ക് നീ നല്കിയാലും. ആ വ്യക്തി തല ഉയർത്തുമ്പോൾ ആരാണെന്ന് അറിയാൻ വേണ്ടി ഞാൻ കാത്തുനിന്നു. എന്റെ കാലുകൾ വേദനിക്കാൻ തുടങ്ങി. അങ്ങനെ തല ഉയർത്തിയപ്പോൾ ഞാൻ കണ്ടു. അത് മിയാ മഹ്മൂദ് അഹ്മദ് സാഹിബായിരുന്നു. ഞാൻ സലാം പറഞ്ഞ് കൈ കൊടുത്തു. ഞാൻ ചോദിച്ചു: 'മിയാ! നീ ഇന്ന് എന്തൊക്കെയാണ് അല്ലാഹുവിൽനിന്ന് ചോദിച്ച് വാങ്ങിയത്?' അദ്ദേഹം പറഞ്ഞു: 'ഞാൻ ചോദിച്ചത് ഇതാണ്, അല്ലാഹുവേ! എന്റെ കൺമുമ്പാകെ ഇസ്‌ലാമിനെ പുനരുജ്ജീവിപ്പിച്ച് കാണിച്ചാലും.' ഇതും പറഞ്ഞ് അദ്ദേഹം അകത്തേക്ക് പോയി. ഇസ്‌ലാമിന്റെ വിജയ സുദിനം തന്റെ നേത്രങ്ങളാൽ കാണണമെന്ന ഉൾക്കടമായ ആഗ്രഹം ചെറുപ്രായത്തിൽത്തന്നെ അദ്ദേഹത്തിന്റെ ഹൃദയത്തിൽ സ്ഥാനം പിടിച്ചിരുന്നു. അതുകൊണ്ട് തന്നെയാണ് അല്ലാഹു അദ്ദേഹത്തെ ഖിലാഫത്തിന്റെ പുതപ്പണിയിച്ചത്.'(സവാനെ ഫള്‌ലെ ഉമർ വാള്യം 1 പേജ് 151)

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ) തശ്ഹീദുൽ അദ്ഹാനിൽ 1909 ൽ താനെഴുതിയ തന്റെ ഒരു ദുആയെ കുറിച്ച് പരാമർശിക്കുന്നുണ്ട്. ഈ ലേഖനത്തിൽ റമളാന്റെ അനുഗ്രഹം പറഞ്ഞതിനുശേഷം അദ്ദേഹം എഴുതി:'ഞാൻ തശ്ഹീദുൽ അസ്ഹാൻ മാസികയ്ക്കുവേണ്ടി എന്റെ മേശയിൽനിന്ന് ഒരുലേഖനം തിരയുകയായിരുന്നു. അങ്ങനെ എനിക്കൊരു കടലാസുകിട്ടി. അത് കഴിഞ്ഞ റമളാനിൽ ഞാൻ ചെയ്ത ഒരു ദുആ ആയിരുന്നു. ആ ദുആ വായിച്ചപ്പോൾ എന്റെ സഹോദരങ്ങളേയും ഇതിലേക്ക് ക്ഷണിക്കണമെന്ന് എന്നിൽ ശക്തമായ പ്രചോദനമുണ്ടായി. ആരുടെ ദുആയാണ് കേൾക്കുന്നതെന്ന് ആർക്കാണ് അറിയുക. അല്ലാഹുവിന്റെ ഫള്ൽ ഏതുനേരത്തായിരിക്കും നമ്മുടെ ജമാഅത്തിന്റെമേൽ ഒരു പ്രത്യേക വർണത്തിൽ ഇറങ്ങുക. ഏതെങ്കിലും സൽപ്രകൃതക്കാരന്റെ മനസ്സിൽ ആവേശത്തള്ളിച്ച ഉണ്ടാകുകയും തന്റെ റബ്ബിന്റെ തിരുസന്നിധിയിൽ തനിക്കുവേണ്ടിയും അഹ്മദിയ്യാ ജമാഅത്തിനുവേണ്ടിയും ദുആകളിൽ മുഴുകുകയും ചെയ്യാൻ ഞാനെന്റെ മനസ്സിലെ വേദന പ്രകടിപ്പിക്കുന്നതിന് ആ ദുആ ഇവിടെ പകർത്തുകയാണ്. ആ ദുആ ഇതാണ്:

"അല്ലയോ എന്റെ ഉടമസ്ഥനായുള്ളോവേ! എന്റെ സർവശക്തനായ അല്ലാഹുവേ! എന്റെ പ്രിയപ്പെട്ട യജമാനനായുള്ളോവേ! എന്റെ മാർഗദർശകാ!ഭൂമിയുടേയും ആകാശത്തിന്റേയും സ്രഷ്ടാവേ! ജലത്തേയും കാറ്റിനേയും നിയന്ത്രിക്കുന്നവനേ! ആദം മുതൽ ഹദ്റത്ത് ഈസാ വരെ ലക്ഷക്കണക്കിന് സന്മാർഗികളേയും കോടിക്കണക്കിന് മാർഗദർശകരേയും ലോകത്തിന്റെ സന്മാർഗത്തിന് അയച്ചവനേ! നബി(സ)തിരുമേനിയെപോലെ മഹാനായ ദൂതനെ നിയോഗിച്ച ഉന്നതനും അത്യുന്നതനുമായുള്ളോവേ! മസീഹിനെപോലുള്ള മാർഗദർശിയെ നബി(സ)തിരുമേനിയുടെ ദാസ്യത്തിൽ സൃഷ്ടിച്ച റഹ്മാനായവനേ! പ്രകാശത്തെ സൃഷ്ടിച്ചവനേ! അന്ധകാരത്തെ വിപാടനം ചെയ്യുന്നവനേ! നിന്റെ തിരുസന്നിധിയിൽ അതേ, നിന്റെ മാത്രം തിരുസന്നിധിയിൽ എന്നെപോലുള്ള ഒന്നിനുംകൊള്ളാത്ത ദാസൻ കുനിയുകയും വിലപിക്കുകയും ചെയ്യുന്നു. എന്റെ വിളി കേൾക്കുകയും സ്വീകരിക്കുകയും ചെയ്താലും. കാരണം നിന്റെ വാഗ്ദാനങ്ങളാണ് നിന്റെ മുമ്പിൽ കുറച്ചെന്തെങ്കിലും ചോദിക്കാൻ എനിക്ക് തന്റേടം നല്കിയത്. ഞാനൊന്നുമല്ലായിരുന്നു. നീ എന്നെ സൃഷ്ടിച്ചു. ഞാൻ അഭാവത്തിലായിരുന്നു. നീ എന്നെ ഭാവത്തിൽകൊണ്ടുവന്നു. എന്നെ പരിപാലിച്ചു വളർത്തുന്നതിനുവേണ്ടി നാലു മൂലകങ്ങളുണ്ടാക്കി. എന്റെ സംരക്ഷണത്തിന് മനുഷ്യനെ സൃഷ്ടിച്ചു. എന്റെ ആവശ്യങ്ങൾപോലും വിവരിക്കാൻ കഴിയാതിരുന്നപ്പോൾ എന്റെ സ്മൃതിയിലുണ്ടായിരുന്ന മനുഷ്യനെ നീ നിശ്ചയിച്ചു. പിന്നീട് എനിക്ക് അഭിവൃദ്ധി നല്കി. എന്റെ ജീവിതവിഭവം വിശാലമാക്കി. എന്റെ പ്രാണസ്വരൂപാ! അതേ, എന്റെ പ്രാണപ്രിയനായുള്ളോവേ! നീ ആദമിന് എന്റെ പിതാവാകാൻ കല്പന നല്കി. ഹവ്വായെ എന്റെ മാതാവായി നിശ്ചയിച്ചു. നിന്റെ തിരുസന്നിധിയിൽ ആദരവോടെ കാണപ്പെട്ടിരുന്ന നിന്റെ ദാസരിൽ ഒരു ദാസനെ, എന്നെപ്പോലുള്ള വിവരമില്ലാത്തവരും അജ്ഞരും ബുദ്ധികുറഞ്ഞവരുമായ മനുഷ്യർക്കുവേണ്ടി നിന്റെ ദർബാറിൽ ശിപാർശ ചെയ്യാൻ നിശ്ചയിച്ചു; നിന്റെ കാരുണ്യത്തെ എനിക്കുവേണ്ടി കരസ്ഥമാക്കാൻ. ഞാൻ പാപിയായിരുന്നു. നീ സത്താരിയ്യത്ത് എന്ന ഗുണംകൊണ്ട് അക്കാര്യം മറച്ചുവച്ചു. ഞാൻ തെറ്റുകാരനായിരുന്നു;നീ പൊറുക്കലോടെ പ്രവൃത്തിച്ചു. എല്ലാ ഓരോ ബുദ്ധിമുട്ടിലും ദുഃഖത്തിലും എന്നെ സഹായിച്ചു. എന്നിൽ വിപത്തുകളുണ്ടായപ്പോഴെല്ലാം നീ എനിക്ക് സാന്ത്വനം നല്കി. ഞാൻ വഴിതെറ്റിപ്പോകുമ്പോൾ നീ എന്റെ കൈപിടിച്ചു. എന്നിൽനിന്ന് ഉദ്രവമുണ്ടായിട്ടും നീ അതെല്ലാം മറച്ചുവച്ചു. ഞാൻ അകന്നിരുന്നവനായിട്ടും നീ എന്റെ അടുത്തുണ്ടായി. നിന്റെ നാമം ഞാൻ ഓർത്തില്ല. എന്നാൽ, നീ എന്നെ ഓർമിച്ചു. മാതാപിതാക്കൾക്കും ബന്ധുമിത്രാദികൾക്കും സുഹൃത്തുക്കൾക്കും എന്നെ സഹായിക്കാൻ പറ്റാത്ത അവസരങ്ങളിൽ നീ നിന്റെ ശക്തിപ്രഭാവത്തിന്റെ കൈ കാണിച്ചു. എന്നെ സഹായിച്ചു. ഞാൻ ദുഃഖിതനായി;നീ എന്നെ സന്തോഷിപ്പിച്ചു. ഞാൻ മനഃക്ലേശമുള്ളവനായി; നീ എന്നെ പ്രസന്നനാക്കി. ഞാൻ കരഞ്ഞപ്പോൾ നീ എന്നെ ചിരിപ്പിച്ചു. വേർപാടിൽ പിടയ്ക്കുന്ന ആരെങ്കിലുമൊക്കെ ഉണ്ടാകും;എനിക്കു നീ സ്വയം മുഖം കാണിച്ചു. നീ എന്നോടു വാഗ്ദാനങ്ങൾ ചെയ്തു. അത് പൂർത്തിയാക്കുകയും ചെയ്തു. നീ ചെയ്ത പ്രതിജ്ഞ നിറവേറ്റുന്നതിൽ ഒരിക്കലും വീഴ്ച ഉണ്ടായിട്ടില്ല. എന്നാൽ, ഞാൻ നിന്നോടു വാഗ്ദാനം ചെയ്യുകയും ലംഘിക്കുകയും ചെയ്തു. പക്ഷേ, നീ അതൊന്നും ശ്രദ്ധിച്ചില്ല. എന്നെക്കാൾ വലിയ പാപി ആരെങ്കിലും ഉള്ളതായി ഞാൻ കാണുന്നില്ല. എന്നെക്കാൾ കൂടുതലായി മറ്റേതെങ്കിലും പാപികളോടു നീ ദയ കാണിച്ചിട്ടുള്ളതായി എനിക്കറിയില്ല. നിന്നെപ്പോലെ വാത്സല്യമുള്ളവനെ സങ്കല്പിക്കാൻപോലും സാധ്യമല്ല. ഞാൻ നിന്റെ മുമ്പിൽ വന്ന് നിലവിളിക്കുകയും വിലപിക്കുകയും ചെയ്തപ്പോൾ നീ എന്റെ വിളി കേൾക്കുകയും സ്വീകരിക്കുകയും ചെയ്തു. എന്റെ ഗതിമുട്ടിയുള്ള പ്രാർഥന എപ്പോഴെങ്കിലും നിരസിക്കപ്പെട്ടതായി എനിക്കറിയില്ല. എന്റെ പ്രിയപ്പെട്ടവനായ അല്ലാഹുവേ! വേദന തിങ്ങിയ മനസ്സോടേയും സത്യമായ പിടച്ചിലോടേയും ഞാൻ നിന്റെ മുമ്പിൽ വീഴുകയും പ്രണമിക്കുകയും ചെയ്യുന്നു. എന്റെ ദുആ കേട്ടാലും. എന്റെ വിലാപം അറിഞ്ഞാലും. പരിശുദ്ധനായ എന്റെ അല്ലാഹുവേ! നശിച്ച് നാമാവശേഷമായിക്കൊണ്ടിരിക്കുന്ന എന്റെ സമുദായത്തെ നാശത്തിൽനിന്ന് രക്ഷിച്ചാലും. ഹൃദയം പരിശുദ്ധമാകാതെയും നിന്നോടുള്ള സ്നേഹത്തിൽ ഉന്മത്തരാകാതെയും അഹ്മദിയെന്ന് പറയപ്പെടുന്നവരുമായി എനിക്ക് എന്ത് ബന്ധം? അതുകൊണ്ട് എന്റെ നാഥാ! നിന്റെ സവിശേഷ ഗുണമായ റഹ്മാനിയ്യത്തിനേയും റഹീമിയ്യത്തിനേയും ആവേശത്തിൽ കൊണ്ടുവന്നാലും. അവരെ ശുദ്ധീകരിച്ചാലും. സ്വഹാബാക്കളുടെ ആവേശവും തിളപ്പും അവരിൽ സൃഷ്ടിക്കേണമേ. അവർ നിന്റെ ദീനിനുവേണ്ടി വേവലാതിപ്പെടുന്നവരാകേണമേ. അവരുടെ കർമങ്ങൾ അവരുടെ വാക്കുകളെക്കാൾ ഉന്നതവും ശുദ്ധവുമാക്കി മാറ്റേണമേ. അവരെ നിന്റെ പ്രിയ മുഖത്തിനായി ത്യാഗം വരിക്കുന്നവരാക്കേണമേ. അവരെ നബി(സ)യിൽ അനുരക്തരാക്കേണമേ. നിന്റെ മസീഹിന്റെ ദുആയുടെ അവകാശികളാക്കണമേ. അദ്ദേഹത്തിന്റെ പരിശുദ്ധവും സത്യപൂർണവുമായ അധ്യാപനങ്ങൾ അവരുടെ ഹൃദയത്തെ ആഴത്തിൽ സ്പർശിക്കുമാറാക്കേണമേ. എന്റെ അല്ലാഹുവേ! എന്റെ സമൂഹത്തെ എല്ലാവിധ പരീക്ഷണത്തിൽനിന്നും പ്രയാസത്തിൽനിന്നും രക്ഷിക്കേണമേ. വിവിധങ്ങളായ ആപത്തുകളിൽനിന്ന് സംരക്ഷിക്കേണമേ. അവരിൽ വലിയ മഹാത്മാരെ ജനിപ്പിക്കേണമേ. നീ ഇഷ്ടപ്പെടുന്ന ഒരു സമൂഹവും പ്രത്യേക വിഭാഗവുമായി നീ ഇവരെ മാറ്റേണമേ. പൈശാചിക ഉപദ്രവങ്ങളിൽനിന്ന് സംരക്ഷിക്കേണമേ. അവരിൽ എപ്പോഴും മലക്കുകൾ അവതരിച്ച് കൊണ്ടിരിക്കുകയും ചെയ്യേണമേ. ഈ സമൂഹത്തിന് ദീനിലും ദുൻയാവിലും അനുഗ്രഹം നല്കിയാലും, അനുഗ്രഹം നല്കിയാലും.'

ഈ ദുആ ഞാൻ പറഞ്ഞതുപോലെ 1909 ൽ ചെയ്തതാണ്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന്റെ ഖിലാഫത്തുകാലത്ത് – അന്ന് അദ്ദേഹത്തിന് 20 വയസായിരുന്നു – ആ നേരത്തും അവിടത്തെ മനസ്സിൽ ദീനിനുവേണ്ടി, ജനതയ്ക്കുവേണ്ടി ഒരു വേദന ഉണ്ടായിരുന്നു. അല്ലാഹു അദ്ദേഹത്തിനുമേൽ ആയിരമായിരം കാരുണ്യം വർഷിക്കുമാറാകട്ടെ; അദ്ദേഹം നബി(സ) തിരുമേനിയുടെ ദീനിനെ പ്രചരിപ്പിക്കുന്നതിനും അവിടത്തെ സത്യസേവകന്റേയും മസീഹ് മൗഊദിന്റേയും മഹ്ദിയെ മഅ്ഹൂദിന്റേയും ഉദ്ദേശ്യങ്ങൾ നിറവേറ്റുന്നതിന് രാവും പകലും ഒന്നാക്കി പ്രവൃത്തിച്ച് അല്ലാഹുവിന്റെ തിരുസന്നിധിയിൽ ഹാജരായി. നമുക്ക് അദ്ദേഹത്തിന്റെ വേദനാനിർഭരമായ ഈ ദുആ മനസ്സിലാക്കാനും അതുപോലെ പ്രവർത്തിക്കാനും അഹ്മദി ആയതിന്റെ ഉദ്ദേശ്യം പൂർത്തീകരിക്കുവാനുമുള്ള തൗഫീഖ് നല്കുമാറാകട്ടെ.


**നൂറുൽ ഇസ്‌ലാംവകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ
രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം
അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ
വിളിച്ച് താങ്കൾക്ക്
അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച്
കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

## സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്‌രിഹിൽ അസീസിന്റെ ഡന്മാർക്ക്-സ്വീഡൻ പര്യടനം 2016 മെയ്

**(റിപ്പോർട്ട്**
**കഴിഞ്ഞ ലക്കം തുടർച്ച.....)**

### 2016 മെയ് 13
### (വെള്ളിയാഴ്ച)

പത്രപ്രതിനിധി: ഖലീഫ എങ്ങനെയാകുന്നു എന്നതിനെ സംബന്ധിച്ച് കൂടുതലന്തെങ്കിലും പറയാമോ?

**ഹുദൂർ:** ഒരു ഖലീഫയുടെ ദേഹവിയോഗത്തിനുശേഷം തിരഞ്ഞെടുപ്പ് കമ്മിറ്റിയിലെ ലോകം മുഴുവനുമുള്ള അംഗങ്ങൾ ഒരു സ്ഥലത്ത് സംഘടിക്കുന്നു. അവർ തങ്ങളുടെ വോട്ട് നല്കുന്നു; പോപ്പിന്റെ തിരഞ്ഞെടുപ്പ് പോലെതന്നെ. അടച്ചിട്ട മുറിയിലാണ് തിരഞ്ഞെടുപ്പ് നടക്കുക. അവിടെ വോട്ടിംഗ് നടന്നുകൊണ്ടിരിക്കുമ്പോൾ ഓരോരുത്തർക്കും വോട്ട് ചെയ്യാനുള്ള അവകാശമുണ്ടായിരിക്കും. ഖിലാഫത്തിനുവേണ്ടി നാമനിർദ്ദേശം നല്കപ്പെടുന്നു. ആർക്കാണോ ഏറ്റവും കൂടുതൽ വോട്ട് ലഭിക്കുന്നത് അയാളായിരിക്കും ഖലീഫ. എന്നാൽ, താങ്കൾക്ക് താങ്കളെ നിർദേശിക്കാൻ സാധ്യമല്ല. ഒരാൾ ഒരാളുടെ പേര് നിർദ്ദേശിക്കുന്നു. വേറൊരാൾ അയാളെ പിന്താങ്ങുന്നു. ഒരുതരത്തിലുള്ള ചർച്ചയോ വിവാദമോ ഒന്നുമുണ്ടാകുകയില്ല. താങ്കൾ ഇന്നയാൾക്ക് വോട്ട് ചെയ്യണം എന്ന് അഭിപ്രായപ്പെടാനും കഴിയില്ല. ഇപ്രകാരം ഈ തിരഞ്ഞെടുപ്പ് നടപടി അങ്ങേയറ്റം നിർമലവും സ്വച്ഛവുമായിത്തീരുന്നു. ഏറ്റവും കൂടുതൽ വോട്ട് ലഭിക്കുന്നയാൾ ഖലീഫയായി തിരഞ്ഞെടുക്കപ്പെടുന്നു.

പ്രതിനിധി: താങ്കൾ ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടതിനുശേഷം നിരവധി രാജ്യങ്ങളിൽ പര്യടനം നടത്തുകയുണ്ടായി. അതിന്റെ ഉദ്ദേശ്യമെന്താണ്?

**ഹുദൂർ:** ജമാഅത്തിലെ ആളുകളെ കാണുന്നതിനും ജമഅത്തുകളെക്കുറിച്ച് വിലയിരുത്തുന്നതിനും വേണ്ടിയാണ് ഞാൻ വിവിധ രാജ്യങ്ങളിൽ പര്യടനം നടത്തുന്നത്. എന്റെ പര്യടനോദ്ദേശ്യം രാഷ്ട്രീയക്കാരേയോ ഭരണാധികാരികളേയോ കാണുക എന്നല്ല. പക്ഷേ, ആ പര്യടനങ്ങൾക്കിടയിൽ ഏതെങ്കിലും രാഷ്ട്രീയക്കാരൻ കാണാൻ വരികയോ അല്ലെങ്കിൽ തദ്ദേശ ജമാഅത്തിലെ സംഘാടകനുമായി നല്ല ബന്ധങ്ങളുള്ളവരെ പങ്കെടുപ്പിച്ച പരിപാടികൾ വെക്കുകയോ ചെയ്യുമ്പോൾ രാഷ്ട്രീയക്കാരും ഭരണാധികാരികളുമായി കൂടിക്കാഴ്ച വെക്കുകയാണെങ്കിൽ അവരെ കാണുകയും ചെയ്യുന്നു.

പ്രതിനിധി: താങ്കളുടെ ഖിലാഫത്ത് കാലത്ത് ഭീകരവാദങ്ങളും ഭീകരപ്രവർത്തനങ്ങളും വർധിച്ചിരിക്കുകയാണല്ലോ. താങ്കൾ താങ്കളുടെ ഖിലാഫത്തിന്റെ കാലഘട്ടവും മുൻകഴിഞ്ഞ ഖലീഫമാരുടെ കാലഘട്ടങ്ങളും തമ്മിൽ എങ്ങനെയാണ് താരതമ്യം ചെയ്യുന്നത്?

**ഹുദൂർ:** കഴിഞ്ഞുകടന്ന എല്ലാ ഖലീഫമാരും ഈ ജോലി തന്നെയാണ് ചെയ്തത്. ഞങ്ങൾക്ക് *"എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്"* എന്ന മുദ്രാവാക്യം നല്കിയത് മൂന്നാമത്തെ ഖലീഫയായിരുന്നു. ചില ഘട്ടങ്ങളിൽ ലോകത്തിന്റെ പ്രത്യേകമായ അവസ്ഥകളനുസരിച്ച് ചില പ്രത്യേക കാര്യങ്ങളിൽ സമ്മർദ്ദം ചെലുത്താറുണ്ട്. ഇക്കാലത്ത് ലോകത്തിന്റെ സമാധാനാവസ്ഥ പരിഗണിച്ച് സമാധാന സംസ്ഥാപനത്തിനാണ് കൂടുതൽ സമ്മർദ്ദം ചെലുത്തുന്നത്. ഞങ്ങൾ വാഗ്ദത്ത മസീഹ് എന്നും മഹ്ദിയെന്നും മനസ്സിലാക്കുന്ന അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകർ രണ്ട് അടിസ്ഥാനപരമായ ഉദ്ദേശ്യങ്ങളുമായാണ് വന്നിട്ടുള്ളത്. ഒന്ന് മനുഷ്യകുലത്തെ അവരുടെ സ്രഷ്ടാവിന്റെ അരികത്ത് കൊണ്ടുവരിക. രണ്ടാമത്തേത് മറ്റുള്ളവരോടുള്ള കടമ നിറവേറ്റണമെന്ന ബോധം ജനങ്ങളിൽ ഉണ്ടാക്കുക. സമൂഹത്തിൽ സമാധാനവും പ്രീതിയും ഐക്യവും ഉണ്ടാക്കുക. ആ മഹാത്മാവ് വന്നതിന്റെ ഉദ്ദേശ്യം ഈ രണ്ട് കാര്യങ്ങളാണ്. അദ്ദേഹത്തിന്റെ സകല ഖലീഫമാരും ഈ ഉദ്ദേശ്യങ്ങളുമായി പ്രവൃത്തിച്ചുകൊണ്ടിരിക്കുന്നു. അവസ്ഥകൾ മാറിക്കൊണ്ടിരിക്കുകയും സാധാരണനില വന്നുചേരുകയുമാണെങ്കിൽ ഞാൻ മറ്റു ചില പ്രശ്നങ്ങളിൽ കൂടുതൽ സമ്മർദ്ദം ചെലുത്തുന്നതായിരിക്കും. ഞാൻ ഇക്കാര്യത്തിൽ മാത്രമല്ല സംസാരിച്ചുകൊണ്ടിരിക്കുന്നത് മറ്റു പല പ്രശ്നങ്ങളേയും കാണാറുണ്ട്.

പ്രതിനിധി: അവസ്ഥകൾ സാധാരണനിലയിൽ വരുമെന്ന് താങ്കൾ കരുതുന്നുണ്ടോ?

**ഹുദൂർ:** ആളുകൾ ബോധവാന്മാരാകുന്നില്ലെങ്കിൽ മൂന്നാം ലോകമുണ്ടാകും. മൂന്നാംലോക മഹായുദ്ധം ഉണ്ടായിക്കഴിഞ്ഞാൽ ലോകത്തിലെ നേതാക്കന്മാർക്കും പൊതുജനങ്ങൾക്കും ബുദ്ധി ഉദിക്കുന്നതായിരിക്കും.

പ്രതിനിധി: മാൽമോയിലെ അവസ്ഥകളെക്കുറിച്ച് താങ്കൾക്കെത്രത്തോളമറിയാം എന്ന് എനിക്കറിയില്ല. എന്നാൽ, ഇവിടെ മാൽമോയിൽ ISISന്റെ ആളുകൾ പബ്ലിക്കിൽ പരസ്യമായി ചുറ്റിക്കറങ്ങിക്കൊണ്ടിരിക്കുന്നുവെന്നും തങ്ങളിലേക്ക് ആളുകളെ ചേർക്കുന്നുവെന്നുമുള്ള കിംവദന്തി വ്യാപിച്ചുകൊണ്ടിരിക്കുകയാണ്.

**ഹുദൂർ:** കരുതലോടെയും ജാഗരൂകരായും ഇരിക്കുകയും ഇവിടെ എന്താണ് നടക്കുന്നതെന്ന് നോക്കുകയും അതിനെ തടയാനുള്ള മാർഗമെന്താണെന്ന് ആലോചിക്കുകയും ചെയ്യേണ്ടത് ഇവിടെത്തെ ഭരണാധികളുടെയും സംഘടനകളുടേയും നിർബന്ധകടമയാണ്.

പ്രതിനിധി: അഹ്മദിയ്യാ ജമാഅത്തിന് ഇതിൽ എന്തെങ്കിലും ചെയ്യാൻ കഴിയുമോ?

**ഹുദൂർ:** അഹ്മദിയ്യാ ജമാഅത്തിനെ സംബന്ധിച്ചിടത്തോളം ഞങ്ങളെ റാഡിക്കുലൈസ് ചെയ്യാനോ ഞങ്ങളുടെ ആളുകളെ ഭീകരവാദികൾക്ക് തങ്ങളിൽ ചേർക്കാനോ സാധിക്കുകയില്ല. ഞങ്ങൾ സമാധാനകാംക്ഷികളായ ജമാഅത്താണ്. മറ്റു ഗ്രൂപ്പുകളെ സംബന്ധിച്ചിടത്തോളം അവരെക്കുറിച്ച് എനിക്കറിയില്ല. ഞാൻ ഇക്കാര്യം കേട്ടതുതന്നെ താങ്കളിൽനിന്നാണ്. ഏതെങ്കിലും മാർഗം മുഖേന താങ്കൾ ഇക്കാര്യം അറിഞ്ഞിട്ടുണ്ടെങ്കിൽ സർക്കാരിനോടും ഭരണാധികാരികളോടും താങ്കൾ ഇക്കാര്യം പറയേണ്ടതാണ്.

പ്രതിനിധി: ഞാനൊരു ആർട്ടിക്കിൾ വായിച്ചിരുന്നു. അതനുസരിച്ച് താങ്കൾ പോലിസിനെ കൂടുതൽ ആയുധധാരികളാക്കണം എന്നതിനോടു യോജിക്കുന്നുവെന്നാണ്?

**ഹുദൂർ:** ലണ്ടനിൽ നിയമം നടപ്പാക്കുന്നതിന് പോലീസിന്റെ കൈയിൽ ചെറിയചെറിയ വടികളാണുള്ളത്. അതുകൊണ്ട് അവർക്കെന്താണ് ചെയ്യാൻ കഴിയുക? മറുഭാഗത്ത് നഗരജീവിതത്തിൽ സമാധാനഭംഗമുണ്ടാക്കാനാഗ്രഹിക്കുന്നവരുടെ കൈയിൽ അത്യന്താധുനിക ആയുധങ്ങളാണുള്ളത്. പോലീസിനു അവരുമായി ഏറ്റുമുട്ടേണ്ടിവന്നാൽ അവർക്കെന്താണ് ചെയ്യാൻ കഴിയുക? അവരെ നേരിടുന്നതിന് പോലീസിന്റെ കൈയിലും അതേരീതിയിലുള്ള ആയുധങ്ങളുണ്ടായിരിക്കേണ്ടതാണ്.

പ്രതിനിധി: യൂറോപ്പിലെ യുവതലമുറ യൂറോപ്പ് വിട്ട് ISISൽ പ്രവേശിച്ചുകൊണ്ടിരിക്കുന്നു. അങ്ങയുടെ നോട്ടത്തിൽ അതിനു കാരണമെന്താണ്?

**ഹുദൂർ:** 2008-ലുണ്ടായ സാമ്പത്തിക പ്രതിസന്ധി കാരണം ലക്ഷക്കണക്കിന് ആളുകൾക്ക് തൊഴിലുകൾ നഷ്ടപ്പെട്ടു. അവർക്ക് ഉചിതമായതും അവരുടെ യോഗ്യതയ്ക്ക് ചേർന്നതും നിലവാരമനുസരിച്ചുള്ളതുമായ ജോലികൾ നല്കുകയാണെങ്കിൽ-കൂടുതൽ അല്ലെങ്കിലും അതവർക്കിഷ്ടപ്പെട്ടതാണെങ്കിൽ അതുമുഖേന താങ്കൾക്ക് തീർച്ചയായും, സാമൂഹിക കാരണങ്ങളുടെ അടിസ്ഥാനത്തിൽ റാഡിക്കുലൈസ്ഡ് ആയിക്കൊണ്ടിരിക്കുന്ന ആളുകളെ കുറച്ചുകൊണ്ടുവരാൻ സാധിക്കുന്നതാണ്.

പ്രതിനിധി: യൂറോപ്പിലെ കുടിയേറ്റപ്രശ്നത്തെ സംബന്ധിച്ച് താങ്കളുടെ അഭിപ്രായമെന്താണ്?

**ഹുദൂർ:** ആ അഭയാർഥികളുടെ എണ്ണം ലക്ഷക്കണക്കിന് ആയിക്കഴിഞ്ഞിരിക്കുന്നു. ഇവർക്കെല്ലാവർക്കും അഭയം നല്കാൻ പറ്റിയ ഒരു രാജ്യവും യൂറോപ്പിലില്ല. ഇതിന്റെ ഏറ്റവും ഉചിതമായ പരിഹാരം പ്രശ്നങ്ങൾക്ക് ഇരയായിക്കൊണ്ടിരിക്കുന്ന രാജ്യത്തെ അവരുടെ അയൽരാജ്യങ്ങൾ സാമ്പത്തികമായി സഹായിക്കുക എന്നതാണ്. അവിടെ ഇവരുടെ ക്യാമ്പ് ഉണ്ടാക്കുക. അഫ്ഘാനീ അഭയാർഥികൾ അഫ്ഘാനിസ്താനിൽനിന്ന് പുറത്തുവന്ന നേരത്ത് അവർ മറ്റു രാജ്യങ്ങളിലും പോയിരുന്നു. എന്നാൽ, അവരിൽ വലിയൊരു ഭാഗമെത്തിയത് പാക്കിസ്താനിലാണ്. അന്ന് അവർക്കുവേണ്ടി അവിടെ ക്യാമ്പുകൾ ഉണ്ടാക്കിയിരുന്നു. അവസ്ഥകൾ സാധാരണനിലയിലായപ്പോൾ ആ അഭയാർഥികളെ തിരിച്ച് അഫ്ഘാനിസ്താനിലേക്ക് അയക്കുകയും ചെയ്തു. ആ അഭയാർഥികളുടെ ഭക്ഷണവും താമസവും മറ്റു ആവശ്യങ്ങളും നിറവേറ്റുന്നതിന് ചില വൻശക്തികളും സമ്പന്നരാഷ്ട്രങ്ങളും പാക്കിസ്താൻ സർക്കാരിനെ സഹായിച്ചുകൊണ്ടിരുന്നു. അവസ്ഥകൾ സാധാരണ നിലയിലായപ്പോൾ ഈ ക്യാമ്പ് അവസാനിപ്പിച്ചു. അഭയാർഥികളെ തിരിച്ചയച്ചു. ഇക്കാലത്തും അതുതന്നെയാണ് ഏറ്റവും ഉത്തമമായ പരിഹാരം. ഇല്ലെങ്കിൽ അവരുടെ അഭയാർഥികളിൽ ആര്, എന്താണ് എന്നൊന്നും നിങ്ങൾക്കറിയുകയില്ല. ISIS പ്രതിനിധി പറയുന്നത് ഓരോ നാല്പത് അഭയാർഥിയിലും ഒരാൾ തങ്ങളുടെ അംഗമാണെന്നാണ്. അപ്പോൾ അവരെ നിങ്ങളെങ്ങനെയാണ് തിരിച്ചറിയുക? ഈ വിവരണം ഇപ്പോൾ റെക്കാർഡിൽ വന്നുകഴിഞ്ഞിട്ടുണ്ട്.

പ്രതിനിധി: താങ്കളുടെ അഭിപ്രായത്തിൽ അഭയാർഥികൾക്കുവേണ്ടി സ്വീഡൻ തങ്ങളുടെ വാതിലുകൾ തുറന്നത് അവരുടെ ലാളിത്യം കാരണത്താലാണോ?

**ഹുദൂർ:** സ്വീഡൻ എത്ര അഭയാർഥികളെ എടുക്കാനാണ് സഹായിച്ചത്?

പ്രതിനിധി: തുടക്കത്തിൽ പതിനായിരം അഭയാർഥികളെ എടുത്തു. ഇപ്പോൾ ഒരുലക്ഷത്തി അറുപതിനായിരത്തിനടുത്ത് അഭയാർഥികളെ എടുക്കാൻ പോകുന്നു.

**ഹുദൂർ:** അവരെ എവിടെയാണ് പാർപ്പിക്കുക? അവരെ ക്യാമ്പുകളിലാണോ പാർപ്പിക്കാൻ പോകുന്നത്? എവിടെയെങ്കിലും അവരെ പാർപ്പിക്കണമല്ലോ. അതുകൊണ്ട് എന്റെ നോട്ടത്തിൽ ഏറ്റവും ഉത്തമമായ പരിഹാരം ഇതുതന്നെയാണ്; അവരെ അയൽരാജ്യങ്ങളിൽ ക്യാമ്പുണ്ടാക്കി അവിടെ പാർപ്പിക്കുക. ഈ അഭയാർഥികളെക്കൊണ്ട് നിങ്ങളുടെ രാജ്യത്തിന് ഗുണമുണ്ടെന്ന് മനസ്സിലാക്കുന്നുവെങ്കിൽ, നിങ്ങൾക്ക് നിങ്ങളുടെ രാജ്യത്തുതന്നെ അവരെ വെക്കാവുന്നതാണ്. പക്ഷേ, ഈ അഭയാർഥികളെ രാജ്യത്തിനുള്ളിൽ പാർപ്പിക്കാനാണ് പദ്ധതിയെങ്കിൽ സർക്കാരിന് മുൻകരുതലുകളും ജാഗ്രതയും പാലിക്കേണ്ടതായിവരും. അവർ യഥാർഥത്തിൽ അഭയാർഥികൾ തന്നെയാണെന്ന് ഉറപ്പു വരുത്തേണ്ടതായി വരും.

പ്രതിനിധി: ഖലീഫ പോപ്പിനെ തിരഞ്ഞെടുക്കുന്നതുപോലെ തിരഞ്ഞെടുക്കപ്പെടുന്നുവെന്ന് താങ്കൾ ഇപ്പോൾ പറഞ്ഞുവല്ലോ. എപ്രകാരം കത്തോ

( ശേഷം പേജ് 16ൽ)

(പേജ് 2ൽനിന്ന്)

ചെയ്തുവെന്നാണ്. അതുകൊണ്ട് ഈവിധത്തിൽ വിശുദ്ധഖുർആൻ അതിന്റെ ലിപിയിലും സത്യമായ അർഥത്തിലും സന്ദേശത്തിലും സംരക്ഷിക്കപ്പെട്ടിട്ടുണ്ടെന്ന് ദൈവം ഉറപ്പുവരുത്തി.

അതിലുപരി, വിശുദ്ധഖുർആൻ സ്വയം ചൂണ്ടികാണിക്കുന്നത്, എത്രത്തോളം ശ്രദ്ധയോടുകൂടിയാണ് അതിന്റെ പരിശുദ്ധി ഉറപ്പുവരുത്താൻ അത് വെളിപ്പെടുത്തപ്പെട്ടിരിക്കുന്നത് എന്നാണ്. ഉദാഹരണമായി, അല്ലാഹു പറയുന്നത് വിശുദ്ധഖുർആൻ വെളിപാടായി ഇറങ്ങിയത് വളരെ സാവധാനത്തിലായിരുന്നു എന്നാണ്. അതുകാരണമായി നബി(സ)തിരുമേനിക്കും സ്വഹാബാക്കൾക്കും ബദ്ധപ്പെടാതെ ക്രമാനുസൃതമായും മുഴുവനായും വിശുദ്ധഖുർആൻ പഠിക്കാൻ കഴിഞ്ഞു.

*"ഖുർആനെ, നീ അതിനെ ജനങ്ങൾക്ക് നിറുത്തി നിറുത്തി ഓതിക്കേൾപ്പിക്കുന്നതിനുവേണ്ടി നാം പല ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. അതിനെ നാം ക്രമേണയായി ഇറക്കുകയും ചെയ്തു."* (17:107)

ഈ യാഥാർഥ്യം ചരിത്രംകൊണ്ട് തെളിയുന്നു. വിശുദ്ധഖുർആൻ 23 വർഷംകൊണ്ടാണ് വെളിപാടായിറങ്ങിയത്. ദൈവത്തിൽനിന്നുള്ള സന്ദേശം സുരക്ഷിതമായി വിശുദ്ധപ്രവാചകനും(സ)അദ്ദേഹം മുഖേന സ്വഹാബത്തിനും(റ)നൽകപ്പെട്ടു. ഇത് ഖുർആൻ വിസ്മരിക്കപ്പെടുന്നതിന് തടസ്സമായി. ഹൃദിസ്ഥമാക്കാനും ആവർത്തിക്കാനും ധാരാളം സമയം ലഭിച്ചതിനാൽ ചെറിയ കാര്യങ്ങൾ കൈകാര്യം ചെയ്യാൻ സാധിക്കുന്നരീതിയിൽ അത് നടന്നു. വാഗ്ദത്ത മസീഹ്(അ)ന്റെ മകനും അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ പണ്ഡിതനുമായ ഹദ്റത്ത് മിർസാ ബശീർ അഹ്മദ്(റ) കണക്കുകൂട്ടി പറഞ്ഞിട്ടുള്ളത്, ഒരു പ്രവാചകനെന്ന നിലയിൽ നബി(സ)തിരുമേനി കഴിച്ചുകൂട്ടിയത് 7970 ദിവസമായിരുന്നു എന്നാണ്. വിശുദ്ധഖുർആനിലെ സൂക്തങ്ങളുടെ എണ്ണം 6236 ആണ്. വിശുദ്ധഖുർആനിലെ വാക്കുകളുടെ എണ്ണം 77,934 ആണ്. ഇതിന്റെ അർഥം ശരാശരി ഖുർആന്റെ ഒരു സൂക്തത്തിൽ 12 വാക്കുകളുണ്ടെന്നാണ്. ദിനേനയുള്ള ശരാശരി ഖുർആൻ വെളിപാട് 9 വാക്കുകളാണ്. മറ്റു വാക്കുകളിൽ പറഞ്ഞാൽ വിശുദ്ധഖുർആൻ ഇറങ്ങിയത് എത്രത്തോളം സാവധാനത്തിലാണെന്നാൽ ഒരു മുഴുവൻ സൂക്തം ദിനാടിസ്ഥാനത്തിൽ ഇറങ്ങിയിട്ടില്ലെന്നതാണ്. ഇസ്‌ലാമിന്റെ ചില വിമർശകന്മാർ ആരോപിക്കുന്നത് ഖുർആൻ മുഴുവനും പെട്ടെന്ന് ഇറങ്ങണമെന്നായിരുന്നു. അതിന്റെ സാവധാനത്തിലുള്ള വെളിപാടിന്റെ കാരണത്തിൽ അവർ സംശയം പ്രകടിപ്പിക്കുന്നു.

നബി(സ)തിരുമേനിയുടെ കാലത്തുതന്നെ ഈ ആരോപണം ഉന്നയിക്കപ്പെട്ടിരുന്നു. വിശുദ്ധഖുർആൻ ഇപ്രകാരം അഭിസംബോധന ചെയ്യുന്നു:

*"അവിശ്വാസികൾ പറയുന്നു, എന്തുകൊണ്ട് വിശുദ്ധഖുർആൻ അദ്ദേഹത്തിന് പെട്ടെന്നിറങ്ങിയില്ല. നാം അത് അങ്ങനെ വെളിപാടിറക്കിയത് അതുമുഖേന നിന്റെ ഹൃദയത്തെ ശക്തിപ്പെടുത്താനാണ്. ഏറ്റവും ഉത്തമമായ രീതിയിലാണ് നാം അതിനെ ക്രമപ്പെടുത്തിയിരിക്കുന്നത്."* (25:33)

ഈ സൂക്തത്തിന്റെ വ്യാഖ്യാനത്തിൽ വാഗ്ദത്ത മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) എഴുതുന്നു: 'എന്തുകൊണ്ട് ഖുർആൻ വേഗത്തിൽ ഇറങ്ങിയില്ലെന്ന് അവിശ്വാസികൾ ചോദിക്കുന്നു.' ദൈവം പറയുന്നു, 'അത് അങ്ങനെത്തന്നെ ആവണമായിരുന്നു. അതുമുഖേന സമയാസമയങ്ങളിൽ നിന്റെ ഹൃദയം ശക്തിപ്പെടുത്താൻ വേണ്ടിയായിരുന്നു. ദൈവികജ്ഞാനവും മറ്റുവിധത്തിലുള്ള ജ്ഞാനങ്ങളും അനുയോജ്യമായനിലയിൽ അവയുടെ സ്വന്തം സമയത്താണ് പഠിപ്പിക്കപ്പെടുന്നത് എന്നതുകൊണ്ടുമായിരുന്നു. ഇതിന്റെ കാരണമെന്തെന്നാൽ അതിന്റെ സമയത്തിന് മുമ്പേ അത് മനസ്സിലാക്കാൻ പ്രയാസമായിരിക്കും. ഈ യുക്തിജ്ഞാനത്തോടെ ദൈവം വിശുദ്ധഖുർആൻ വെളിപാടിറക്കിയത് 23 വർഷം കൊണ്ടാണ്. അതുമുഖേന പ്രവചനങ്ങളും ഈ സമയത്തിനുള്ളിൽ പൂർത്തിയായി.'

## വിശുദ്ധഖുർആന്റെ എഴുത്തുകാർ

വിശുദ്ധഖുർആന്റെ സംരക്ഷണത്തിനുവേണ്ടി എടുത്ത മുൻകരുതലുകളിൽ ഒന്ന് നമുക്ക് പരിശോധിക്കാം. വിശുദ്ധഖുർആൻ എഴുതിരേഖപ്പെടുത്തിയത് നബി(സ)തിരുമേനിയുടെ സ്വഹാബാക്കളായിരുന്നു. അവർ ആയിരുന്നു വിശുദ്ധഖുർആൻ വെളിപാടുകൾ എഴുതിയെടുത്തിരുന്നതെന്ന് നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു.

എപ്പോഴെങ്കിലും ഒരു സൂക്തം വെളിപാടിറങ്ങിയാൽ നബി(സ)തിരുമേനി എഴുത്തുകാരിൽ ഒരാളെ വിളിക്കുമായിരുന്നു.

ഇതിന്റെ അർഥം നബി(സ)തിരുമേനിക്ക് ചില സ്വഹാബിമാർ എഴുതുവാനുണ്ടായിരുന്നു എന്നാണ്. ഫത്ഹുൽബാരി ഉദ്ധരിച്ചുകൊണ്ട് ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) 15 എഴുത്തുകാരുടെ ഒരു പട്ടിക നൽകുന്നുണ്ട്. അവരിൽ ഏറ്റവും പ്രധാനപ്പെട്ടയാൾ ഹദ്റത്ത് സയ്ദ് ബിൻ ഥാബിത് ആയിരുന്നു.

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിലെ ഒരു പണ്ഡിതനായ മൗലാനാ അഹ്സനുല്ലാഹ് സാഹിബ് ഡാനിഷ് നിരവധി ചരിത്രഗ്രന്ഥങ്ങൾ പരിശോധിക്കുകയും അവയിലുള്ള എഴുത്തുകാരുടെ പേരുകൾ പറയുകയും ചെയ്തിട്ടുണ്ട്. നബി(സ)തിരുമേനിയുടെ കാലത്ത് അങ്ങനെ 28 സ്വഹാബത്തുണ്ടായിരുന്നു. ചില ഗവേഷകന്മാർ അത്തരം എഴുത്തുകാർ 40 പേരുണ്ടായിരുന്നുവെന്ന് അദ്ദേഹം കുറിച്ചിടുന്നു. ഈ എല്ലാ ഗവേഷണങ്ങളും കാണിക്കുന്നത് വിദ്യാസമ്പന്നരായ ആ സ്വഹാബത്ത് വിശുദ്ധ ഖുർആൻ സുരക്ഷിതമാക്കിവെക്കാൻ അതിലെ സൂക്തങ്ങൾ എഴുതിവെക്കുന്നതിന് ഉത്സുകരായിരുന്നുവെന്നാണ്. അതുകൂടാതെ തുടക്കം മുതലേ ഇതുതന്നെയായിരുന്നു സമ്പ്രദായവും.

എഴുതിവയ്ക്കപ്പെട്ട വിശുദ്ധഖുർആന്റെ ചില ഭാഗങ്ങൾ തങ്ങളുടെ കൈവശംവയ്ക്കുക എന്നത് പൊതുവിൽ സ്വഹാബാക്കളുടെ(റ) പതിവായിരുന്നു. അങ്ങനെയുള്ള വിശുദ്ധഖുർആന്റെ കഷണങ്ങളെല്ലാം ഒരുമിച്ചുകൂട്ടിയാൽ വിശുദ്ധഖുർആന്റെ പരിപൂർണമായ പ്രതികൾ ഉണ്ടാക്കാൻ സാധിക്കുമായിരുന്നു. ഇതിനും ഉപരിയായി ചില സ്വഹാബാക്കൾ(റ) വിശുദ്ധഖുർആൻ മുഴുവൻ എഴുതി സൂക്ഷിച്ചിട്ടുണ്ടായിരുന്നു എന്നത് താഴെ കൊടുത്ത ഹദീഥി(നബി തിരുമേനി(സ)യുടെ കാലത്തുതന്നെ വാക്കാലുള്ള വചനങ്ങൾ എഴുതിയെടുക്കപ്പെട്ടത്)ൽനിന്ന് വ്യക്തമാകുന്നു.

ഖത്താദ നിവേദനം: ഞാൻ അനസ് ബിൻ മാലിക്കിനോട്(റ) ചോദിച്ചു, നബി(സ)തിരുമേനിയിൽനിന്ന് ആരാണ് വിശുദ്ധഖുർആൻ ശേഖരിച്ചത്? അദ്ദേഹം പറഞ്ഞു: 'നാലുപേർ, അവരെല്ലാവരും അൻസ്വാറായിരുന്നു. (മദീനാ പട്ടണത്തിൽ നിവസിച്ചിരുന്ന മുസ്‌ലിംകൾ). ഉബയ് ബിൻ കഅ്ബ്, മുആദ് ബിൻ ജബൽ, സയ്ദ് ബിൻ ഥാബിത്, പിന്നെ അബൂസയ്ദും(റ).

അനസ് ബിൻ മാലിക്ക്(റ) നിവേദനം: നബി(സ) തിരുമേനി ദിവംഗതനായപ്പോൾ നാലു വ്യക്തികളല്ലാതെ ആരും വിശുദ്ധഖുർആൻ ശേഖരിച്ചിരുന്നില്ല; അബുദർദ്ദാഅ്, മുആദ് ബിൻ ജബൽ, സയ്ദ് ബിൻ ഥാബിത്, അബൂ സയ്ദ്(റ).

ഈ രണ്ടു നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ നമുക്ക് തീരുമാനിക്കാൻ സാധിക്കുന്നത് ഹദ്റത്ത് അനസ്(റ)ന്റെ ഗോത്രത്തിൽനിന്നുമാത്രം അൻസ്വാറിൽനിന്നുള്ള നാലുപേർ നബി(സ)തിരുമേനിയുടെ കാലത്തുതന്നെ വിശുദ്ധഖുർആൻ എഴുതിയെടുത്തിട്ടുണ്ടായിരുന്നുവെന്നാണ്.

## ആദ്യത്തെ ഒറ്റ വാല്യം വിശുദ്ധഖുർആന്റെ കൈയെഴുത്തുപ്രതി

വിശുദ്ധഖുർആൻ ക്രോഡീകരണത്തെക്കുറിച്ചുള്ള ഗവേഷണത്തിന്റെ അടിസ്ഥാനത്തിൽ മൗലാനാ അഹ്സനുല്ലാഹ് സാഹിബ് ഡാനിഷ് എഴുതുന്നു: വിശുദ്ധഖുർആൻ മുഴുവനും സ്വഹാബാക്കൾ എഴുതിയിരുന്നുവെങ്കിലും ബൈന്റ് ചെയ്ത പുസ്തകരൂപത്തിൽ വിശുദ്ധഖുർആൻ നിലവിലുണ്ടായിരുന്നില്ല. അതുകൊണ്ടാണ് ഹദ്റത്ത് അബൂബക്കറി(റ)ന്റെ ഖിലാഫത്തുകാലത്ത് യമാമ യുദ്ധം നടക്കുകയും വിശുദ്ധഖുർആൻ ഹൃദിസ്ഥമാക്കിയ 500 മുസ്‌ലിംകൾ രക്തസാക്ഷികളാകുകയും ചെയ്തപ്പോൾ ഹദ്റത്ത് അബൂബക്കറിനോട്(റ) ഹദ്റത്ത് ഉമർ(റ) ഒരൊറ്റ വാല്യത്തിൽ വിശുദ്ധഖുർആൻ ക്രോഡീകരിക്കണമെന്ന് അഭിപ്രായപ്പെട്ടു. ഈ സംഭവം സ്വഹീഹ് ബുഖാരിയിൽ വിശദമായി വിവരിച്ചിരിക്കുന്നു. ഹദ്റത്ത് അബൂബക്കർ അങ്ങനെ ചെയ്യുന്നതിന് ശങ്കിച്ചിരുന്നു. എന്തെന്നാൽ, നബി(സ)തിരുമേനിയുടെ കാലത്ത് അങ്ങനെ ഒറ്റ വാല്യമായി ക്രോഡീകരിക്കപ്പെട്ടിരുന്നില്ല. ഒടുവിൽ ഈ ഉദ്യമത്തിന്റെ ആവശ്യകത അദ്ദേഹത്തിന് ബോധ്യമായപ്പോൾ ഈ ജോലി നിർവഹിക്കാൻ അദ്ദേഹം ഹദ്റത്ത് സയ്ദ് ബിൻ ഥാബിത്തിനെ ഏല്പിച്ചു. അദ്ദേഹം നബി(സ) തിരുമേനിയുടെ കാലത്തെ വിശ്വസ്തനും പ്രമുഖനുമായ എഴുത്തുകാരൻ ആയിരുന്നു എന്നതാണ് അതിനു കാരണം.

നബി(സ)തിരുമേനിയുടെ കാലത്ത് അങ്ങനെ ചെയ്തിട്ടില്ലെന്നും അതിനാൽ ഇത് വിശുദ്ധഖുർആൻ എഴുതാനുള്ള ആദ്യത്തെ ശ്രമമാണെന്നും ഹദ്റത്ത് അബൂബക്കർ(റ)പറഞ്ഞുവെന്നുള്ള കാര്യമാണ് വിമർശകർ ആരോപിക്കുന്നത്. ഈ ആക്ഷേപത്തിനുള്ള കാരണം അറബിഭാഷയെ കുറിച്ച് പരിജ്ഞാനമില്ലാത്തതാണ്. ഹദ്റത്ത മിർസാ ബശീറുദ്ദീൻ മഹ്മൂദ്(റ) ചൂണ്ടിക്കാണിക്കുന്നത് ഹദ്റത്ത് ഉമർ(റ) ഹദ്റത്ത് അബൂബക്കർ(റ)നോടു പറഞ്ഞതായുള്ള നിവേദനത്തിന്റെ അർഥത്തിൽ ഇതുമുണ്ടായിരുന്നു എന്നാണ്.

ഇതിന്റെ അർഥം വിശുദ്ധഖുർആൻ സമാഹരിക്കാൻ താങ്കൾ കല്പന പുറപ്പെടുവിക്കുക എന്നു ഞാൻ അഭിപ്രായപ്പെടുന്നുവെന്നാണ്. മറ്റു വാക്കുകളിൽ പറഞ്ഞാൽ വിശുദ്ധഖുർആൻ എഴുതിയെടുക്കണമെന്ന് അഭിപ്രായപ്പെടുകയായിരുന്നില്ല അദ്ദേഹം. എന്തെന്നാൽ അത് ആദ്യമേ ചെയ്യപ്പെട്ടതാണ്. അദ്ദേഹം അഭിപ്രായപ്പെട്ടത്, വിശുദ്ധഖുർആൻ പൂർണമായും ഒരൊറ്റ വാല്യമായി ശേഖരിക്കണമെന്നായിരുന്നു. അതേപ്രകാരം ഹദ്റത്ത് അബൂബക്കർ, ഹദ്റത്ത് സയ്ദി(റ)നെ വിളിച്ചുപറഞ്ഞത് 'ഇജ്മഅ്' അതായത് അദ്ദേഹം അത് ഒരു സ്ഥലത്ത് സമാഹരിക്കണം എന്നാണ്. ഹദ്റത്ത് അബൂബക്കർ(റ) സയ്ദി(റ)നോടു പറഞ്ഞത് ആദ്യമായി അത് എഴുതിയെടുക്കണം എന്നല്ല. ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) ഇങ്ങനെ പറഞ്ഞുകൊണ്ട് ഉപസംഹരിക്കുന്നു. ഈ വാക്കുകൾ സ്വയം നമുക്ക് മനസ്സിലാക്കിത്തരുന്നത് അവരുടെ മുമ്പിലുണ്ടായി

# ദേശീയ പുസ്തകോത്സവത്തിൽ ഇസ്‌ലാം ഇന്റർനാഷണൽ ബുക്ക്സ്റ്റാൾ

**തൃശൂർ:** തൃശ്ശൂർ കേരള സാഹിത്യ അക്കാദമിയിൽ നടക്കുന്ന ദേശീയ പുസ്തകോത്സവത്തോടനുബന്ധിച്ച് ഇസ്‌ലാം ഇന്റർനാഷണൽ പബ്ളിക്കേഷൻ വിപുലമായ പുസ്തകശാല ചേലക്കര ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചു. ഫെബ്രുവരി 2 മുതൽ 11 വരെ നടന്ന പുസ്തകോത്സവത്തിന്റെ ഭാഗമായി 'ആഗോള പ്രതിസന്ധിയും സമാധാനത്തിലേക്കുള്ള പാതയും' 'നമ്മുടെ ദൈവം' എന്നീ പുസ്തകങ്ങൾ പ്രകാശനം ചെയ്യപ്പെട്ടു. അക്കാദമിയിൽ ചേർന്ന പൊതുയോഗത്തിൽ സി.ഷമീം (ഇസ്‌ലാം ഇന്റർനാഷണൽ കേരള) ബഹു: എച്ച്. സുലൈമാൻ മാസ്റ്റർ (ജില്ലാ അമീർ, ജമാഅത്ത് അഹ്മദിയ്യ പാലക്കാട്) മൗലവി ഫാഹിൻ സാ ഹിബ് (ഇൻചാർജ് മുബല്ലിഗ് പാലക്കാട് & തൃശ്ശൂർ) പ്രഫസർ ബി.മഹ്മൂദ് അഹ്മദ്, പ്രഫസർ ഡോ: ഇഫ്തികാർ അഹ്മദ്, മൗലവി ഉസാം അഹ്മദ് സാഹിബ്, മൗലവി മുഹമ്മദ് ഇസ്മായിൽ സാഹിബ് ആലപ്പുഴ എന്നിവർ പ്രസംഗിച്ചു. പുസ്തകങ്ങൾ ബഹു: എച്ച്.സുലൈമാൻ സാഹിബ് പ്രഫസർ ബി.മഹ്മൂദ് അഹ്മദ് സാഹിബിനു നൽകി കൊണ്ട് പ്രകാശനം നിർവഹിച്ചു. പ്രഫസർ ഡോ: ഇഫ്തികാർ അഹ്മദ് പുസ്തകങ്ങളെ പരിചയപ്പെടുത്തി. മൗലവി ഗുലാം അഹ്മദ് സാഹിബിന്റെ തിലാവത്തോടെ ആരംഭിച്ച യോഗം നസീർ അഹ്മദ് സാഹിബിന്റെ നന്ദിയോടെ അവസാനിച്ചു. പുസ്തകോത്സവത്തിൽ പങ്കെടുത്ത 70ൽ പരം സ്റ്റാളുകളിൽ ഏറ്റവും നല്ല രണ്ടാമത്തെ സ്റ്റാളിനുള്ള പ്രശസ്തി ഫലകവും ട്രോഫിയും അവാർഡും ഇസ്‌ലാം ഇന്റർനാഷണൽ ബുക്ക്സ്റ്റാൾ കരസ്ഥമാക്കി.

EDITOR
H.Shamsuddin
Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian
Distt. Gurdaspur (Pb.) INDIA Qadian - 143516

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

POSTAL REG NO GDP- 44/2017-2019 Vol-4 Thursday 04 April 2019 Issue-14

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

രുന്ന പ്രശ്നം വിശുദ്ധഖുർആന്റെ പേജുകൾ ഒരൊറ്റ വാള്യമായിരിക്കണം എന്നതായിരുന്നു. അവർ അത് എഴുതിയെടുക്കുന്നതിനെ സംബന്ധിച്ചായിരുന്നില്ല.”

ഈ നിവേദനത്തെ വിമർശകന്മാർ ചിത്രീകരിക്കുന്നതിനു വിപരീതമായി, യഥാർഥത്തിൽ കാണിക്കുന്നത്, വിശുദ്ധഖുർആന്റെ പരിശുദ്ധി സുരക്ഷിതമാക്കാൻ സ്വഹാബാക്കൾ(റ) എത്രത്തോളം കഠിനാധ്വാനം ചെയ്തു എന്നതാണ്. നിവേദനസമയത്തിനു മുമ്പേതന്നെ വിശുദ്ധഖുർആൻ പൂർണമായും പല സ്വഹാബാക്കളാലും എഴുതിയെടുക്കപ്പെട്ടിട്ടുണ്ട്. പല സ്വഹാബാക്കളും അത് മുഴുവനായും ഹൃദിസ്ഥമാക്കിയിട്ടുമുണ്ട്. പലപ്പോഴായി അത് പാരായണം ചെയ്യപ്പെടുകയും ഹൃദിസ്ഥമാക്കപ്പെടുകയും പഠിപ്പിക്കപ്പെടുകയും ചർച്ച ചെയ്യപ്പെടുകയും ഉദ്ധരിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഇതിനെല്ലാമുപരിയായി സഹാബാക്കൾ(റ) ഒരു പടികൂടി മുന്നോട്ടുപോകാൻ ആഗ്രഹിച്ചു. വിശുദ്ധഖുർആൻ മുഴുവൻ ഒരൊറ്റ വാള്യത്തിലാക്കി. എന്തൊരു ശ്രദ്ധേയമായ ആത്മാർഥത നിറഞ്ഞ സേവനമാണ് അവർ വിശുദ്ധഖുർആന് ചെയ്തത്.

ഈ തെളിവുകളുടെ വെളിച്ചത്തിൽ ഇനിയും വിശുദ്ധഖുർആൻ അശുദ്ധമായിപ്പോയെന്ന് ഊഹിക്കാൻ കഴിയുമോ? അതിലുപരി എന്തുകൊണ്ട് നബി(സ)തിരുമേനിയുടെ കാലത്ത് കൈയെഴുത്തുപ്രതിയുടെ ഒരൊറ്റ വാള്യം എന്നതിന്റെ കാരണം വിശുദ്ധഖുർആൻ നബി(സ)തിരുമേനിക്ക് നിരന്തരമായി ഇറങ്ങിക്കൊണ്ടിരിക്കയായിരുന്നു എന്നതാണ്. വിശുദ്ധഖുർആൻ വെളിപാട് അവസാനിച്ചോ എന്ന് അറിയാൻ സാധിക്കുമായിരുന്നില്ല. എന്നിരിക്കിലും നബി(സ)തിരുമേനി വഫാത്തായപ്പോൾ വിശുദ്ധഖുർആൻ വെളിപാട് അവസാനിച്ചു എന്നു മനസ്സിലായി. വിശുദ്ധഖുർആൻ ഒരൊറ്റ ഗ്രന്ഥമായി ശേഖരിക്കാൻ സാധിച്ചു.

വിശുദ്ധഖുർആന്റെ ക്രോഡീകരണം, ക്രമീകരണം, വെളിപാട് എന്നീ വിഷയങ്ങളിലുള്ള ശ്രദ്ധേയമായ ഒരു ഗ്രന്ഥത്തിൽ ‘അൽ ഇത്ഖാൻ ഫീ ഉലൂമിൽ ഖുർആൻ’ ഹദ്റത്ത് ഇമാം സൂയൂത്തി(റഹ്) വിശുദ്ധഖുർആന്റെ ആദ്യത്തെ വാള്യം ഒരുമിച്ചുകൂട്ടുന്നതിനും അതിനു കൈക്കൊണ്ട മുൻകരുതലുകളെ കുറിച്ചും എഴുതുന്നത് നിവേദനം ചെയ്യപ്പെട്ട ഹദീഥുകളുടെ വെളിച്ചത്തിൽ, ഹദ്റത്ത് സയ്ദ്(റ) സ്വയം തന്നെ ഒരു ഹാഫിള്(വിശുദ്ധഖുർആൻ മുഴുവൻ ഹൃദിസ്ഥമാക്കിയ വ്യക്തി) ആയിരുന്നിട്ടും ഓരോ സൂക്തത്തിനും എഴുത്തുരൂപത്തിലും അതുപോലെ ഹൃദിസ്ഥമാക്കിയ രൂപത്തിലും തന്നോടു തയ്യാറാക്കാൻ പറയപ്പെട്ട ഒരൊറ്റ വാള്യം വിശുദ്ധഖുർആനിൽ ചേർക്കുന്നതിനു മുമ്പേ സാക്ഷികളെത്തേടി എന്ന് മനസ്സിലാക്കണം എന്നതാണ്. പിന്നെ ഇമാം ജലാലുദ്ദീൻ(റഹ്) പറയുന്നു:

“അബൂദാവൂദ്(റ) നിവേദനം: അബൂബക്കർ(റ) ഉമറിനോടും(റ) സയ്ദി(റ)നോടും പറഞ്ഞു, ‘മസ്ജിദിന്റെ പ്രവേശനകവാടത്തിൽ ഇരിക്കുക. അല്ലാഹുവിന്റെ ഗ്രന്ഥ(വിശുദ്ധഖുർആൻ)ത്തിൽനിന്ന് ഏതെങ്കിലും ഭാഗം കൊണ്ടുവരുന്നവരായാലും രണ്ടു സാക്ഷികളുടെ പിന്തുണയോടെ അത് എഴുതിയെടുക്കുക. ഇബ്നു ഹജർ പറയുന്നു: രണ്ടു സാക്ഷി എന്നതിന്റെ പരാമർശം രണ്ട് രൂപകല്പനയെന്നാണ്. അതായത് മനഃപാഠമാക്കിയതും എഴുതിയതും. തന്റെ ഗ്രന്ഥമായ ‘മാലുൽഖുറ’യിൽ സഖവി എഴുതുന്നു: ഇതിന്റെ അർഥം, അത് നബി(സ)തിരുമേനിയുടെ മുന്നിൽവച്ച് എഴുതിയതാണെന്ന് രണ്ടു സാക്ഷികൾ സാക്ഷ്യം വഹിക്കണം എന്നാണ്. അബൂ ശമാ പറയുന്നു: “നബി(സ)തിരുമേനിയുടെ സാന്നിധ്യത്തിൽ എഴുതപ്പെട്ട അതേ വാക്കുകളിൽത്തന്നെയാണ് വിശുദ്ധഖുർആൻ എഴുതിയെടുക്കപ്പെട്ടത്.

(തുടരും)

# അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ പരമോന്നത നേതാവ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹ് അപലപിച്ചു

2019 മാർച്ച് 15 വെള്ളിയാഴ്ച ന്യൂസിലാൻഡിലെ ക്രൈസ്റ്റ്ചർച്ചിലുള്ള അന്നൂർ മസ്ജിദിലും ലിൻവുഡിലെ ഇസ്‌ലാമിക് സെന്ററിലും ജുമുഅ നമസ്കാരത്തിൽ പങ്കെടുക്കവേ 49പേരെ ഓസ്ട്രേലിയൻ വംശജനും വലതുപക്ഷ ഭീകരനുമായ ബ്രെൻറൻ ടാരന്റ് വെടിയുതിർത്ത് ശഹീദാക്കിയതിൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ പരമോന്നത നേതാവ് അമീറുൽമുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ശക്തമായി അപലപിച്ചു. ലണ്ടനിൽനിന്ന് പുറപ്പെടുവിച്ച വാർത്താകുറിപ്പിൽ അദ്ദേഹം പറഞ്ഞു:

‘ഞാൻ അഖിലലോക അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ഭാഗത്തുനിന്ന് ക്രൈസ്റ്റ്ചർച്ചിൽ നടന്ന തീവ്രവാദി ആക്രമണത്തിന് ഇരയായവരോടുള്ള അതിയായ സഹാനുഭൂതിയും അനുശോചനവും അറിയിക്കുന്നു. ഇത്തരത്തിലുള്ള ഹീനവും നിർദയവുമായ ആക്രമണങ്ങൾ രൂക്ഷമായ ഭാഷയിൽ വിമർശിക്കപ്പെടേണ്ടതുണ്ട്. ഈ അതിദാരുണമായ സംഭവത്തിൽ ആരാധനാകർമങ്ങൾ നിർവഹിക്കാൻ ഒരുമിച്ചുകൂടിയ ഒരു കൂട്ടം നിഷ്കളങ്കരായ മുസ്‌ലീംകളുടെ ജീവൻ പൊലിഞ്ഞു. ജാതിമതവിശ്വാസ ഭേദമന്യേ എല്ലാ ജനങ്ങൾക്കും ശാന്തിയോടുകൂടി ആരാധനാകർമങ്ങൾ നടത്താനുള്ള അവകാശമുണ്ട്. ഈ ഭയാനക സംഭവവികാസത്തെ വികസിത ലോകത്തിലെ മറ്റു രാജ്യങ്ങൾ ഒരു പാഠവും മുന്നറയിപ്പുമായി കണക്കാക്കേണ്ടതാണ്. സകല രൂപത്തിലുമുള്ള വംശീയവും വർഗീയവും മതപരവുമായ വിദ്വേഷങ്ങൾക്ക് അറുതി വരുത്താൻ നാമെല്ലാവരും വിവേകപൂർവം കൈകോർക്കേണ്ടതാണ്.

“ഇത്തരം ആക്രമണങ്ങൾക്ക് ഇരയായവർക്കും അവയുടെ തിക്തഫലങ്ങൾ അനുഭവിക്കുന്നവർക്കും വേണ്ടി ഞങ്ങളുടെ ഹൃദയങ്ങൾ പ്രാർഥനാനിർഭരമാണ്. കൃത്യം നടത്തിയ അപരാധികളെ ഉടനടി നിയമത്തിനുമുമ്പിൽ കൊണ്ടുവരാനാകട്ടെ.”

★★★

(പേജ് 14ൽനിന്ന്)

ലിക്ക ചർച്ച് സന്താന നിയന്ത്രണത്തിനും സ്വർഗരതി തുടങ്ങിയ കാര്യങ്ങളിലും തങ്ങളുടെ ഉള്ളിൽ ആധുനിക കാലഘട്ടത്തിന്റെ അടിസ്ഥാനത്തിൽ മാറ്റങ്ങൾ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. താങ്കളും ഖലീഫ എന്ന നിലയിൽ ഇങ്ങനെയാണോ ചിന്തിക്കുന്നത്?

**ഹുദൂർ:** ഞാൻ വെറും ഇസ്‌ലാമികാധ്യാപനങ്ങൾ പിൻപറ്റേണ്ടയാളാണ്. വിശുദ്ധഖുർആൻ അവസാനത്തെ ന്യായപ്രമാണ ഗ്രന്ഥമാണെന്നുള്ളതാണ് ഞങ്ങളുടെ വിശ്വാസം. അതിൽ കുടുംബകാര്യങ്ങൾ മുതൽ ആഗോള കാര്യങ്ങൾ വരെയുള്ള എല്ലാ വശത്തെ സംബന്ധിച്ചും മാർഗദർശനം നല്കപ്പെട്ടിരിക്കുന്നു. അതുകൊണ്ട് ഒരു കാര്യവും ഞങ്ങൾക്ക് മാറ്റേണ്ടി വരുന്നില്ല. പോപ്പിനെ സംബന്ധിച്ചിടത്തോളം അദ്ദേഹം ഒരിക്കലും സ്വവർഗരതി അനുവദനീയമാണെന്ന് പറഞ്ഞിട്ടില്ല എന്നാണ് എന്റെ അഭിപ്രായം. കാരണം ബൈബിളിൽ വളരെ വ്യക്തമായി സ്വവർഗരതി അനുവദനീയമല്ലാത്ത പണിയാണെന്ന് എഴുതിയിരിക്കുന്നു. ബൈബിളിൽ ലൂതിന്റെ ജനതയെ കുറിച്ച് വിശദീകരിച്ച് പറഞ്ഞിരിക്കുന്നു; അവർ തങ്ങളുടെ ദുഷ്പ്രവൃത്തി കാരണത്താൽ എങ്ങനെയാണ് നശിപ്പിക്കപ്പെട്ടതെന്ന്. എന്റെ അഭിപ്രായത്തിൽ ഇത് കുറച്ചാളുകളുടെ പ്രശ്നമാണ്. അത് പ്രചരിപ്പിക്കേണ്ട ആവശ്യമെന്താണ്? അതിനുവേണ്ടി നിയമം നടപ്പിലാക്കേണ്ട ആശ്യമെന്താണ്? സന്താനനിയന്ത്രണത്തെ സംബന്ധിച്ചിടത്തോളം ആവശ്യമാണെങ്കിൽ ഇസ്‌ലാം അത് അനുവദിക്കുന്നു. ഇസ്‌ലാം സ്ത്രീകൾക്ക് അവരുടെ അനുവദനീയമായ അവകാശം നല്കുന്നു. അവർക്ക് അനന്തരാവകാശം നല്കുന്നു. അവർക്ക് സ്വയം വിവാഹബന്ധം പിരിയാൻ, ഖുൽഅ് അനുവദിക്കുന്നു. ഇപ്രകാരംതന്നെ സ്ത്രീകളുടെ മറ്റവകാശങ്ങളുമുണ്ട്. നമ്മുടെ മതത്തിൽ ആദ്യമേതന്നെ പുതുമയുണ്ട്. അതിൽ കൂടുതൽ പുതുമയുണ്ടാക്കേണ്ട ആവശ്യമെന്താണ്?

പ്രതിനിധി: അങ്ങ് അങ്ങയെ ഫെമിനിസ്റ്റ് എന്നു പറയുന്നുണ്ടോ?

**ഹുദൂർ:** ഞാൻ എല്ലാ ഓരോരുത്തരുടേയും അവകാശങ്ങൾ നിർവഹിക്കുന്നു; അവർ പുരുഷനാവട്ടെ, സ്ത്രീയാവട്ടെ, വൃദ്ധനാവട്ടെ യുവാവാകട്ടെ. സ്ത്രീകളുടേയും പുരുഷന്മാരുടേയും അവകാശങ്ങൾ തുല്യമാണ്. ഞങ്ങൾ ഫെമിനിസ്റ്റുകളല്ല, സ്ത്രീകളുടെ അവകാശങ്ങൾ ധ്വംസിക്കുന്നവരുമല്ല.

അവസാനം പത്രപ്രതിനിധി ഹുദൂറിന് നന്ദി പറഞ്ഞു. താൻ മസ്ജിദിന്റെ ഉള്ളിൽപോയി ഹുദൂറുമൊത്ത് ഫോട്ടോയെടുക്കാൻ ആഗ്രഹിക്കുന്നുവെന്ന് അപേക്ഷിച്ചു. ഹുദൂർ വാത്സല്യത്തോടെ ഫോട്ടോയെടുക്കാൻ അനുവാദം നല്കി. ഈ അഭിമുഖം 4.05ന് സമാപിച്ചു. തുടർന്ന് ഹുദൂർ തന്റെ താമസസ്ഥലത്തേക്ക് പോയി.

(തുടരും)

## അല്ലാഹുവിന്റെ കലാം

***മാലക്കും മ്മിൻദൂനില്ലാഹി മിൻ വ്വലിയ്യിൻ വ്വലാ നസ്വീർ(2:108)***

**“അല്ലാഹു അല്ലാതെ നിങ്ങൾക്ക് ഒരു രക്ഷാധികാരിയോ സഹായിയോ ഇല്ലെന്ന് നിങ്ങൾ അറിഞ്ഞിട്ടില്ലേ?”**

**ത്വാലിബെ ദുആ**
**P.P.Raheem & Family**
**Ahmadiyya Jama-ath Payangadi, Kerala.**

## കലാമുൽ ഇമാം:-

**“വിശുദ്ധഖുർആൻ മനസ്സിലാക്കുന്നതിനും അതനുസരിച്ച് സന്മാർഗം പ്രാപിക്കുന്നതിനും തഖ്‌വ അത്യാവശ്യമായ മൂലധനമാണ്.”**
**(മൽഫൂദാത്ത്, വാല്യം 5, പേജ് 121)**

**ത്വാലിബെ ദുആ:**
**K.Muhammad Shareef & Family**
**Ahmadiyya Jama-ath Vaniyambalam, Kerala.**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin